VOL NO: 05 | ISSUE 24
www.nerpatham.com
mail@nerpatham.com
2021 JUNE 12 | ₹12

# നേർപഥം
വാരിക

# വംശവെറിയുടെ കനേഡിയൻ രോദനം



ലോകം മുഴുവൻ വിറങ്ങലിച്ചുനിൽക്കുന്ന കോവിഡ് നിയന്ത്രണങ്ങൾക്കിടയിലും വംശവെറിയുടെ പാരമ്യതമൂത്ത് കാനഡയിൽ ഒരു തീവ്രവാദി മുസ്‌ലിം കുടുംബത്തെ ട്രക്കിടിച്ചു കൂട്ടക്കൊല നടത്തിയ വാർത്ത സൃഷ്ടിച്ച ഞെട്ടൽ ചില്ലറയല്ല. എന്നാൽ കാനഡ ഭരണകൂടം അതിനോട് സ്വീകരിച്ച നിലപാട് ശുഭോദർക്കമാണെന്നത് മാത്രമാണ് ആശ്വാസം.

- അറുതിയില്ലാത്ത ഇസ്‌ലാമോഫോബിയ!

- ആരാണ് ഏറ്റവും നല്ലവൻ?
- നബിﷺയുടെ പേരിലുള്ള കള്ളക്കഥകൾ
- ഈ ദുനിയാവിങ്ങനെയാണെങ്കിൽ നാമിനി എന്തു ചെയ്യണം?

# WISDOM BOOKS

**PUBLISHING || DISTRIBUTION**

Wisdom Books | E.K.P Building | Calicut
Web: www.wisdomislam.org | Email: publication@wisdomislam.org
0495 4019437  9207525244

## പുതിയ പുസ്തകങ്ങൾ

| | | |
|---|---|---|
| 1. മുഹമ്മദ് നബി(സ്വ) ചരിത്ര സംഗ്രഹം | അബ്ദുല്ലത്തീഫ് സുല്ലമി മാറഞ്ചേരി | ₹ 180 |
| 2. വീക്ഷണ വ്യത്യാസങ്ങൾ നേരായ സമീപനം | കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ | ₹ 40 |
| 3. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 3 | ഹുസൈൻ സലഫി | ₹ 150 |
| 4. ഐ.എസിന്റെ മതമേത്? | അബ്ദുൽ മാലിക് സലഫി | ₹ 100 |
| 5. പ്രവാചക കുടുംബവും സ്വഹാബത്തും | വിവർത്തനം: പി.എൻ.അബ്ദുല്ലത്തീഫ് മദനി | ₹ 60 |
| 6. ഇബാദത്ത്: അർഥവും വ്യാഖ്യാനവും | അൻവർ അബൂബക്കർ | ₹ 65 |
| 7. പൗരത്വ നിഷേധവും ഇസ്‌ലാമിക സമൂഹവും | സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി | ₹ 75 |
| 8. മഹാമാരി: 100 കർമശാസ്ത്ര വിധികൾ | ഫൈസൽ മൗലവി പുതുപ്പറമ്പ് | ₹ 50 |
| 9. പൗരത്വം, ഫാഷിസം, മതനിരപേക്ഷത | ഡോ. കെ.ഇ.എൻ / ഡോ. സി മുഹമ്മദ് റാഫി | ₹ 100 |
| 10. വിശ്വാസ കാര്യങ്ങൾ, ഭാഗം: ഒന്ന് / അല്ലാഹു | ഉമർകോയ മദീനി | ₹ 200 |
| 11. ഉത്തമ സ്വഭാവങ്ങൾ | അബ്ദുൽ ജബ്ബാർ മദീനി | ₹ 250 |
| 12. പ്രാർഥനയുടെ അത്ഭുതങ്ങൾ | സഅഫർ സ്വാദിഖ് മദീനി | ₹ 170 |



0230
# നേർപഥം
വാരിക

2021 ജൂൺ 12
1442 ദുൽഖഅ്ദ 01
പുസ്തകം 05 / ലക്കം 24

Printed, published and owned by
K. Sajjad


Printed at Sprint Offset Printers
Kozhikode
Published at Kozhikode I 673002

Editor: Usman Palakkazhi
Chief Editor: Anil Primrose
Web Editor: Haseeb Elayur
Design, Cover & Layout:
Elan Creativo

Nerpatham Weekly I PB No: 597
EKP Complex I Kallai Road
Kozhikode 2 I Kerala I India
Ph: 0495 4019437

mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly



10
വംശവെറിയുടെ കനേഡിയൻ രോദനം
സജ്ജാദ് ബിൻ അബ്ദുറസാക്വ്

05
വിവർത്തനം
അറുതിയില്ലാത്ത ഇസ്‌ലാമോഫോബിയ!
എഡിറ്റർ

19
പുനർവായന
ഈ ദുനിയാവിങ്ങനെയാണെങ്കിൽ നാമിനി എന്തു ചെയ്യണം?!
ടി.എ കരീം

28
വിവർത്തനം
ആരാധനകൾക്കൊരു ആമുഖം
ശമീർ മദീനി

16
ചരിത്രപഥം
നബി(സ്വ)യുടെ പേരിലുള്ള കള്ളക്കഥകൾ
ഹുസൈൻ സലഫി, ഷാർജ

33
ഓർമക്കുറിപ്പ്
അങ്ങനെയും ഒരു കാലം
സലാം സുറുമ എടത്തനാട്ടുകര

25
ലേഖനം
ആരാണ് ഏറ്റവും നല്ലവൻ?
ദുൽക്കർഷാൻ അലനല്ലൂർ

34
കവിത
ഉണങ്ങിക്കിളിർത്തത്
വിനോദ് ചെത്തല്ലൂർ

ചലനങ്ങൾ

# ലക്ഷദ്വീപിലെ രൂക്ഷമായ മരുന്ന് ക്ഷാമത്തിന് ആശ്വാസവുമായി വിസ്ഡം 'സ്നേഹസ്പർശം'

കോഴിക്കോട്: കോവിഡ് വ്യാപനം മൂലം മരുന്ന് ക്ഷാമം രൂക്ഷമായ ദ്വീപ് മേഖലയിലേക്ക് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷന്റെ സ്നേഹസ്പർശം.

അമിനി, കടമത്ത് ദ്വീപുകളിലേക്കാണ് ജീവൻ രക്ഷാ മരുന്നുകൾ ബേപ്പൂരിൽനിന്ന് ഷിപ്പ് കാർഗോ വഴി അയച്ചത്. കോവിഡ് വ്യാപനം വർധിച്ചു കൊണ്ടിരിക്കുന്ന ഇവിടങ്ങളിൽ അവശ്യ മരുന്നുകൾ ഉൾപ്പെടെ ഉള്ളതിന് വലിയ ക്ഷാമമാണ് നേരിട്ട് കൊണ്ടിരിക്കുന്നത്. രണ്ട് ദ്വീപുകളിലെയും കമ്മ്യൂണിറ്റി ഹെൽത്ത് സെൻററുകളിലേക്കാണ് കവരത്തിയിലെ റിലീഫ് ഫോറം വഴി ജീവൻ രക്ഷാമരുന്നുകൾ, മെഡിക്കൽ ഉപകരണങ്ങൾ, ഗ്ലൗസ് ഉൾപ്പെടെയുള്ള മരുന്നുകൾ അയച്ചത്.

കോവിഡ് രോഗികൾ ശ്രദ്ധിക്കേണ്ട ചികിത്സാ സംബന്ധമായ കാര്യങ്ങൾ, ചികിത്സാരീതികൾ എന്നിവ സംബന്ധിച്ച ബോധവൽക്കരണം, ഭക്ഷണ ക്കിറ്റ് വിതരണം, സാമ്പത്തിക സഹായം, ചികിത്സാ സഹായം, ക്വാറൻറയ്നിൽ കഴിയുന്ന കുടുംബങ്ങൾക്കുള്ള സഹായം, സ്വകാര്യ ആശുപത്രികളുമായി സഹകരിച്ചുള്ള കോവിഡ് ചികിത്സാപദ്ധതി എന്നിവയാണ് പ്രധാനമായും സംഘടനയുടെ ആഭിമുഖ്യത്തിൽ കോവിഡ് കെയറിന്റെ ഭാഗമായി നടന്നുവരുന്നത്.

ബേപ്പൂർ പോർട്ടിൽ നടന്ന ചടങ്ങിൽ കോഴിക്കോട് ഡെപ്യൂട്ടി മേയർ സി.പി. മുസാഫിർ അഹമ്മദ് ലക്ഷദ്വീപ് പോർട്ട് അസി. ഡയറക്ടർ സീതിക്കോയക്ക് മരുന്നുകളുടെ കിറ്റ് കൈമാറി. കോർപ്പറേഷൻ കൗൺസിലർ സുരേഷ് കുമാർ, പോർട്ട് വെൽഫയർ അസിസ്റ്റൻറ് മുഹമ്മദ് യൂക്കിന, വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന സെക്രട്ടറി കെ. സജ്ജാദ്, ജില്ലാ ഭാരവാഹികളായ അഷ്റഫ് ബി.വി, ഷാജി കല്ലായ്, മണ്ഡലം സെക്രട്ടറി അബ്ദുൽ ജബ്ബാർ, ഓഫീസ് സെക്രട്ടറി പി. മെഹറുദ്ദീൻ എന്നിവർ സംബന്ധിച്ചു.

### കോവിഡ് 19: ഡോക്ടർമാർക്കെതിരെയുള്ള കയ്യേറ്റം സാമൂഹ്യ ദ്രോഹം: വിസ്ഡം യൂത്ത്

കോഴിക്കോട്: കോവിഡ് മഹാമാരിയിൽ സ്വയംമറന്ന് പ്രതിരോധ പ്രവർത്തനങ്ങൾക്കായി അധ്വാനിക്കുന്ന ആരോഗ്യപ്രവർത്തകരെയും ഡോക്ടർമാരെയും കയ്യേറ്റം ചെയ്യുന്നത് സാമൂഹ്യദ്രോഹവും അപലപനീയവുമാണെന്ന് വിസ്ഡം യൂത്ത് സംസ്ഥാന സെക്രട്ടറിയേറ്റ് അഭിപ്രായപ്പെട്ടു.

ആരോഗ്യ പ്രവർത്തകർക്ക് പൂർണ സുരക്ഷ ഉറപ്പ് വരുത്താനാകണം. കുടുംബത്തെപ്പോലും മറന്ന് സാമൂഹിക പ്രതിബദ്ധതയോടെ പ്രവർത്തിക്കുന്ന ആരോഗ്യപ്രവത്തകർക്ക് പിന്തുണയും കരുത്തും നൽകണം.

കോവിഡ് ബാധിച്ച് മരണപ്പെടുന്നവരിൽ അധികവും ആരോഗ്യ പ്രവർത്തകരാണെന്നിരിക്കെ അവരിൽ വീഴ്ചകളാരോപിച്ച് ഉപദ്രവിക്കുന്നത് മനഃസാക്ഷിക്ക് നിരക്കാത്തതാണെന്നും അവരെ പരിഗണിക്കാനുള്ള വിശാല മനസ്സാണ് എല്ലാവർക്കും വേണ്ടതെന്നും വിസ്ഡം യൂത്ത് അഭിപ്രായപ്പെട്ടു.

മുഖമൊഴി

# അറുതിയില്ലാത്ത ഇസ്‌ലാമോഫോബിയ!

ഇസ്‌ലാംഭീതി ലോകത്ത് വളർന്നുകൊണ്ടേയിരിക്കുകയാണ്. സ്ഥാപിത താൽപര്യക്കാർ ഇസ്‌ലാംഭീതി വളർത്തുന്നതിൽ അതീവതൽപരരും അതിനായി അശ്രാന്തപരിശ്രമം നടത്തിക്കൊണ്ടിരിക്കുന്നവരുമാണ്. ഇസ്‌ലാമിന്റെ വളർച്ച തടയുക എന്നതാണ് അവരുടെ ആത്യന്തിക ലക്ഷ്യം. മാധ്യമങ്ങളെയാണ് കാര്യമായും ഇതിനുള്ള ആയുധമാക്കുന്നത്. ഇസ്‌ലാംഭീതി ഉള്ളിൽ കടന്നുകൂടിയാൽ പിന്നെ ഉള്ളിൽ ഇസ്‌ലാമിനോടും മുസ്‌ലിംകളോടും അടങ്ങാത്ത രോഷം നിറയും. എങ്ങനെയെങ്കിലും ഇക്കൂട്ടരെ ഇല്ലായ്മ ചെയ്യേണ്ടതുണ്ട് എന്ന ചിന്ത വളരും. ഈയിടെ കാനഡയിൽ ഒരു യുവാവ് നടത്തിയ ഹീനമായ ആക്രമണം ഇതിന് ഏറ്റവും ഒടുവിലത്തെ ഉദാഹരണമാണ്.

ഇസ്‌ലാമോഫോബിയയെക്കുറിച്ച് വിക്കിപീഡിയയിൽ ഇങ്ങനെ വായിക്കാം: "ഇസ്‌ലാമിനോടും മുസ്‌ലിംകളോടും കാണിക്കുന്ന മുൻവിധിയെയും വിവേചനത്തെയും സൂചിപ്പിക്കുന്ന ഒരു നവപദമാണ് 'ഇസ്‌ലാമോഫോബിയ' അല്ലെങ്കിൽ 'ഇസ്‌ലാംപേടി' എന്നത്. 1980കളുടെ ഒടുവിലാണ് ഈ പദം രൂപം കൊള്ളുന്നതെങ്കിലും 2001 സെപ്റ്റംബർ 21ലെ ട്രേഡ് സെന്റർ ആക്രമണത്തിന് ശേഷമാണ് ഇത് ഒരു പൊതുപ്രയോഗമായി മാറിയത്. റണ്ണിമെഡ് ട്രസ്റ്റ് എന്ന ബ്രിട്ടീഷ് സംഘടന 1997ൽ ഈ പദത്തെ ഇങ്ങനെ നിർവചിക്കുന്നു: 'ഇസ്‌ലാമിനോടുള്ള വെറുപ്പ്; അതിന്റെ ഫലമായി മുസ്‌ലിംകളോടുള്ള ഭയവും അനിഷ്ടവും.' രാഷ്ട്രത്തിന്റെ സാമ്പത്തിക, സാമൂഹിക പൊതുജീവിതത്തിൽനിന്നും മുസ്‌ലിംകളെ അവഗണിച്ചുകൊണ്ട് അവരോട് പ്രകടിപ്പിക്കുന്ന വിവേചനം ഇതിന്റെ ഒരു രീതിയാണെന്ന് ഈ നിർവചനം വ്യക്തമാക്കുന്നു. മറ്റു സംസ്കാരങ്ങളുമായി ഇസ്‌ലാമിന് ഒരു പൊതുമൂല്യവും ഇല്ല എന്നും പാശ്ചാത്യരുമായി താരതമ്യം ചെയ്യുമ്പോൾ അത് അധമമാണെന്നും അക്രമാത്മക രാഷ്ട്രീയ ആദർശമാണ് ഒരു മതമെന്നതിലുപരി ഇസ്‌ലാമെന്നുമാണ് ഇസ്‌ലാമോഫോബിയയുടെ മുൻവിധി."

പ്രൊഫസർ ആൻ സോഫി റോൽഡ് എഴുതുന്നു: "ജനുവരി 2001ൽ ഔപചാരികമായി ഈ പദം അംഗീകരിക്കുന്നതിനായുള്ള നടപടികൾ 'സ്‌റ്റോക്ഹോം ഇന്റർനാഷണൽ ഫോറം ഓൺ കോമ്പാറ്റിംഗ് ഇന്റോലറൻസ്' എന്ന ഫോറത്തിൽ സ്വീകരിക്കുകയുണ്ടായി. ക്സീനോഫോബിയയുടെയും (വൈദേശികതയോടുള്ള ഭയം) ആന്റിസെമിറ്റിസത്തിന്റെയും (സെമിറ്റിക് വിരുദ്ധത) ഭാഗമായുള്ള ഒരു അസഹിഷ്ണുതയുടെ രൂപമാണ് ഇസ്‌ലാമോഫോബിയ എന്ന് ഈ ഫോറം വിലയിരുത്തി."

"എൻസൈക്ലോപീഡിയ ഓഫ് റൈസ് ആൻഡ് എത്നിക് സ്റ്റഡീസിൽ (Encyclopedia of Race and Ethnic studies) എലിസബത്ത് പൂൾ, ഇസ്‌ലാമോഫോബിയയെ പ്രചരിപ്പിക്കുന്നതിൽ മാധ്യമങ്ങളെ വിമർശിക്കുന്നുണ്ട്. 1994നും 2004നും ഇടയിൽ ബ്രിട്ടീഷ് പത്രങ്ങളിൽ വന്ന ലേഖനങ്ങളുടെ ഒരു മാതൃക കാട്ടിക്കൊണ്ടുള്ള വസ്തുതാപഠനം ഇവർ എടുത്തുകാട്ടുന്നു. ആ പഠനം ഉപസംഹരിക്കുന്നത് ഇങ്ങനെയാണ്: 'മുസ്‌ലികളുടെ കാഴ്ചപ്പാടുകൾ വേണ്ടത്ര പ്രതിനിധീകരിക്കപ്പെടാതെ പോകുന്നു. മുസ്‌ലിംകൾ ഉൾപ്പെടുന്ന പ്രശ്നങ്ങളിൽ അവരെ നിഷേധാത്മകമായ രീതിയിൽ ചിത്രീകരിക്കപ്പെടുകയും ചെയ്യുന്നു.' ഇസ്‌ലാമും മുസ്‌ലിംകളും പാശ്ചാത്യസുരക്ഷിതത്വത്തിനും മൂല്യങ്ങൾക്കും ഭീഷണിയാണെന്നുള്ള പരികൽപനകളാണ് ഇവ ഉൾക്കൊള്ളുന്നത് എന്ന് എലിസബത്ത് പൂൾ തുടർന്ന് അഭിപ്രായപ്പെടുന്നു."

ഇന്ത്യയിലും ഇസ്‌ലാംഭീതി വളർത്തുന്നതിൽ കൊണ്ടുപിടിച്ച ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നുണ്ട് എന്നത് കാണാതിരുന്നുകൂടാ. വെറുപ്പിന്റെ പ്രത്യയശാസ്ത്രക്കാർ തങ്ങളുടെ അനുയായികളുടെ മനസ്സിൽ ഇസ്‌ലാമിനെക്കുറിച്ച് അറപ്പും വെറുപ്പും ഭീതിയും വളർത്താൻ സാമൂഹ്യമാധ്യമങ്ങളിലൂടെയും മറ്റും കിണഞ്ഞു പരിശ്രമിക്കുന്നുണ്ട്. കാനഡയിലെ ചെറുപ്പക്കാരന്റെ മനസ്സുപോലെയുള്ള, മുസ്‌ലിംകളോടുള്ള വിദ്വേഷം നിറഞ്ഞ മനസ്സുകളെ വാർത്തെടുക്കുന്നവരെ തിരിച്ചറിയാനും ഒറ്റപ്പെടുത്താനും സമാധാനകാംക്ഷികൾ ഒറ്റക്കെട്ടായി നിലകൊണ്ടില്ലെങ്കിൽ അനന്തരഫലം പ്രവചനാതീതമായിരിക്കും.

ടി.എ കരീം
mail@nerpatham.com

പുനർവായന



# ഈ ദുനിയാവിങ്ങനെയാണെങ്കിൽ നാമിനി എന്തു ചെയ്യണം?!

**(‘സൽസബീൽ’ ത്രൈമാസികയിൽ**
**1971 ഫെബ്രുവരി, മെയ് ലക്കങ്ങളിൽ പ്രസിദ്ധീകരിച്ച ലേഖനം)**

ഉറക്കിൽനിന്നുണർന്നിട്ടും എഴുന്നേൽക്കാൻ മടിതോന്നുന്നു. മേശപ്പുറത്തിരിക്കുന്ന ടൈംപീസിന്റെ അലാറം ശബ്ദിക്കുന്നതും അടുത്ത വീട്ടിലെ പൂവൻകോഴി കൂവുന്നതും ഒരുമിച്ചാണ്. മുറ്റത്തെ മൂവാണ്ടൻ മാവിലിരുന്നു കിളികൾ ശബ്ദിക്കാൻ തുടങ്ങി. അവ ഏകനായ ഇലാഹിന്റെ സ്തോത്രഗീതം ആലപിക്കുകയാണ്. അങ്ങകലെനിന്ന് ‘മുഅദ്ദിനി’ന്റെ ബാങ്ക് വിളിയുടെ നേർത്ത അലകൾ കർണപുടങ്ങളിലെത്തുന്നു: ‘അസ്സലാത്തു ഖയ്റുൻ മിനന്നൗം’ (പ്രാർഥന ഉറക്കിനെക്കാൾ ശ്രേഷ്ഠമായതത്രെ!). ഇനിയും കിടന്നുറങ്ങുന്നതാപത്താണ്. അർധമനസ്സോടെയാണെങ്കിലും എഴുന്നേൽക്കുന്നു. അപ്പോഴേക്കും മൂവാണ്ടൻമാവിന്റെ കൊമ്പുകളിലിരുന്നു കൂടു

തൽ പക്ഷികൾ കൂടുതൽ ശബ്ദത്തിൽ ഗാനമാല പിച്ചുകൊണ്ടിരിക്കുന്നു. ഈ പക്ഷികളുടെ കാര്യം മനുഷ്യൻ ഓർത്തിട്ടെന്താണ്? പക്ഷിയായി ജനിച്ചിരുന്നെങ്കിൽ എന്ന് എത്രയോ കവികൾ പലതവണ പാടിയതോർമവരുന്നു. ബുദ്ധിജീവികളായ മനുഷ്യരെപ്പോലെ അവർക്ക് വിഷമങ്ങളോ വേവലാതികളോ ഇല്ല. തണുപ്പിൽനിന്ന് രക്ഷനേടാൻ കമ്പിളി വസ്ത്രങ്ങളന്വേഷിക്കേണ്ടതില്ല. ചൂടിൽനിന്ന് അഭയം ലഭിക്കാൻ വിശറിയുടെ സഹായം തേടുന്നുമില്ല. സുഭിക്ഷമായ ആഹാരവും ഹൃദ്യമധുരമായ തേനരുവികളും സൃഷ്ടികർത്താവ് അവക്കായി വിരുന്നൊരുക്കിയിരിക്കുന്നു. ബുദ്ധിജീവിയായ മനുഷ്യനെ പോലെ കളപ്പുരകൾ കൂട്ടി ധാന്യശേഖരങ്ങൾ സൂക്ഷിച്ചുവെക്കുന്നില്ല. എന്നിട്ടും അവ എത്ര സന്തുഷ്ടമായി ജീവിക്കുന്നു! അലാറമടിക്കുന്ന ടൈംപീസുകളുടെയോ ഉച്ചത്തിൽ കൂവുന്ന സൈറണുകളുടെയോ ആശ്രയമില്ലാതെ തന്നെ അവ പ്രഭാതത്തിൽ ഉണരുന്നു. മുഅദ്ദിനിന്റെ പ്രേരണയോടുകൂടിയല്ല അവ പ്രാർഥനാഗീതം പാടുന്നത്.

മനുഷ്യൻ മടിച്ചു മടിച്ച് എഴുന്നേൽക്കുന്നു. അംഗശുദ്ധി വരുത്താൻ വെള്ളം ചൂടാക്കുന്നു. ഒരു കണക്കിന് പ്രാർഥന നിർവഹിക്കുന്നു. മനുഷ്യൻ നിർബന്ധത്തിന് വിധേയനായാണ് എല്ലാം പ്രവർത്തിക്കുന്നത്. ബുദ്ധിയില്ലാത്ത ഇതര ജീവികളെപ്പോലെ അവൻ നന്മയെ സ്വയം കണ്ടെത്തുന്നില്ല. പക്ഷി മൃഗാദികൾ ആപത്തുകൾ സ്വയം മണത്തറിയുന്നു. അവ വിഷക്കായകൾ ഭക്ഷിക്കുന്നില്ല. ആപത്തു പതിയിരിക്കുന്ന മുൾപടർപ്പുകളും മരണം സുനിശ്ചിതമാക്കുന്ന വിഷക്കായകളും വിഷപുഷ്പങ്ങളും അവ തിരിച്ചറിയുന്നതെങ്ങനെയാണ്? ലേബലുകൾ നോക്കിയിട്ടാണോ? അതോ 'അപായം' എന്ന് ചുവന്ന അക്ഷരത്തിൽ കുറിച്ചുവെച്ച അപകട സൂചനകൾ കണ്ടിട്ടോ? എന്നാൽ വിവേകശാലിയായ മനുഷ്യന്റെ കാര്യം, അവൻ ഉപയോഗിക്കുന്ന വസ്തുക്കളിലെല്ലാം ലേബലുകൾ പതിക്കുന്നു. കുടിക്കാൻ നിർദേശിക്കപ്പെട്ട മരുന്നെടുത്ത് കണ്ണിലൊഴിക്കുന്നു. 'ഉഗ്രമായ വിഷം' എന്നെഴുതിയ ദ്രാവകങ്ങൾകൊണ്ട് കൂറകൾ പോലും നശിക്കുന്നില്ല. മൂട്ടക്ക് മരുന്നു തളിച്ചേടത്ത് കൊതുകുകൾ പെരുകുന്നു.

പ്രകൃതിശക്തികളെ കീഴടക്കിയെന്നു മനുഷ്യൻ ഉൽഘോഷിക്കുന്നു. പ്രപഞ്ചത്തിലെ സർവച്ഛക്രാധിപതിയെന്നവൻ അഹങ്കരിക്കുന്നു. എന്നാൽ യഥാർഥ സ്ഥിതിയെന്താണ്? ഏറ്റവും വലിയ അടിമത്തച്ചങ്ങല അവന്റെ കൈകളിലാണുള്ളത്. സ്വയം നിർമിതമായ വിലങ്ങുകൾ അവനെ ബന്ധിച്ചിരിക്കുന്നു. തമിഴ്നാട്ടിൽനിന്ന് ആന്ധ്രാപ്രദേശിലേക്ക് കടക്കുമ്പോഴും കന്യാകുമാരിയിൽനിന്ന് കൊളംബിലേക്ക് പോകുമ്പോഴും അവൻ പലതവണ പരിശോധിക്കപ്പെടുന്നു. അവന്റെ ഭാണ്ഡങ്ങൾ അഴിച്ചുനോക്കപ്പെടുന്നു. ശരീരത്തിന്റെ തൂക്കത്തിൽ വരുന്ന വ്യത്യാസം പോലും തുലനം ചെയ്യപ്പെടുന്നു. വിശ്വസ്തതയുടെ നേരെയുള്ള ഏറ്റവും ക്രൂരമായ ചോദ്യചിഹ്നം! അഭിമാനത്തിന് നേരെയുള്ള അവഹേളനം. യൂറോപ്പിൽനിന്ന് അറ്റ്ലാന്റിക് സമുദ്രം താണ്ടിക്കടന്ന് ഇതര ഭൂഖണ്ഡങ്ങളിലേക്ക് പറന്നുപോകുന്ന പക്ഷിസമൂഹങ്ങൾ പരിശോധിക്കപ്പെടുന്നുണ്ടോ? ഇന്ത്യൻ സമുദ്രത്തിൽനിന്ന് ആഫ്രിക്കൻ വനാന്തരങ്ങളിലേക്ക് നുഴഞ്ഞുകയറുന്ന വന്യമൃഗങ്ങളോ? കാശ്മീർ താഴ്വരകളിലെ നയന മനോഹരങ്ങളായ പൂവാടികളിൽ യഥേഷ്ടം വിഹരിച്ചു മധുശേഖരിക്കുന്ന തേനീച്ചകൾ പറന്നെത്തുന്നതെവിടെയാണ്? അവ ഗൗനിക്കപ്പെടുന്നുണ്ടോ? അവയെ നിയന്ത്രിക്കുന്ന രാഷ്ട്രാന്തരീയ നിയമങ്ങളുണ്ടോ? വിസയും പാസ്പോർട്ടും ഇല്ലാതെ നിർബാധം അവ ലോകംചുറ്റുന്നു. യഥേഷ്ടം സഞ്ചരിക്കുന്നു. ഇഷ്ടാനുസരണം പ്രവർത്തിക്കുന്നു. പ്രപഞ്ചം മുഴുവൻ തന്റെ ചൊൽപടിക്കാണ് വഴങ്ങുന്നതെന്ന് ത

> **പക്ഷി മൃഗാദികൾ ആപത്തുകൾ സ്വയം മണത്തറിയുന്നു. അവ വിഷക്കായകൾ ഭക്ഷിക്കുന്നില്ല. ആപത്തു പതിയിരിക്കുന്ന മുൾപടർപ്പുകളും മരണം സുനിശ്ചിതമാക്കുന്ന വിഷക്കായകളും വിഷപുഷ്പങ്ങളും അവ തിരിച്ചറിയുന്നതെങ്ങനെയാണ്? ലേബലുകൾ നോക്കിയിട്ടാണോ? അതോ 'അപായം' എന്ന് ചുവന്ന അക്ഷരത്തിൽ കുറിച്ചുവെച്ച അപകട സൂചനകൾ കണ്ടിട്ടോ? എന്നാൽ വിവേകശാലിയായ മനുഷ്യന്റെ കാര്യം, അവൻ ഉപയോഗിക്കുന്ന വസ്തുക്കളിലെല്ലാം ലേബലുകൾ പതിക്കുന്നു. കുടിക്കാൻ നിർദേശിക്കപ്പെട്ട മരുന്നെടുത്ത് കണ്ണിലൊഴിക്കുന്നു. 'ഉഗ്രമായ വിഷം' എന്നെഴുതിയ ദ്രാവകങ്ങൾകൊണ്ട് കൂറകൾ പോലും നശിക്കുന്നില്ല. മൂട്ടക്ക് മരുന്നു തളിച്ചേടത്ത് കൊതുകുകൾ പെരുകുന്നു.**

ട്ടിമൂളിക്കുന്ന മനുഷ്യന്റെ അജ്ഞത ക്കുനേരെ പല്ലിളിച്ചു പരിഹസിക്കുന്നു.

മനുഷ്യൻ അതിസൂക്ഷ്മങ്ങളായ റ ഡാറുകൾ നിർമിച്ചിരിക്കുന്നു. അതി ലോലമായ കാലാവസ്ഥാനിരീക്ഷണോ പകാരണങ്ങളെ വെട്ടിച്ചുകടന്ന് ശത്രു പാളയങ്ങളുടെ തലക്കുമീതെ വട്ടമിട്ടു പറക്കുന്ന വിമാനങ്ങൾ മനുഷ്യൻ സം വിധാനം ചെയ്തിരിക്കുന്നു. എന്നാൽ വീക്ഷിക്കപ്പെടാത്ത ഒരു നിസ്സാരമായ പരുന്തിൽ തട്ടി, സർവവിധ കരുതൽ ഉപകരണങ്ങളും ഘടിപ്പിച്ച വ്യോമയ നങ്ങൾ നിലംപതിക്കുന്നു. എന്നാൽ കൂ രിരുട്ട് മുറ്റിനിൽക്കുന്ന, നിശ്ശബ്ദത ത ളംകെട്ടി നിൽക്കുന്ന നിശാവേളകളിൽ തൊട്ട് തൊട്ടു നിൽക്കുന്ന കമുങ്ങിൻ തോട്ടങ്ങൾക്കിടയിലൂടെ സുരക്ഷിതമാ യി പറന്നെത്തി പഴുത്ത അടക്കകൾ തേടിപ്പിടിക്കുന്ന വാവലുകൾ മനുഷ്യന്റെ ധിഷണാശക്തിക്കുനേരെയുള്ള ഒരു വെല്ലുവിളിയല്ലേ?

അപ്പോൾ ഈ ദുനിയാവ് അത്ഭുതം നിറഞ്ഞ ഒരു വിരോധാഭാസം തന്നെ. ബുദ്ധിയും വിവേകവുമുള്ള തന്ത്രശാ ലിയായ മനുഷ്യൻ പ്രശ്നങ്ങളുടെ ന ടുക്കടലിൽ കിടന്നു നട്ടംതിരിയുകയാണ്. ഇതൊന്നുമില്ലാത്ത മിണ്ടാപ്രാണികൾ പ്രശ്നങ്ങളെ അതിജീവിച്ചുകൊണ്ട് അ വയ്ക്ക് ചുറ്റും പ്രദക്ഷിണം വെക്കുന്നു.

### ഈ ദുനിയാവിങ്ങനെയാണെങ്കിൽ നാമിനിയെന്ത് ചെയ്യണം?

ഭൗതികരംഗത്ത് കൈവരിച്ച പുരോ ഗതി മനുഷ്യനെ ഏറ്റവും വലിയ ധി ക്കാരിയാക്കി മാറ്റിയിരിക്കുന്നു. ചന്ദ്രമ ണ്ഡലത്തിൽ കാൽപാദങ്ങൾ സ്പർശി ക്കുകയും പരീക്ഷണക്കുഴലിൽ ജീ വൻ ഉരുത്തിരിച്ചു ഉൽപാദിപ്പിക്കുവാൻ കഴിവുനൽകുന്നവിധം ക്രോമസോമു കളുടെയു ജീനുകളുടെയും നിഗൂഢ തകൾ മനസ്സിലാക്കുവാൻ പ്രാപ്തി നേടുകയും ചെയ്ത മനുഷ്യൻ വി ജ്ഞാനസാഗരത്തിന്റെ ആഴപ്പരപ്പുമാ യി തട്ടിച്ചുനോക്കുമ്പോൾ എത്രയോ അൽപജ്ഞനാണെന്നു കാണാം. എ ന്നിട്ടും മനുഷ്യൻ പ്രപഞ്ചങ്ങളുടെയെ ല്ലാം അധിപനും നിയന്താവുമായ സർ വശക്തനെ ധിക്കരിക്കുകയാണ് ചെയ്യു ന്നത്. അല്ലാഹു കനിഞ്ഞരുളിയ വിവേ കബുദ്ധിയും വിവേചനപാടവവും ഉപ യോഗപ്പെടുത്തി ഉത്തരോത്തരം പുരോഗതി പ്രാ പിക്കുന്ന മനുഷ്യൻ സർവലോക പരിപാലകനെ സ്തുതിക്കേണ്ടതിനു പകരം അഹങ്കരിക്കുകയാണ് ചെയ്യുന്നത്. പ്രപഞ്ചത്തിലെ മനുഷ്യേതര ജീവജാ ലങ്ങളുമായി താരതമ്യപ്പെടുത്തുമ്പോഴാണ് സ്വയം ഒരു വിഡ്ഢിയാണെന്ന കാര്യം അവനോർക്കുന്ന ത്. ഈ ഭൂമുഖത്ത് പല പ്രകൃതിമാറ്റങ്ങളും അനു നിമിഷം സംഭവിച്ചുകൊണ്ടിരിക്കുന്നുണ്ട്. അല്ലാഹു വിങ്കൽനിന്നും ലഭിക്കുന്ന ദിവ്യമായ സന്ദേശങ്ങൾ വഴി പക്ഷിമൃഗാദികൾക്ക് അടുത്ത് സംഭവിക്കാൻ പോകുന്ന ആപത്തുകളുടെ സൂചനകൾ ലഭിക്കു മ്പോൾ, ആപത്തുകളാൽ വലയം ചെയ്യപ്പെടു മ്പോൾ മാത്രമാണ് മനുഷ്യൻ വാപൊളിച്ച് അന്ധാ ളിക്കുന്നത്. ലക്ഷക്കണക്കിന് ആൾനാശത്തിനും വസ്തുനാശത്തിനുമിടയാക്കിയ ഭൂമികുലുക്കങ്ങൾ സംഭവിച്ചപ്പോഴും കൊടുങ്കാറ്റും ചുഴലിക്കാറ്റും മൂലം നഗരങ്ങളും ഗ്രാമങ്ങളും നാമാവശേഷമായപ്പോഴും അവിടങ്ങളിൽ വരാനിരിക്കുന്ന ഭയാനകങ്ങളായ വിപത്തുകളെക്കുറിച്ച് പക്ഷിമൃഗാദികൾക്ക് സൂചന ലഭിച്ചിരുന്നതിനു തെളിവുകളുള്ളതായി രേഖപ്പെ ടുത്തപ്പെട്ടിട്ടുണ്ട്. മനുഷ്യൻ നിർമിക്കുന്ന അതിസൂ ക്ഷ്മങ്ങളായ ഉപകരണങ്ങൾക്ക് പോലും ആപേ ക്ഷികങ്ങളായ മുൻകരുതലുകൾ മാത്രം നൽകു വാനുള്ള കഴിവേ ഉള്ളൂ.

സാമൂഹ്യക്ഷേമത്തിനും സുരക്ഷിതത്വത്തിനും വേണ്ടി മനുഷ്യൻ നിയമങ്ങൾ നിർമിക്കുകയും ന ടപടിച്ചട്ടങ്ങൾ ആവിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. മനുഷ്യൻ പടച്ചുണ്ടാക്കിയ വ്യവസ്ഥകൾ പരസ് പര വൈരുധ്യമുള്ളവയും നാനാതുറകളിലും ന്യൂ നതകൾ നിറഞ്ഞവയുമാണ്. കുറ്റവാളികൾക്ക് അർ ഹമായ ശിക്ഷനൽകി സമൂഹത്തിൽ ജീവിക്കു വാൻ അവരെ പ്രാപ്തരാക്കുകയാണ് നിയമങ്ങളു ടെ ലക്ഷ്യം. ശിക്ഷയെ ഭയപ്പെടുന്ന മനുഷ്യൻ കു റ്റകൃത്യങ്ങളെക്കുറിച്ചു ബോധവാനായിരിക്കും. സ്വ സഹോദരന്റെ ജീവൻ അപഹരിക്കുന്ന വ്യക്തിക്ക് സമൂഹത്തിൽ ജീവിക്കുവാനുള്ള അർഹതയില്ല. മാത്രമല്ല അങ്ങിനെയുള്ള വ്യക്തി സമൂഹത്തിന്ന് ആപത്തും ഒരു ഭീഷണിയുമായിരിക്കും. അതി നാൽ കൊലപാതകിയെ വധിക്കണമെന്ന് നിയമം സിദ്ധാന്തിക്കുന്നു. നിരപരാധിയായ ഒരു വ്യക്തി യെ താൽക്കാലിക നേട്ടങ്ങൾക്കുവേണ്ടിയോ, വ്യ ക്തിപരമായ വിദ്വേഷത്തിന്റെ പേരിലോ വധിച്ച ഒ രു ഘാതകനെ നാം വധിച്ചുകളയുന്നു. എന്നാൽ എണ്ണമറ്റ മനുഷ്യജീവികളെ പൽച്ചക്രങ്ങൾ ചത ച്ചരച്ചും ഗ്യാസ് ചേമ്പറുകളിലിട്ട് വീർപ്പുമുട്ടിച്ചും കൊല്ലുന്നതിൽ വിനോദം കണ്ടെത്തുകയും മനു ഷ്യന്റെ തലയോട്ടികൾ കൊണ്ട് ഗൃഹാലങ്കാരം ന ടത്തി ആഹ്ലാദിക്കുകയും ചെയ്യുന്ന ഒരു ഘാതക രാക്ഷസനെ ഈ ദുനിയാവിൽ വെച്ച് എന്ത് ചെ യ്യുവാനൊക്കും? ആദ്യം പറഞ്ഞ വ്യക്തിയെ ഒരു

തവണ തൂക്കിക്കൊല്ലുമ്പോൾ രണ്ടാമതു പറഞ്ഞ ആളെ പലതവണ തൂക്കിക്കൊല്ലേണ്ടതായി വരുന്നു. അതീ ദുനിയാവിൽ അപ്രായോഗികമാണെന്ന് കാണാം. ക്ഷണികമായ ഈ ജീവിതം അപൂർണമാണെന്നതിന്നു കൂടുതൽ തെളിവുകളാവശ്യമില്ല.

മനുഷ്യൻ ഭൗതിക ജീവിതരംഗത്ത് സർവത്ര പരീക്ഷിക്കപ്പെടുകയാണ്. നാമാരും ഒരു മുൻപദ്ധതി പ്രകാരം ഇങ്ങോട്ടു വന്നവരല്ല. നാം ആസ്വദിച്ചുകൊണ്ടിരിക്കുന്ന ഭൗതികവിഭവങ്ങളൊന്നും തന്നെ നാം ഒരുക്കിവെച്ചവയുമല്ല. ജന്മാനന്തരം ലഭിക്കുന്ന ദീർഘമായ പരിശീലനവും ശിക്ഷണവും കൊണ്ട് മാത്രമാണ് നാം കഴിവുകളാർജിക്കുന്നത്. ഇതര ജീവജാലങ്ങളുടെ കാര്യം ഇതിൽനിന്നും വ്യത്യസ്തമാണ്. നാം നമ്മുടെ കുട്ടികൾക്ക് നീന്തൽ പരിശീലിപ്പിക്കുന്നത് വളരെ പ്രയാസപ്പെട്ടും ശിക്ഷണങ്ങൾ നൽകിയുമാണ്. പക്ഷേ, നാം വളർത്തുന്ന പശു, എരുമ, നായ തുടങ്ങിയ നാൽകാലികൾ യാതൊരുവിധ മുൻപരിശീലനവും ലഭിക്കാതെ സുരക്ഷിതമായി ആറുകൾ നീന്തിക്കടക്കുമ്പോൾ മനുഷ്യൻ ലജ്ജിക്കുന്നു. അല്ലാഹു അവയുടെ പ്രകൃതിയിൽതന്നെ നൽകിയ കഴിവത്രെ അത്. മനുഷ്യൻ സ്വയം അത് നേടിയെടുക്കുവാനുള്ള കഴിവ് അല്ലാഹു അവന്ന് നൽകിയിട്ടുണ്ടെങ്കിൽ പ്രയത്നിച്ച് വശമാക്കേണ്ടത് മനുഷ്യന്റെ കർത്തവ്യമാണ്.

ജനിച്ച് ഏതാനും മണിക്കൂറുകൾക്കകം ജീവജാലങ്ങൾ എഴുന്നേറ്റ് നടക്കുവാനും തുള്ളിക്കളിക്കുവാനും തുടങ്ങുമ്പോൾ മനുഷ്യന് വളരെക്കാലം ഒരു പരാശ്രയിയായി ജീവിക്കേണ്ടിവരുന്നു. ആഹാര സമ്പാദനത്തിനോ ആശയവിനിമയത്തിനോ അവൻ പ്രാപ്തനാവുന്നത് എത്രയോകാലം കഴിയുമ്പോഴാണ്.

ലൈംഗികരംഗത്ത് നടമാടിക്കൊണ്ടിരിക്കുന്ന അരാജകത്വം ബുദ്ധിജീവിയായ മനുഷ്യനെ മൃഗങ്ങളെക്കാൾ അധമനാക്കിത്തീർക്കുന്നു. മൃഗലോകത്തേക്ക് നാമൊന്നു ശ്രദ്ധിച്ച് നോക്കുക. അവക്ക് അങ്ങനെയുള്ള യാതൊരു പ്രശ്നവുമില്ല. യഥേഷ്ടം വനാന്തരങ്ങളിൽ വിഹരിക്കുന്ന മൃഗങ്ങൾ പ്രകൃതി നിശ്ചയിച്ച അവസരങ്ങളിൽ മാത്രമെ ഇണ ചേരുന്നുള്ളൂ. മനുഷ്യൻ ലൈംഗികമായ ദൗർബല്യങ്ങൾക്കു വിധേയനായി കൊലപാതകിയും അട്ടിമറിക്കാരനും ആയിത്തീരുന്നു. മാദകത്വത്തിന്റെ മാസ്മര ലഹരി അവന്റെ ബുദ്ധിപരമായ എല്ലാ സീമകളെയും ലംഘിക്കുവാൻ പ്രേരിപ്പിക്കുന്നു. രാഷ്ട്രാന്തരീയ രഹസ്യങ്ങൾ ചോർത്തിയെടുക്കുവാൻ പോലും ഈ ദുർബലത ഉപയോഗപ്പെടുത്തുന്നു. ദൂരാഗ്രഹങ്ങളിലേക്കുള്ള അകലം കൃത്യമായി അളക്കുകയും ക്ഷീരപഥത്തിലെ നക്ഷത്രവ്യൂഹങ്ങളെ എണ്ണിത്തിട്ടപ്പെടുത്തുകയും ചെയ്യുന്ന മനുഷ്യന്റെ




അപാരമായ കഴിവുകൾ ഇത്രവേഗം ചൂളിപ്പോവുകയോ?

ഇങ്ങിനെ സർവത്ര സാഹചര്യങ്ങളോട് മല്ലടിച്ചും പ്രതികൂല ചുറ്റുപാടുകളെ അതിജീവിച്ചും മുന്നേറിക്കൊണ്ടിരിക്കുന്ന മനുഷ്യന് ഒരു സവിശേഷതയുണ്ട്. ശരിയേതെന്നും തെറ്റേതെന്നും മനസ്സിലാക്കുവാനും ഇഷ്ടമുള്ളതു തിരഞ്ഞെടുക്കുവാനുമുള്ള കഴിവാണത്. ഈ കഴിവ് മൃഗങ്ങൾക്കോ മനുഷ്യനെക്കാൾ ഉയർന്നവരായ മലക്കുകൾക്കോ ഇല്ലാത്തതാണ്. രാപ്പകൽ അല്ലാഹുവിന്റെ കൽപനകൾക്ക് മാത്രം കിഴൊതുങ്ങി ജീവിക്കുന്ന മലക്കുകൾക്ക് അല്ലാഹുവിനെ ധിക്കരിക്കുവാനുള്ള കഴിവില്ല. മനുഷ്യൻ നന്മ പ്രവർത്തിക്കുന്നത് അവന്ന് തെറ്റ് ചെയ്യുവാൻ സ്വാതന്ത്ര്യമുള്ളതിനോടൊപ്പമാണ്. ശരീരത്തിന്റെ ഇച്ഛകൾ തിന്മ ചെയ്യുവാൻ പ്രേരിപ്പിക്കുമ്പോൾ ആ ആഗ്രഹങ്ങളോട് ചെറുത്തുനിന്ന് ഭൗതിക സുഖങ്ങളുപേക്ഷിച്ച് സത്യത്തിൽ അടിയുറച്ച് നിൽക്കുന്ന വണക്കമുള്ള ദാസന് ആത്മസംതൃപ്തി കൈവരുന്ന ഒരു അവസരം ആവശ്യമല്ലേ? അതെപ്പോഴാണ്? അവന്റെ നാഥനെ കണ്ടെത്തുമ്പോൾ മാത്രമാണത്! അതീ ദുനിയാവിൽനിന്നുണ്ടാവുന്നതല്ല.

സജ്ജാദ് ബിൻ അബ്ദുറസാക്
binabdurazack@gmail.com





# വംശവെറിയുടെ കനേഡിയൻ രോദനം

**ലോകം മുഴുവൻ വിറങ്ങലിച്ചുനിൽക്കുന്ന കോവിഡ് നിയന്ത്രണങ്ങൾക്കിടയിലും വംശവെറിയുടെ പാരമ്യതമൂത്ത് കാനഡയിൽ ഒരു തീവ്രവാദി മുസ്‌ലിം കുടുംബത്തെ ട്രക്കിടിച്ചു കൂട്ടക്കൊല നടത്തിയ വാർത്ത സൃഷ്ടിച്ച ഞെട്ടൽ ചില്ലറയല്ല. എന്നാൽ കാനഡ ഭരണകൂടം അതിനോട് സ്വീകരിച്ച നിലപാട് ശുഭോദർക്കമാണെന്നത് മാത്രമാണ് ആശ്വാസം.**

"അസ്സലാമു അലൈക്കും, ഒരുപാട് കുടുംബങ്ങൾ ലോക്ഡൗണിന് ശേഷം ശുദ്ധവായു ശ്വസിക്കാനായി സായാഹ്ന നടത്തത്തിന് ഇറങ്ങുന്ന ദിവസമാണിത്. ഞായറാഴ്ച നടക്കാനിറങ്ങിയ മുസ്‌ലിം കുടുംബത്തിലെ 74ഉം 44ഉം വയസ്സുകാരായ സ്ത്രീകളും 46കാരനും 15കാരിയായ പെൺകുട്ടിയും വീട്ടിലേക്ക് തിരിച്ചുവന്നില്ല. ക്രൂരമായ അക്രമത്തിൽ അവർ കൊല്ലപ്പെട്ടു. അവരുടേത് ഒരിക്കലും അപകടമല്ല!

വിദ്വേഷത്തിൽനിന്നും വംശീയതയിൽനിന്നും ഉണ്ടായ തീവ്രവാദ ആക്രമണമാണത്. ഈ രാജ്യത്ത് വംശീയതയും വിദ്വേഷവും ഇല്ലെന്ന് ആരെങ്കിലും കരുതുന്നുണ്ടെങ്കിൽ അവരോട് പറയാനുള്ളത് ഇത്രമാത്രം: കൊല്ലപ്പെട്ട ആ കുടുംബത്തിന്റെ കണ്ണിൽ നോക്കി എങ്ങനെ ഇസ്‌ലാമോഫോബിയ ഇല്ലെന്ന് പറയാനാകും?!"

പാർലമെന്റിൽ വെച്ച് കനേഡിയൻ പ്രസിഡന്റ് ജസ്റ്റിൻ ട്രൂഡോ നടത്തിയ വളരെ വൈകാരികമായ ഒരു സംസാരമാണ് നിങ്ങൾ മുകളിൽ വായിച്ചത്.

ഇത്തരത്തിലൊരു രംഗം ആവിടുത്തെ പാർലമെന്റിൽ അരങ്ങേറാൻ ഒരു പ്രത്യേക പശ്ചാത്തലമുണ്ട്; വിഷയത്തിലേക്ക് വരാം.

കാനഡയിലെ ഒന്റാരിയോയിൽ ഈ കഴിഞ്ഞ ഞായറാഴ്ച ദിവസം സായാഹ്ന സമയത്ത് ആ നാടിനെ മുഴുവൻ നടുക്കിയ ഒരു സംഭവം നടന്നു.

ലോക്ഡൗണിന് ശേഷം ശുദ്ധവായു ശ്വസിക്കാനായി ഒരുപാട് പേർ സാമൂഹിക അകലം പാലിച്ചും മാസ്‌ക് ധരിച്ചും സാനിറ്റൈസർ ഉപയോഗിച്ചും നടക്കാനിറങ്ങാറുണ്ട്. അങ്ങനെ നടക്കാൻ വേണ്ടി ഇറങ്ങിയ ഒരു കുടുംബത്തിന് നേരെ കറുപ്പ് നിറത്തിലുള്ള ഒരു ട്രക്ക് ചീറിപ്പാഞ്ഞുവന്ന് അഞ്ചംഗമുള്ള ആ കുടുംബത്തെ ഇടിച്ച് തെറിപ്പിച്ചു.

അപകടത്തിൽ സൽമാനും(46 വയസ്സ്), അദ്ദേഹത്തിന്റെ ഭാര്യ മദിഹ സൽമാനും(44വയസ്സ്), മകൾ യുംന സൽമാനും(15വയസ്സ്), 74 വയസ്സുള്ള സൽമാന്റെ ഉമ്മയും തൽക്ഷണം മരണപ്പെട്ടു.

സൽമാന്റെ മകനായ ഫയസ് സൽമാൻ (9 വയസ്സ്) അതിദാരുണമായ അവസ്ഥയോടെ ആശുപത്രിക്കിടക്കയിൽ ചികിത്സയിൽ കഴിയുകയും ചെയ്യുന്നു.

ഇത് കേവലം ഒരു വാഹനാപകടമായിരുന്നില്ല. മറിച്ച് വളരെ ആസൂത്രിതമായി നടന്ന ഒരു അറ്റാക്കായിരുന്നു. കാര്യം അങ്ങനെയാണ് എന്ന് മനസ്സിലായത് പ്രതിയെ പോലീസ് പിടികൂടിയപ്പോഴാണ്.

പ്രതി ആരാണെന്ന് അറിയണ്ടേ?! 20 വയസ്സ് മാത്രം പ്രായമുള്ള നാഥാനിയേൽ വെൽറ്റ്മാൻ! പ്രതിയെ പിടിച്ച് നിയമപാലകർ ചോദ്യം ചെയ്തപ്പോഴാണ് സംഭവത്തിന്റെ പിന്നിലുള്ള കാരണത്തിന്റെ ചുരുളഴിയുന്നത്.

14 വർഷം മുൻപ് കാനഡയിലേക്ക് കുടിയേറി വന്ന സൽമാനും കുടുംബവും മുസ്‌ലിം പശ്ചാത്തലമുള്ളവരാണ്. അതിനാൽ അവരോടുള്ള വിദ്വേഷത്തിന്റെ അടിസ്ഥാനത്തിലാണ് പ്രതി ഈ അരുംകൊല ചെയ്തതത്രെ! ഇക്കാര്യം പോൾവൈറ്റ്(അവിടുത്തെ ഡിക്റ്റീവ് സൂപ്രണ്ട്) അവിടുത്തെ മാധ്യമങ്ങളോട് പങ്കുവെക്കുകയായിരുന്നു.

കാനഡയിലെ ജനങ്ങളെ എന്നല്ല മനുഷ്യത്വം മരവിച്ചിട്ടില്ലാത്ത സർവ മനുഷ്യരെയും നടുക്കിയ ഈ സംഭവത്തിൽ ഖേദം പ്രകടിപ്പിച്ചുകൊണ്ടാണ് അവിടുത്തെ പ്രസിഡന്റ് ജസ്റ്റിൻ ട്രൂഡോ പാർലമെന്റിന്റെ അകത്തളത്തിൽ വെച്ച് ഈ കാര്യം പങ്കുവെച്ചത്.

വെറും ഇരുപത് വയസ്സ് മാത്രം പ്രായമുള്ള ഒരു ചെറുപ്പക്കാരന്റെ മനസ്സിൽ ഇത്രമാത്രം ഇസ്‌ലാം വിരോധം തിളച്ചുമറിയുന്നുണ്ടെങ്കിൽ എത്രമാത്രം റോക്കറ്റ് വേഗതയിലാണ് ഇസ്‌ലാമോഫോബിയ ലോകത്ത് വളർന്നുകൊണ്ടിരിക്കുന്നത് എന്ന് ആലോചിച്ച് നോക്കൂ!

ഈ അരുംകൊല ചെയ്ത പ്രതിയുടെ മതം ഒരു മാധ്യമവും ചർച്ച ചെയ്തതായി കണ്ടില്ല! അത് സ്വാഭാവികമാണ് താനും. അല്ലെങ്കിലും തല്ലുന്നത് എപ്പോഴും ഇസ്‌ലാമിനെ മാത്രമാണല്ലോ. കാരണം ഇസ്‌ലാമാണല്ലോ സാമ്രാജ്യത്വത്തിന്റെ കണ്ണിലെ കരട്!


ഇത് പറയുമ്പോൾ ഓർമ വരുന്നത് ഒരു കഥയാണ്. ചെമ്മണ്ണ് വിരിച്ച ഒരു

> **കഴിഞ്ഞ 2019ലാണ് ബ്രെന്റൻ ടറാന്റ് എന്ന ഒരു വ്യക്തി ന്യൂസിലാന്റിലെ ക്രൈസ്റ്റ് ചർച്ചിലെ ഒരു മുസ്‌ലിം പള്ളി ആക്രമിക്കുകയും അൻപതിൽ പരം വിശ്വാസികളെ അതിദാരുണമായ രീതിയിൽ വെടിവെച്ച് കൊലപ്പെടുത്തുകയും ചെയ്തത്. ഇസ്‌ലാമിനോടുള്ള വെറുപ്പും വിദ്വേഷവുമാണ് ബ്രെന്റൻ ടറാന്റിനെ ആ കുറ്റകൃത്യത്തിന് പ്രേരിപ്പിച്ചത്. ഇസ്‌ലാം ഭീതി അദ്ദേഹത്തിന്റെ മനസ്സിൽ എത്രമാത്രം സ്വാധീനം സൃഷ്ടിച്ചിട്ടുണ്ട് എന്ന് ആ സംഭവം നമ്മെ ബോധ്യപ്പെടുത്തിത്തരുന്നുണ്ട് ഇസ്‌ലാമോഫോബിയ കേവലം ഒരു ഗൂഢാലോചന സിദ്ധാന്ത(ഇീിുശൃമര്യ ഠവലീൃ്യ)മല്ലെന്നും അത് തെളിഞ്ഞ ഒരു യാഥാർഥ്യമാണ് എന്നും ആഗോള രാഷ്ട്രീയവും സാമൂഹിക ചലനങ്ങളും ശ്രദ്ധിക്കുന്ന ആരും സമ്മതിക്കുന്ന ഒന്നാണ്!**

പാത. അതിലൂടെ ഒരാൾ അയാളുടെ കാളവണ്ടിയുമായി പോകുന്നു. കാളയുടെ മുതുകിൽ അയാൾ ഒരു ചാട്ട കൊണ്ട് അടിക്കുന്നു. ഇത് ദൂരെനിന്ന് നോക്കി നിൽക്കുന്ന ഒരു കുട്ടി നിഷ്കളങ്കമായി അച്ഛനോട് ചോദിക്കുന്നു: 'അച്ഛാ, ആ കാളവണ്ടിക്കാരൻ എന്തുകൊണ്ടാണ് ഇടതുഭാഗത്തുള്ള കാളയെ മാത്രം അടിക്കുന്നത്? രണ്ട് കാളകളുംകൂടിയാണല്ലോ വണ്ടി വലിക്കുന്നത്. പിന്നെന്തിനാണ് ഒരു കാളയെ മാത്രം തല്ലുന്നത്?'

അച്ഛൻ പറഞ്ഞു: 'മോനേ, അതിന് പ്രത്യേകിച്ച് കാരണങ്ങളൊന്നും ഇല്ല. കാളവണ്ടിക്കാരന്റെ ഇടത്തെ കയ്യിലാണ് ചാട്ട. അപ്പോൾ അയാൾക്ക് അടിക്കാൻ സുഖം ഇടത്തെ ഭാഗത്തുള്ള കാളയെയാണ്!'

ഏതാണ്ട് ഇതുപോലെയാണ് ഇസ്ലാമിന്റെ അവസ്ഥ. സാമ്രാജ്യത്വത്തിന് അവരുടെ താൽപര്യങ്ങൾക്ക് എതിരു നിൽക്കുന്ന പ്രത്യയശാസ്ത്രം എന്ന നിലയ്ക്ക് ഇസ്ലാമിനെ അടിക്കാനാണ് സുഖം. അതൊരു അജണ്ടയായി അവർ സ്വീകരിക്കുകയും ചെയ്തിരിക്കുകയാണ്.



കാനഡയിലെ സംഭവത്തിൽ ആ ക്രൂരത നടത്തിയത് ഒരു മുസ്ലിം നാമധാരിയായിരുന്നുവെങ്കിൽ മാധ്യമങ്ങൾക്കത് ബഹുകേമമായിരിക്കും. ഒരാഴ്ച തള്ളിനീക്കാനുള്ള വിഷയമാക്കി അതിനെ അവർ പെരുപ്പിക്കുമായിരുന്നു.

അല്ലെങ്കിലും കാര്യങ്ങൾ എക്കാലത്തും അങ്ങനെ തന്നെയാണ്. ശത്രുവിനെ തീരുമാനിക്കുന്നതും ഒരാൾ, ശത്രുവിനെ തകർക്കാൻ നോക്കുന്നതും ഒരാൾ! തീരുമാനിക്കുന്നതും തകർക്കാനുള്ള വഴികൾ പറയുന്നതും സാമ്രാജ്യത്വം തന്നെ. ശത്രു എക്കാലത്തും ഇസ്ലാം തന്നെ.

ന്യൂ ജനറേഷൻ മൊബൈൽ ഫോണുകളിൽ ഒരു ആൻഡ്രോയ്ഡ് ആപ്ലിക്കേഷൻ ഉണ്ട്. 'ബീറ്റ് യുവർ ബോസ്' എന്നാണ് പേര്. നമുക്ക് ഒരാളോട് ശത്രുതയുണ്ടെങ്കിൽ നാം അയാളുടെ ഒരു ഫോട്ടോ സംഘടിപ്പിക്കുക. എന്നിട്ട് അത് ആ ഗെയ്മിലേക്ക് അപ്ലോഡ് ചെയ്യുക. അപ്പോൾ നമ്മുടെ എതിരാളിയുടെ മുഖം നാം അപ്ലോഡ് ചെയ്ത ആളുടെ മുഖമായിരിക്കും. ശേഷം നമ്മൾ ഒരു ബോക്സിങ് ഗ്ലൗ ധരിക്കുക. എന്നിട്ട് നമ്മുടെ കൈത്തരിപ്പ് തീരുന്നതുവരെയോ എതിരാളി നിലം പതിക്കുന്നതുവരെയോ ഇടിക്കുക.

സത്യത്തിൽ വർത്തമാന കാലഘട്ടത്തിൽ ഇതാണ് ഇസ്ലാമിന്റെ അവസ്ഥ. ഇസ്ലാംഭീതി പടർത്തി ഇസ്ലാമിനെ ഒരു ശത്രുവായി കാണണമെന്നുള്ള രീതിയിൽ ഒരു പൊതുബോധം സൃഷ്ടിക്കുന്നതും അതിനെ തല്ലുന്നതും സാമ്രാജ്യത്വമാണ്. അവർ തന്നെയാണ് ശത്രുവിനെ തീരുമാനിക്കുന്നതും അവർ തന്നെയാണ് അതിനെ തകർക്കാൻ നോക്കുന്നതും.

കാനഡയിലെ സംഭവത്തെ സംബന്ധിച്ച് കേരളത്തിലെ നാസ്തികാചര്യനായ സി.രവിചന്ദ്രൻ ഒരു പോസ്റ്റ് എഴുതുകയും മുഖപുസ്തകത്തിലൂടെ അത് പങ്കുവെക്കുകയും ചെയ്തു. കൊല ചെയ്തവന്റെ തലച്ചോറിൽ കയറിയിട്ടുള്ള 'മതം' എന്ന സോഫ്റ്റ്വെയറാണ് ആ കുറ്റകൃത്യത്തിന് കാരണം എന്ന സ്ഥിരം ന്യായം ടിയാൻ കുറിപ്പിൽ എഴുതിയിട്ടുണ്ട്.

കാനഡയിലെ സംഭവത്തിൽ താൻ ഖേദം പ്രകടിപ്പിച്ചിട്ടുണ്ട് എന്ന് ശിങ്കിടികളെ തോന്നിപ്പിക്കും വിധം ചില വരികൾ കുറിപ്പിന്റെ ആദ്യഭാഗത്ത് പിടിപ്പിക്കുകയും പിന്നീടുള്ള ഭാഗത്ത് മതമാണ് ആ കൊലയാളിയെക്കൊണ്ട് അത് ചെയ്യിച്ചത് എന്ന് എഴുതുകയും ചെയ്യുമ്പോൾ അതിന്റെ മറുപുറമായി അദ്ദേഹം പറയാൻ ശ്രമിക്കുന്നത് എന്താണ് എന്ന് മനസ്സിലാക്കാൻ നമുക്ക് വലിയ പ്രയാസമില്ല.

മതവിശ്വാസിയല്ലായിരുന്നു എങ്കിൽ നാഥാനിയേൽ വെൽറ്റ്മാൻ ഈ ക്രൂരകൃത്യം ചെയ്യുമായി

രുന്നില്ല എന്നാണല്ലോ രവിചന്ദ്രൻ പറയാൻ ശ്രമിക്കുന്നത്. എത്ര സമർഥമായിട്ടാണ് അദ്ദേഹം മതത്തിന്റെ നേരെ കുതിരകയറാൻ നോക്കുന്നത്. മതമാണ് തീവ്രവാദത്തിന്റെ കാരണം എന്ന് പറയാൻ ശ്രമിക്കുന്ന രവിചന്ദ്രനോട് ചില ചോദ്യങ്ങൾ തിരിച്ച് ചോദിക്കാനുണ്ട്.

ലക്ഷക്കണക്കിന് നിരപരാധികളായ മനുഷ്യരെ നാടുകടത്തുകയും കൊന്നൊടുക്കുകയും ഡിറ്റൻഷൻ ക്യാമ്പുകളിൽ പാർപ്പിച്ച് പീഡനങ്ങൾ അഴിച്ചുവിടുകയും ചെയ്ത ഫാഷിസ്റ്റ് ഇറ്റലിയുടെ ഏകാധിപതിയായിരുന്ന ബെനിറ്റോ മുസോളിനി മതവിശ്വാസിയായിരുന്നില്ല.

അദ്ദേഹം ചെറുപ്പത്തിൽ ക്രൈസ്തവ വിശ്വാസത്തിൽ വളർന്ന ആളായിരുന്നുവെങ്കിലും വലുതായപ്പോൾ മതം ഉപേക്ഷിച്ച് ഒരു നിരീശ്വരവാദി ആവുകയായിരുന്നു എന്ന് അദ്ദേഹത്തിന്റെ ഭാര്യയായ റേച്ചൽ മുസോളിനി Mussolini an Intimate Biography എന്ന പുസ്തകത്തിൽ സൂചിപ്പിക്കുന്നുണ്ട്.

ഇറ്റലിയിലെ ലക്ഷകണക്കിന് വരുന്ന മനുഷ്യരെ കൊന്നൊടുക്കാൻ മുസോളിനിക്ക് കാരണമായത് ഏത് മതമാണാവോ? രവിചന്ദ്രന് എന്താണ് അതിൽ പറയാനുള്ളത്?

കാനഡയിൽ മരണപ്പെട്ട ആ മുസ്‌ലിം കുടുംബത്തിന്റെ സംസ്‌കരണ ചടങ്ങുകളിൽ ജസ്റ്റിൻ ട്രൂഡോ നേരിട്ട് പങ്കെടുത്തു. 'ഈ കുടുംബത്തിന്റെ വേദനയിൽ ഈ നാട് മൊത്തം പങ്കുചേരുന്നു. ആരും ഭയക്കേണ്ടതില്ല, എല്ലാവരും നിങ്ങൾക്കൊപ്പം' എന്ന് പറഞ്ഞ് അവരെ ചേർത്തുപിടിച്ച് അദ്ദേഹം ആശ്വസിപ്പിച്ചു.

ജാതീയതയിലധിഷ്ഠിതമായ ഒരു സവർണ ഹിന്ദുത്വരാഷ്ട്രം നിർമിക്കാൻ കോപ്രായങ്ങൾ കാണിക്കുന്ന രാജ്യത്തിന്റെ പ്രധാനമന്ത്രിക്കും ആഭ്യന്തര മന്ത്രിക്കും കനേഡിയൻ പ്രസിഡന്റിൽനിന്നും ഒരുപാട് പഠിക്കാനുണ്ട്.

ഈ കുടുംബത്തെ സന്ദർശിച്ച് സാന്ത്വനത്തിന്റെ വാക്കുകൾ പകർന്നുനൽകിയതിന് ശേഷമാണ് അദ്ദേഹം പാർലമെന്റിൽ വെച്ച് വൈകാരികമായി സംസാരിച്ചത്. ആ സംസാരമധ്യെ അദ്ദേഹം പറഞ്ഞു: 'ആ മരണപ്പെട്ടവരുടെ കുടുംബത്തിന്റെ കണ്ണിൽ നോക്കി ഞാൻ എങ്ങനെയാണ് ഇവിടെ ഇസ്‌ലാമോഫോബിയ ഇല്ലെന്ന് പറയുക?'

ഇസ്‌ലാമോഫോബിയ ഒരു യാഥാർഥ്യമാണ് എന്ന് അദ്ദേഹം തുറന്നുപറയുകയാണ് ചെയ്തത്. കാനഡയിൽ നടന്നത് അതിന്റെ ഏറ്റവും ഒടുവിലത്തെ ഉദാഹരണം മാത്രമാണ്. അതിന് തത്തുല്യമായ എത്രയോ ഉദാഹരണങ്ങൾ ഇതിനും മുമ്പും ലോകത്ത് നടന്നിട്ടുണ്ട്.




2015ൽ അമേരിക്കയിലെ ടെക്സസിൽ 'ക്ലോക്ക് ബോയ്' എന്ന പേരിൽ വിളിക്കപ്പെട്ട 14 വയസ്സുകാരനായ അഹ്‌മദ് മുഹമ്മദ് എന്ന സുഡാനി വംശജനായ ഒരു വിദ്യാർഥി വീട്ടിൽവെച്ച് താൻ തന്നെ സ്വയം അസംബ്ൾ ചെയ്ത ഒരു ക്ലോക്കുമായി സ്‌കൂളിലെത്തി. അധ്യാപകരുടെയും സുഹൃത്തുക്കളുടെയും തലോടലും അഭിനന്ദനം ഉൾകൊള്ളുന്ന വാക്കുകളും മറ്റും അവന്റെ മനസ്സിലൂടെ പ്രതീക്ഷകളായി മാറിമറിഞ്ഞിട്ടുണ്ടായിരുന്നു.

എന്നാൽ കാര്യങ്ങൾ അവന്റെ കണക്കുകൂട്ടലുകൾക്കും എത്രയോ അപ്പുറത്തായിരുന്നു. ക്ലാസിലെത്തിയ 'മുസ്‌ലിമായ' അഹ്‌മദ് മുഹമ്മദിന്റെ ബാഗിൽനിന്ന് ടീച്ചർ ഒരു 'ടിക് ടിക്' ശബ്ദം കേൾക്കുന്നു! എങ്കിൽ അത് ബോംബാകാനേ സാധ്യതയുള്ളൂ എന്ന് മനസ്സിൽ കുറിച്ചിട്ട് ടീച്ചർ പോലീസിൽ ചെന്ന് പരാതിപ്പെടുന്നു. അതിന്റെ അടിസ്ഥാനത്തിൽ ആ 'പതിനാലുകാരനെ' പോലീസ് അറസ്റ്റ് ചെയ്ത് കൊണ്ടുപോകുന്നു. ശേഷം നിരപരാധിയാണ് എന്ന് ബോധ്യപ്പെടുന്നു.

അഹ്മദ് മുഹമ്മദിനെ വിട്ടയച്ചെങ്കിലും ഇസ്‌ലാമോഫോബിയയുടെയും വംശവെറിയുടെയും ഇരയാണ് ആ കുട്ടി എന്ന നിലയ്ക്ക് മുദ്രകുത്തപ്പെടുന്നു.

ലോകനാസ്തികരുടെ ആചാര്യനായി അറിയപ്പെടുന്ന റിച്ചാർഡ് ഡോക്കിൻസ് അഹ്മദ് മുഹമ്മദിനെ കൗമാരക്കാരനായ ഒരു ഐഎസ് അക്ടിവിസ്റ്റുമായി താരതമ്യം ചെയ്യുകയും അവൻ അവന്റെ തലച്ചോർ ഉപയോഗിച്ച് നിർമിച്ചെടുത്ത ആ ക്ലോക്കിനെ പറ്റി അത് ഒരു തരം ഹോക്സ്(തട്ടിപ്പ്) ആണ് എന്നുകൂടി പറയുകയും ചെയ്തപ്പോൾ ഇസ്‌ലാം ഭീതി ലോകത്ത് എത്രമാത്രം മൂർത്തീഭാവം സ്വീകരിച്ചിട്ടുണ്ട് എന്ന് മനസ്സിലാക്കാൻ നമുക്ക് കഴിയുന്നുണ്ട്.

ഈ കഴിഞ്ഞ 2019ലാണ് ബ്രെന്റൻ ടറാന്റ് എന്ന ഒരു വ്യക്തി ന്യൂസിലാന്റിലെ ക്രൈസ്റ്റ് ചർച്ചിലെ ഒരു മുസ്‌ലിം പള്ളി ആക്രമിക്കുകയും അൻപതിൽ പരം വിശ്വാസികളെ അതിദാരുണമായ രീതിയിൽ വെടിവെച്ച് കൊലപ്പെടുത്തുകയും ചെയ്തത്. ഇസ്‌ലാമിനോടുള്ള വെറുപ്പും വിദ്വേഷവുമാണ് ബ്രെന്റൻ ടറാന്റിനെ ആ കുറ്റകൃത്യത്തിന് പ്രേരിപ്പിച്ചത്. ഇസ്‌ലാം ഭീതി അദ്ദേഹത്തിന്റെ മനസ്സിൽ എത്രമാത്രം സ്വാധീനം സൃഷ്ടിച്ചിട്ടുണ്ട് എന്ന് ആ സംഭവം നമ്മെ ബോധ്യപ്പെടുത്തിത്തരുന്നുണ്ട്.

ഇസ്‌ലാമോഫോബിയ കേവലം ഒരു ഗൂഢാലോചന സിദ്ധാന്ത(Conspiracy Theory)മല്ലെന്നും അത് തെളിഞ്ഞ ഒരു യാഥാർഥ്യമാണ് എന്നും ആഗോള രാഷ്ട്രീയവും സാമൂഹിക ചലനങ്ങളും ശ്രദ്ധിക്കുന്ന ആരും സമ്മതിക്കുന്ന ഒന്നാണ്!

ഏറ്റവും ഒടുവിൽ അത് കനേഡിയൻ പ്രസിഡന്റ് ജസ്റ്റിൻ ട്രൂഡോ തറപ്പിച്ച് പറയുകയും കൂടി ചെയ്ത സ്ഥിതിക്ക് ഇസ്‌ലാമോഫോബിയയുടെ നാൾവഴികളെ കുറിച്ചും ആ പദത്തിന്റെ ഉത്പത്തിയെക്കുറിച്ചുമുള്ള ചർച്ചകൾ ഇവിടെ കുറിക്കുന്നത് ഏറെ ഉപകരിക്കും എന്ന് തോന്നുന്നു. ഇസ്‌ലാം ഭീതിയുടെ രാഷ്ട്രീയം ഏറ്റവും മൂർധന്യത്തിൽ എത്തിയത് അമേരിക്കയിലെ ഇരട്ടഗോപുരങ്ങൾ തകർക്കപ്പെട്ട സെപ്തംബർ പതിനൊന്നിന് ശേഷമുള്ള പതിറ്റാണ്ടിലാണ്.

2001 സെപ്തംബർ 11 സംഭവത്തിന് ശേഷം ഇസ്‌ലാമിനെ ഭീകരതയെ പാലൂട്ടുന്ന മതമായും ലോകസമാധാനത്തിന് ഭീഷണി ഉയർത്തുന്ന ദർശനമായും അവതരിപ്പിക്കുന്നതിൽ ഇസ്‌ലാമോഫോബിയയുടെ വക്താക്കൾ വളരെ നിഗൂഢവും വ്യാപകവുമായ പദ്ധതി തന്നെ നടപ്പാക്കിയിട്ടുണ്ട്.

ലോകത്തെവിടെയും മുസ്‌ലിം നാമമോ ചിഹ്നങ്ങളോ ധരിക്കുന്നവർ സംശയിക്കപ്പെടുകയും നിന്ദിക്കപ്പെടുകയും പാർശ്വവൽക്കരിക്കപ്പെടുകയും ചെയ്യുന്ന ഒരു അവസ്ഥ സംജാതമാകുന്നിടത്താണ് ഇസ്‌ലാമോഫോബിയയുടെ വിജയം.

ഇസ്‌ലാമിനെയും മുസ്‌ലിംകളെയും കുറിച്ച് തെറ്റിദ്ധാരണ പരത്തി അവരെ സമൂഹത്തിൽ ഒറ്റപ്പെടുത്തുകയും പിശാചുക്കളും രാക്ഷസന്മാരുമായി അവരെ ചിത്രീകരിക്കുകയും ചെയ്യുന്ന പ്രവണതയെ കുറിക്കാനാണല്ലോ ഇസ്‌ലാമോഫോബിയ (Islamophobia) എന്ന പദം വ്യാപകാർഥത്തിൽ പ്രയോഗിക്കപ്പെടുന്നത്. ഇസ്‌ലാംഭീതി എന്നാണ് ഇതിന്റെ മലയാള പരിഭാഷ.

അൾജീരിയൻ എഴുത്തുകാരനായ സ്‌ലിമാൻ ബെൻ ഇബ്രാഹിം 1918ൽ ഫ്രഞ്ച് ഭാഷയിൽ എഴുതിയ പ്രവാചകന്റെ ജീവചരിത്രത്തിലാണ് ആദ്യമായി ഇസ്‌ലാമോഫോബിയ എന്ന പ്രയോഗം ഉപയോഗിച്ചത്.

ഈ പുസ്തകത്തിന്റെ ഇംഗ്ലീഷ് പരിഭാഷയിൽ ഇസ്‌ലാം ഭീതി എന്ന് പരിഭാഷപ്പെടുത്തുന്നതിന് പകരം ഇസ്‌ലാം വിരുദ്ധ മനോഭാവം (Feeling Inimical to Islam) എന്നായിരുന്നു കൊടുത്തിരുന്നത്. പിന്നീട് 1912നും 1918നും ഇടയിൽ ഫ്രഞ്ച് ഭാഷയിൽ ഇറങ്ങിയ നിരവധി കൃതികളിൽ ഈ വാക്ക് തുടർച്ചയായി പ്രയോഗിക്കപ്പെട്ടു.

ഇസ്‌ലാമോഫോബിയ എന്ന പ്രയോഗം ഇംഗ്ലീഷിൽ പ്രധാനമായും പ്രയോഗിച്ചത് എഡ്വേർഡ് സൈദാണ്; 1985ൽ Orientalism Reconsidered എന്ന പ്രബന്ധത്തിൽ. പിന്നീട് അഫ്ഗാനിൽ റഷ്യ നടത്തിയ അധിനിവേശ പ്രവർത്തനങ്ങളെ പരമാർശിച്ചുകൊണ്ട് 1991ൽ Insight on the News എന്ന വാർത്താമാഗസിൻ ഈ പദം ഉപയോഗിക്കുകയുണ്ടായി. അവിടം മുതലിങ്ങോട്ട് ഈ പദം ഓക്സ്ഫോർഡ് നിഘണ്ടുവിൽ ഇടം നേടി.

പ്രൊ.ഗോർഡൻ കോൺവെ (ബ്രിട്ടനിലെ സസക്സ് സർവകലാശാല വൈസ് ചാൻസലർ) അധ്യക്ഷനായി 1996ൽ രണ്ണിമെഡി ട്രസ്റ്റ് ബ്രിട്ടീഷ് മുസ്‌ലിംകളെയും ഇസ്‌ലാമോഫോബിയയെയും കുറിച്ച് പഠിക്കാൻ ഒരു കമ്മീഷനെ നിയമിക്കുകയുണ്ടായി. അവർ തയ്യാറാക്കിയ Islamophobia: A challenge for us all എന്ന റിപ്പോർട്ട് 1997ൽ അന്നത്തെ ബ്രിട്ടീഷ് ആഭ്യന്തര സെക്രട്ടറിയായിരു

ന്ന ജാക്സ്ട്രോവിന് സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിലാണ് ഇസ്‌ലാമോഫോബിയക്ക് വ്യക്തമായൊരു നിർവചനം വന്നത്. ഇസ്‌ലാം ഭീതിയെ കുറിച്ചുള്ള മുഴുവൻ പഠനങ്ങളിലും പ്രസ്തുത നിർവചനമാണ് ആധികാരികമായി ഉദ്ധരിക്കാറുള്ളത് . മുസ്‌ലിംകളെ സമൂഹത്തിൽനിന്ന് അന്യവൽകരിക്കുകയും അവർക്കെതിരെ വിവേചനം കാണിക്കുകയും ചെയ്യാൻ കാരണമാകുന്ന മുസ്‌ലിം വിരുദ്ധ മനോഭാവം എന്നാണ് ഇസ്‌ലാമോഫോബിയയെ രണ്ണിമെഡി കമ്മീഷൻ സാമാന്യമായി നിർവചിക്കുന്നത്.

ഇസ്‌ലാമിനെ കുറിച്ചുള്ള തെറ്റിദ്ധാരണകൾ നിലനിൽക്കുന്നിടത്താണ് ഇസ്‌ലാം ഭീതിയുടെ ചർച്ചകൾ വിജയം കാണുന്നത്. അതിനാൽ കൃത്യമായ രൂപത്തിൽ ശരിയായ ഇസ്‌ലാമിനെ പരിചയപ്പെടുത്തുന്ന ചർച്ചകൾ സജീവമാകുന്ന അന്തരീക്ഷത്തിൽ ഇസ്‌ലാമോഫോബിയ എന്ന 'വൈറസ്' വളരില്ല എന്ന് നമ്മൾ തിരിച്ചറിയുക.

ഇസ്‌ലാമോഫോബിയയുടെ പ്രവർത്തനങ്ങൾക്ക് നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്. പ്രവാചകന്മാരും വേദഗ്രന്ഥങ്ങളും എവിടേക്കല്ലാം കടന്നുവന്നിട്ടുണ്ടോ അവിടങ്ങളിലെ പുരോഹിതന്മാരെല്ലാം ഏറ്റെടുത്ത പ്രവർത്തനം തന്നെയാണ് ഇസ്‌ലാമോഫോബിയ എന്നത്!

ഇസ്‌ലാംഭീതി റോക്കറ്റ് വേഗതയിൽ ലോകത്ത് വ്യാപിച്ചുകൊണ്ടിരിക്കുമ്പോൾ മുസ്‌ലിം സമുദായത്തിനും പണ്ഡിതന്മാർക്കും പ്രബോധകന്മാർക്കും വലിയ ഉത്തരവാദിത്തങ്ങൾ നിറവേറ്റാനുണ്ട് എന്ന തിരിച്ചറിവാണ് ഉണ്ടാകേണ്ടത്.

സമാധാനത്തിന്റെ ദർശനത്തെ തീവ്രവാദവത്കരിക്കാനും അതിലൂടെ ഭീതിതമായ ഒരു അന്തരീക്ഷം ഇസ്‌ലാമിനെ കുറിച്ച് ഉണ്ടാക്കിക്കൊടുക്കാനും ശത്രുക്കൾ ശ്രമിക്കുമ്പോൾ നാം വിശ്വാസികൾ അവന്റെ ദീനിനെ ശരിയായ രൂപത്തിൽ പഠിക്കാൻ തയ്യാറാവുകയും അത് ജീവിതത്തിൽ പകർത്തി ശരിയായ വിശ്വാസികളായി ജീവിച്ച് മാതൃക കാണിച്ച് കൊടുക്കാൻ തയ്യാറാവുകയും ഇസ്‌ലാമിനെതിരെ വരുന്ന വിമർശനങ്ങൾക്ക് മറുപടി പറഞ്ഞ് തെറ്റിദ്ധാരണകൾ നീക്കാൻ രംഗത്ത് വരികയുമാണ് ചെയ്യേണ്ടത്.

വിമർശിക്കപ്പെടുംതോറും വളർന്നുപന്തലിച്ച് പുഷ്പിച്ച് പന്തലിച്ച ചരിത്രമാണ് ഇസ്‌ലാമിനുള്ളത്. എങ്കിൽ നിങ്ങൾ അറിയുക; എത്രപേരുടെ വായ മൂടിക്കെട്ടാൻ ശ്രമിച്ചാലും കൈകൾക്ക് ആമം വെക്കാൻ ശ്രമിച്ചാലും വിദ്വേഷം നിറഞ്ഞ മനസ്സുമായി ട്രക്കുകൾ ഉപയോഗിച്ച് മുസ്‌ലിംകളെ അരുകൊല ചെയ്യാൻ ഒരുങ്ങിപുറപ്പെട്ടാലും ഇസ്‌ലാം അതിന്റെ ജൈത്രയാത്ര നടത്തിക്കൊണ്ടേയിരിക്കും.




അതിനി ഇസ്‌ലാമോഫോബിയക്ക് ആക്കംകൂട്ടുന്ന നിയോകോണുകൾക്കും ഇവാഞ്ചലിസ്റ്റുകൾക്കും സയണിസ്റ്റുകൾക്കും തീവ്രദേശീയവാദികൾക്കും നിയോ നാസികൾക്കും അൾട്രാ സെക്കുലറിസ്റ്റുകൾക്കും എത്തിയിസ്റ്റുകൾക്കും ഹിന്ദുത്വ തീവ്രവാദികൾക്കും അനിഷ്ടകരമാണെങ്കിലും ശരി.

"അവർ അവരുടെ വായ്കൊണ്ട് അല്ലാഹുവിന്റെ പ്രകാശം കെടുത്തിക്കളയാനാണ് ഉദ്ദേശിക്കുന്നത്. സത്യനിഷേധികൾക്ക് അനിഷ്ടകരമായാലും അല്ലാഹു അവന്റെ പ്രകാശം പൂർത്തിയാക്കുന്നവനാകുന്നു. സൻമാർഗവും സത്യമതവും കൊണ്ട് എല്ലാ മതങ്ങൾക്കും മീതെ അതിനെ തെളിയിച്ചു കാണിക്കുവാൻ വേണ്ടി തന്റെ ദൂതനെ നിയോഗിച്ചവനാകുന്നു അവൻ. ബഹുദൈവാരാധകർക്ക് (അത്) അനിഷ്ടകരമായാലും ശരി." (ക്വുർആൻ 61:8,9).

ഹുസൈൻ സലഫി, ഷാർജ
hsalafi@gmail.com

ചരിത്രപഥം



# നബിﷺയുടെ പേരിലുള്ള കള്ളക്കഥകൾ

**മുഹമ്മദ് നബിﷺ 24**

ഇഹലോകവാസം വെടിഞ്ഞ മുഹമ്മദ് നബിﷺ ഉയിർത്തെഴുന്നേൽപിന്റെ നാളിന് മുമ്പായി ക്വബ്റിൽനിന്ന് പുറത്തേക്ക് വരുമോ? ഒരിക്കലുമില്ല! ഉണർച്ചയിൽ ഒരാൾക്കും തന്നെ വഫാത്തായ നബിﷺയെ കാണാൻ സാധ്യമല്ല. ആഇശؓയുടെ വീട്ടിലായിരിക്കെയാണല്ലോ നബിﷺ മരണപ്പെടുന്നത്. പ്രവാചകന്മാർ എവിടെവെച്ചാണോ മരണപ്പെടുന്നത് അവിടെയാണ് അവരെ ക്വബ്റടക്കുക. നബിﷺയുടെ ക്വബ്ർ ആഇശؓയുടെ ഹുജ്റയിലാണ് ഉള്ളത്. ആ ഹുജ്റ ഇന്ന് മദീനത്തെ പള്ളിയുടെ അകത്താണ് സ്ഥിതി ചെയ്യുന്നത്. അത് എങ്ങനെ സംഭവിച്ചു എന്നത് വിശദമായി നാം പറഞ്ഞിട്ടുള്ളതിനാൽ ഇവിടെ അതിനെപ്പറ്റി വിവരിക്കുന്നില്ല. ഇന്ന് നബിﷺയുടെ ക്വബ്ർ ഉണർച്ചയിൽ ഒരാൾക്കും കാണാൻ സാധിക്കാത്തവിധം ഭദ്രമായ മതിൽക്കെട്ടുകൾക്കുള്ളിലാണ് സ്ഥിതിചെയ്യുന്നത്.

നബിﷺയുടെ വഫാത്തിന് ശേഷം ആഇശ ؓ, നബിﷺയുടെ ക്വബ്‌റിന് ഇപ്പുറത്ത് ഒരു വിരി സ്ഥാപിച്ചു. വിരിക്ക് അപ്പുറത്ത് നബിﷺയുടെ ക്വബ്‌റും ഇപ്പുറത്ത് ആഇശ ؓയുടെ താമസസ്ഥലവുമായി. അങ്ങനെ നാൽപതോളം കൊല്ലം ആഇശ ؓ അവിടെ താമസിക്കുകയുണ്ടായി. ഈ കാലത്തിനിടക്ക് ഒരിക്കൽ പോലും പുന്നാര ഹബീബിനെ ഒരിക്കൽ പോലും അവർ കണ്ടില്ല. ആഇശ ؓക്ക് അല്ലാഹുവിനെ ശരിക്ക് അറിയാത്തതിനാലാണോ ഉണർച്ചയിൽ നബിﷺയെ കാണാൻ കഴിയാതിരുന്നത്?

നബിﷺയുടെ മരണശേഷം മകൾ ഫാത്വിമ ؓ ആറുമാസക്കാലം ജീവിക്കുകയുണ്ടായി. നബിﷺയെ അവരും ഉണർച്ചയിൽ കണ്ടിട്ടില്ല. നബിﷺയെ ജീവനെക്കാളെറെ സ്‌നേഹിച്ച ആയിരങ്ങൾ മദീനയിലും പരിസരങ്ങളിലും ഉണ്ടായിരുന്നുവല്ലോ. ആരെയും ഒരിക്കൽ പോലും ഒന്ന് കാണാൻ അവിടുന്ന് ക്വബ്‌റിൽനിന്ന് പുറത്തേക്ക് വന്ന ഒരു സംഭവം എവിടെയും നമുക്ക് കാണുക സാധ്യമല്ല.

നബിﷺയുടെ വിയോഗാനന്തരം സ്വഹാബിമാർക്കിടയിൽ ആരായിരിക്കണം ഖലീഫ എന്ന വിഷയത്തിൽ തർക്കമുണ്ടായി. ചൂടുപിടിച്ച തർക്കങ്ങളും വാഗ്വാദങ്ങളും മുഹാജിറുകൾക്കും അൻസ്വാറുകൾക്കും ഇടയിൽ ഉണ്ടായി. അത് പരിഹരിക്കാൻ നബിﷺ ജീവനോടെ വന്നോ? അങ്ങനെ വരാനും കാണാനും സംസാരിക്കാനും കഴിയുമായിരുന്നെങ്കിൽ സ്വഹാബിമാർ നബിﷺയെ പ്രശ്‌നപരിഹാരത്തിനായി വിളിക്കുമായിരുന്നില്ലേ? അവർ വിളിച്ചില്ല. നബിﷺ അന്ത്യനാൾവരെ ക്വബ്‌റിൽനിന്ന് പുറത്തേക്ക് വരില്ലെന്നും ആരോടും സംസാരിക്കില്ലെന്നും മനസ്സിലാക്കിയവരായിരുന്നു അവരെല്ലാം.

നബിﷺയുടെ വഫാത്തിന് ശേഷം അബൂബക്ർ ؓവിനും ഫാത്വിമ ؓക്കും ഇടയിൽ അനന്തരാവകാശ സംബന്ധമായ വിഷയത്തിൽ ഒരു അഭിപ്രായവ്യത്യാസം ഉണ്ടായി. ക്വബ്‌റിൽ കിടക്കുന്ന പിതാവ് പുറത്തുവന്ന് 'മോളേ, നീ മനസ്സിലാക്കിയത് ശരിയല്ല' എന്ന് പറഞ്ഞുകൊടുത്തോ? ഇല്ല! അബൂബക്ർ ؓ ആണ് ഫാത്വിമ ؓക്ക് അതിനെക്കുറിച്ച് പറഞ്ഞുകൊടുത്തത്. പ്രവാചകന്മാർ വിട്ടേച്ചുപോകുന്ന സ്വത്ത് അനന്തരമെടുക്കപ്പെടുന്നതല്ലെന്നും അത് സ്വദക്വയായി ഉപേക്ഷിക്കുകയാണ് പതിവെന്നും അബൂബക്ർ ؓ പറഞ്ഞപ്പോഴാണ് ഫാത്വിമ ؓയുടെ സംശയം നീങ്ങിയത്.

ജമൽ യുദ്ധത്തിൽ ത്വൽഹ ؓ, സുബൈർ ؓ, ആഇശ ؓ തുടങ്ങിയവർ ഒരു വശത്തും അലി ؓ മറുവശത്തും ആയിരുന്നു. അന്ന് അവർക്കിടയിലെ പ്രശ്‌നത്തിന് മധ്യസ്ഥനായി നബിﷺ ക്വബ്‌റിൽ നിന്ന് പുറത്ത് വന്നില്ലല്ലോ. അലി ؓയും മുആവിയ ؓവും തമ്മിൽ സ്വിഫ്ഫീൻ യുദ്ധം ഉണ്ടായി. അന്നും നബിﷺ ക്വബ്‌റിൽനിന്ന് പുറത്ത് വന്നില്ല. അലി ؓയും ഖവാരിജുകളും തമ്മിലും രൂക്ഷമായ പോരാട്ടം നടന്നിട്ടുണ്ട്. അന്ന് ഖവാരിജുകളുടെ പിഴച്ച വാദങ്ങൾ തെറ്റാണെന്ന് പറയാൻ നബിﷺ ക്വബ്‌റിൽ നിന്ന് പുറത്ത് വന്നിട്ടില്ല. ഇങ്ങനെയുള്ള ഒരു സന്ദിഗ്ധഘട്ടത്തിലും നബിﷺ ക്വബ്‌റിൽനിന്ന് പുറത്ത് വരികയോ നബിﷺയോട് പ്രശ്‌നത്തിൽ ഇടപെടണമെന്ന് സ്വഹാബികൾ ആരെങ്കിലും ആവശ്യപ്പെടുകയോ ചെയ്തിട്ടില്ല.

ഉമർ ؓ പല സന്ദർഭങ്ങളിലും നബിﷺ നമ്മോട് വേർപിരിഞ്ഞിട്ടില്ലായിരുന്നെങ്കിൽ അദ്ദേഹത്തോട് ചോദിച്ച് എന്റെ സംശയങ്ങൾക്ക് നിവാരണംവരുത്താമായിരുന്നു എന്ന് കൊതിച്ചിരുന്നു എന്ന ആശയത്തിൽ ബുഖാരിയിലും മുസ്‌ലിമിലുമെല്ലാം ചില റിപ്പോർട്ടുകൾ നമുക്ക് കാണാവുന്നതാണ്. ഉമർ ؓവിന്റെ സംശങ്ങൾ ദൂരീകരിച്ചുകൊടുക്കുന്നതിനായി ഒരിക്കൽ പോലും നബിﷺ ക്വബ്‌റിൽനിന്ന് പുറത്ത് വന്നിട്ടില്ല.

> **നബിﷺയുടെ വിയോഗാനന്തരം സ്വഹാബിമാർക്കിടയിൽ ആരായിരിക്കണം ഖലീഫ എന്ന വിഷയത്തിൽ തർക്കമുണ്ടായി. ചൂടുപിടിച്ച തർക്കങ്ങളും വാഗ്വാദങ്ങളും മുഹാജിറുകൾക്കും അൻസ്വാറുകൾക്കും ഇടയിൽ ഉണ്ടായി. അത് പരിഹരിക്കാൻ നബിﷺ ജീവനോടെ വന്നോ? അങ്ങനെ വരാനും കാണാനും സംസാരിക്കാനും കഴിയുമായിരുന്നെങ്കിൽ സ്വഹാബിമാർ നബിﷺയെ പ്രശ്‌നപരിഹാരത്തിനായി വിളിക്കുമായിരുന്നില്ലേ? അവർ വിളിച്ചില്ല. നബിﷺ അന്ത്യനാൾവരെ ക്വബ്‌റിൽനിന്ന് പുറത്തേക്ക് വരില്ലെന്നും ആരോടും സംസാരിക്കില്ലെന്നും മനസ്സിലാക്കിയവരായിരുന്നു അവരെല്ലാം.**

അല്ലാഹുവിന്റെ റസൂൽﷺ ഈ ലോകത്തുനിന്ന് വിട്ടുപിരിഞ്ഞിട്ടുണ്ട്. അവിടുന്ന് ഇപ്പോൾ അല്ലാഹുവിന്റെ പ്രത്യേകമായ അനുഗ്രഹത്താൽ സുഖത്തോടെ അത്യുന്നതമായ പദവിയിൽ ബർസഖിൽ കഴിഞ്ഞുകൂടുകയാണ്. അവിടുത്തെ ശരീരം ഇന്ന് നമുക്ക് ഉണർച്ചയിൽ കാണാൻ യാതൊരു നിർവാഹവുമില്ല. ചില വിവരമില്ലാത്ത സ്വൂഫികൾ പറയുന്ന കാഴ്ചയുടെ കഥകളെല്ലാം അല്ലാഹുവിന്റെ റസൂലിന്റെ പേരിലുള്ള കള്ളമാണ്. അത് വിശ്വസിക്കുവാനോ അതിനെ സത്യപ്പെടുത്തുവാനോ ഒരു വിശ്വാസിക്ക് പാടില്ല തന്നെ. നബിﷺയുടെ പേരിൽ കള്ളം പറയുന്നതിന്റെ ഗൗരവം എത്ര വലുതാണെന്ന് മനസ്സിലാക്കാൻ രണ്ട് നബിവചനം ഇവിടെ കൊടുക്കുകയാണ്:

അബൂഹുറയ്റ﷛യിൽനിന്ന് നിവേദനം; അദ്ദേഹം പറഞ്ഞു: "അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു: ആരെങ്കിലും എന്റെ പേരിൽ മനഃപൂർവം കളവുപറഞ്ഞാൽ അവൻ നരകത്തിൽനിന്ന് അവന്റെ ഇരിപ്പിടം ഉറപ്പിച്ചുകൊള്ളട്ടെ" (മുസ്‌ലിം).



മുഗീറ﷛യിൽനിന്ന് നിവേദനം; അദ്ദേഹം പറഞ്ഞു: "നബിﷺ പറയുന്നതായി ഞാൻ കേട്ടു: എന്റെ മേലിൽ (പറയുന്ന) കളവ് നിങ്ങളിൽ ഒരാളുടെ മേലിൽ (പറയുന്ന) കളവ് പോലെയല്ല. (അതിനാൽ) ആരെങ്കിലും എന്റെ പേരിൽ മനഃപൂർവം കളവുപറഞ്ഞാൽ അവൻ നരകത്തിൽനിന്ന് അവന്റെ ഇരിപ്പിടം ഉറപ്പിച്ചുകൊള്ളട്ടെ." (ബുഖാരി).


ആരും തന്റെ പേരിൽ പറയുന്ന കളവ് ഇഷ്ടപ്പെടുകയില്ല. എല്ലാവരും അതിനെ വെറുപ്പോടെയും ദേഷ്യത്തോടെയുമാണ് കാണുക. എന്നാൽ കളവ് പറയുന്നത് നബിﷺയുടെ പേരിലാകുമ്പോൾ അതിന്റെ ഗൗരവം വർധിക്കുന്നു. അവർക്ക് നരകം ഉറപ്പാണ്.

നബിﷺ പറയാത്ത ഒരു കാര്യം അദ്ദേഹത്തിന്റെ പേരിൽ പറയാൻ പാടില്ല. നബിﷺ ചെയ്യാത്ത ഒരു കാര്യം അദ്ദേഹം ചെയ്തു എന്ന് പറയാൻ പാടില്ല. നബിﷺ മൗനാനുവാദം നൽകിയിട്ടില്ലാത്ത ഒരു കാര്യത്തെ പറ്റി, ഇത് നബിﷺ അനുവദിച്ചതാണെന്ന് പറയാൻ പാടില്ല. നബിﷺയുടെതല്ലാത്ത അവശിഷ്ടങ്ങളെ നബിﷺയുടെ അവശിഷ്ടമാണെന്ന് പറയാൻ പാടില്ല. എല്ലാം ഏറെ ഗൗരവമുള്ള കാര്യമാണ്. നല്ല ഉദ്ദേശ്യങ്ങൾക്കായി നബിയുടെ പേരിൽ ഹദീഥുകൾ നിർമിക്കാം എന്ന് വാദിക്കുന്ന ചില കക്ഷികളുമുണ്ട്.

നമ്മുടെ നാട്ടിലെ മുസ്‌ല്യാക്കന്മാർ എന്തെല്ലാമാണ് നബിﷺയുടെ പേരിൽ പറയുന്നത്?! മദീനയിൽ പോയപ്പോൾ ഉസ്താദിന്റെ അടുത്തേക്ക് നബിﷺ ക്വബ്റിൽനിന്ന് പുറത്ത് വന്നെന്നും, മർകസിന് തറക്കല്ലിടാൻ ചെല്ലാൻ പറഞ്ഞു എന്നുമെല്ലാം തട്ടിവിടുന്നവർ മുകളിൽ കൊടുത്തിട്ടുള്ള ഹദീഥുകൾ ശ്രദ്ധിക്കുന്നത് നല്ലതാണ്. ഇത്തരത്തിലുള്ള ആളുകൾ നബിﷺയുടെ പേരിൽ കളവ് പ്രചരിപ്പിക്കുമ്പോൾ അതിനെതിരെ പ്രമാണങ്ങൾ ഉദ്ധരിച്ച് പോരാടാൻ വിശ്വാസികൾ കടമപ്പെട്ടവരാണ്.

നബിﷺയുടെ പേരിൽ പറഞ്ഞ എത്ര കളവുകളാണ് ശഅ്റാനിയുടെ സംസാരത്തിൽനിന്ന് നാം വായിച്ചത്. ഇത്തരം എന്തെല്ലാം കളവുകളാണ് നബിﷺയുടെ പേരിൽ കെട്ടിച്ചമച്ചിരിക്കുന്നത്! നമ്മുടെ നാടുകളിലെ സമസ്തക്കാർ ഭക്തിയാദരവോടെ ചൊല്ലുന്ന രിഫാഈ മൗലിദിൽ പറയുന്നത് നോക്കൂ. രിഫാഈ ശൈഖിന്റെ പേരിൽ കോഴിയെ ഉഴിഞ്ഞിട്ട് ചൊല്ലുന്ന മൗലിദിൽ പറയുന്ന സംഗതികളാണ് ഇനി പറയുന്നത്:

"ഹജ്ജിന് പോയ സന്ദർഭത്തിൽ അദ്ദേഹം മദീനയിൽ പോയി. ശ്രേഷ്ഠമായ ആ ഹുജ്റയുടെ നേരെ അദ്ദേഹം (രിഫാഈ ശൈഖ്) നിന്നു. എന്നിട്ട് അദ്ദേഹം (ഇപ്രകാരം) പാടി: 'എല്ലാ കൊല്ലവും എന്റെ റൂഹിനെയാണ് ഞാൻ അയക്കാറുണ്ടാ



യിരുന്നത്. എന്നാൽ ഈ വർഷം ഞാൻ എന്റെ ശരീരത്തോടെയാണ് വന്നിരിക്കുന്നത്. അതിനാൽ എന്റെ ചുണ്ടുകൾകൊണ്ടൊന്ന് ചുംബിക്കാൻ വേണ്ടി അങ്ങയുടെ ഇരുകൈകളും ഒന്ന് നീട്ടിയാലും.' അപ്പോൾ ക്വബ്റിൽനിന്ന് നബിﷺ തന്റെ വലതുകൈ (രിഫാഈ ശൈഖ്) ചുംബിക്കുമാറ് പുറത്തേക്കിട്ടു. ജനങ്ങൾ അത് നോക്കിനിൽക്കുന്നുണ്ടായിരുന്നു!"

വേറെ ചിലതിലുള്ളത് രിഫാഈ ശൈഖിന്റെ അടുത്തേക്ക് നബിﷺ ക്വബ്റിൽനിന്നും എഴുന്നേറ്റ് വന്ന് 'മോനേ അഹ്മദേ' എന്നു വിളിച്ച് കെട്ടിപ്പിടിച്ച് ക്വബ്റിലേക്ക് തന്നെ തിരിച്ചുപോയി എന്നാണുള്ളത്! ഇതെല്ലാം നബിﷺയുടെ പേരിൽ പറയുന്ന കള്ളക്കഥകളാണ്. ശൈഖ് അഹ്മദുൽ കബീറുൽ രിഫാഇക്ക് സ്വഹാബത്തിനെക്കാളും വലിയ സ്ഥാനമാണോ നബിﷺയുടെ അടുക്കൽ? പച്ചക്കള്ളമാണ് ഇതെന്ന് ചിന്തിക്കുന്ന ആർക്കും ബോധ്യമാകും.

നബിﷺയുടെ ജീവിതകാലത്ത് നബിയോട് സലാം പറയുന്നവർക്ക് ചുംബിക്കാനായി കൈകൊടുക്കൽ അവിടുത്തെ പതിവല്ലായിരുന്നു. പിന്നെ എങ്ങനെ തന്റെ പ്രിയപ്പെട്ട അനുചരന്മാർക്ക് നീട്ടിക്കൊടുക്കാത്ത കൈ പിൽക്കാലത്ത് വന്ന ഒരാൾക്ക് അവിടുന്ന് നീട്ടിക്കൊടുക്കും?

രിഫാഇയുടെ ചരിത്രം പലരും രേഖപ്പെടുത്തിയിട്ടുണ്ട്. താജുദ്ദീനുസ്സുബ്കി പോലും രിഫാഇയുടെ ചരിത്രം പറയുന്ന കൂട്ടത്തിൽ ഇപ്രകാരം ഒരു സംഭവം പറയുന്നില്ല. അഥവാ, ഇത് ആരോ കെട്ടിയുണ്ടാക്കിയ ഒരു കെട്ടുകഥ മാത്രമാകുന്നു. രിഫാഇയുടെ പേരിൽ വേറെയും കള്ളക്കഥകൾ ഉണ്ട്. അദ്ദേഹം നബിﷺയോട് പാട്ടിലൂടെ കാര്യം പറയുമ്പോൾ പാട്ടിലൂടെത്തന്നെ നബിﷺ മറുപടി നൽകിയെന്നും പ്രചരിപ്പിക്കുന്നുണ്ട്. ഇതെല്ലാം ഇസ്ലാമിക പ്രമാണവിരുദ്ധമായ ആശയങ്ങളാണ്.

### നബിﷺയുടെ പേരിലുള്ള കളവ് ഇവിടെയൊന്നും അവസാനിക്കുന്നില്ല!

"തീർച്ചയായും നബിﷺ അവിടുത്തെ ശരീരത്തോടെയും ആത്മാവോടുകൂടെയും ഭൂമിയിലെ ഏത് കോണിലും അവിടുത്തെ വഫാതിന് മുമ്പ് ഉണ്ടായിരുന്ന അതേരൂപത്തിൽ ഉദ്ദേശിക്കുന്നിടത്ത് ഹാജരാകും."

എന്തെല്ലാം കാര്യങ്ങളാണ് ഇതിലൂടെ തട്ടിവിടുന്നത്! നബിﷺക്ക് മരണശേഷം ഏത് സ്ഥലത്തും ഏത് മജ്‌ലിസിലും ഉദ്ദേശിക്കുന്ന രൂപത്തിൽ ഹാജരാകാൻ കഴിയുമെന്ന് പറയുന്നത് ഇസ്‌ലാമിക പ്രമാണങ്ങളിലുള്ള വിവരമില്ലായ്മ തന്നെയാണ്. സ്വഹാബിമാർക്കും സലഫുസ്സ്വാലിഹുകൾക്കും പരിചയമില്ലാത്ത ഇത്തരം വിശ്വാസങ്ങൾ കൊണ്ടുനടക്കുന്നവർക്ക് എങ്ങനെ അവരുടെ പിൻഗാമികളായി അഭിമാനിക്കാൻ കഴിയും?

'ഔദാര്യത്തിന്റെ ആരാമം' എന്ന ഒരു പുസ്തകത്തിൽ ഇപ്രകാരം കാണാം: "അല്ലാഹുവിന്റെ റസൂൽﷺ ഓരോ മുസൽമാന്റെയും കൂടെത്തന്നെയുണ്ട്. തങ്ങൾ എല്ലാവരുടെയും പ്രവർത്തനങ്ങൾ വ്യക്തമായി കാണുകയും അറിയുകയും ചെയ്തുകൊണ്ടിരിക്കുന്നു...

നബിﷺ തങ്ങൾ ഈ ഉമ്മത്തിന് സാക്ഷിയാവുകയും നാമെല്ലാവരും ഉമ്മത്തികളുമാണെങ്കിൽ തീർച്ചയായും നമ്മുടെ ഇടയിലും പുന്നാര നബിﷺ തങ്ങൾ ഉണ്ടാവണം...

സുന്നത്തു ജമാഅത്തിന്റെ വിശ്വാസപ്രകാരം ബഹുമാനപ്പെട്ട നബിﷺ തങ്ങൾ എല്ലാവരുടെയും സമീപത്തുതന്നെയുണ്ട്. അത് നബിﷺ തങ്ങൾ പല ഹദീസുകളിലും വ്യക്തമാക്കിയതുമാണ്."

നബിﷺയെ പറ്റി എത്ര അപകടം പിടിച്ച കാര്യങ്ങളാണ് ഈ വരികളിലൂടെ പഠിപ്പിക്കുന്നത്! ക്വുർആനിൽ നബിﷺ ഉമ്മത്തിന് സാക്ഷിയാണ് എന്ന് പറയുന്ന ആയത്തിനെ ഈ വികല വിശ്വാസത്തിന് ദുർവ്യാഖ്യാനിക്കുകയും ചെയ്തു.

സ്വൂഫി ശൈഖുമാരുടെ കോലത്തിൽ നബിﷺ വരുമെന്നും പ്രചരിപ്പിക്കുന്നത് കാണാം. അതുപോലെ നബിﷺ നേരിട്ടുവന്ന് പഠിപ്പിച്ച ദിക്റുകളും സ്വലാത്തുകളുമൊക്കെ ജനങ്ങൾക്കിടയിൽ ചിലർ പരിചയപ്പെടുത്താറുണ്ട്. 'സ്വലാത്തു ജൗഹറത്തുൽ കമാൽ' എന്ന സ്വലാത്ത് നബിﷺ വന്ന് പഠിപ്പിച്ചതാണ് പോലും! ഈ സ്വലാത്ത് സമൂഹത്തിൽ പ്രചരിപ്പിച്ച വ്യക്തി അവകാശപ്പെടുന്നത് ഇങ്ങനെയാണ്:

"എന്നാൽ ജൗഹറത്തുൽ കമാൽ, അത് അല്ലാഹുവിന്റെ റസൂൽﷺ നമ്മുടെ ശൈഖിന് ഉണർച്ചയിൽ തന്നെ -ഉറക്കത്തിലല്ല-പകർന്നതാകുന്നു. അതിന്റെ ശ്രേഷ്ഠതയെ ശൈഖ് പറഞ്ഞു തന്നിട്ടുണ്ട്. അത് ഒരു തവണ (ചൊല്ലുന്നത്) ലോകം (ലോകത്തുള്ളവർ) മൂന്ന് തവണ ശുദ്ധിയോടെ തസ്ബീഹ് ചൊല്ലുന്നതിന് തുല്യമാണ്. അതിനെ ആരെങ്കിലും ഓരോ ദിവസവും ഏഴ് തവണ ചൊല്ലിയാൽ നബിﷺ അവനെ ഇഷ്ടപ്പെടുകയും നബിﷺയും നാല് ഖലീഫഃമാരും അത് ഏഴ് തവണ ചൊല്ലുന്നവന്റെ അടുക്കൽ സന്നിഹിതനാകുന്നതാണെന്നും, ആ ദിക്റിൽ നിന്ന് ഒഴിവാകുന്നതുവരെ അവർ അവനെ വേർപെടുകയുമില്ല."

ശൈഖ് ഉണർന്നിരിക്കുമ്പോൾ തന്നെ നബിﷺ ശൈഖിനെ സമീപിക്കുകയും എന്നിട്ട് ഈ സ്വലാത്ത് പഠിപ്പിക്കുകയും ചെയ്തു എന്നും, ഈ സ്വലാത്ത് ആരെങ്കിലും ഒരു തവണ ചൊല്ലുന്നത് ലോകത്തുള്ളവർ എല്ലാവരും അംഗശുദ്ധിയോടെ മൂന്ന് തവണ അല്ലാഹുവിനെ തസ്ബീഹ് നടത്തുന്നതിന് തുല്യമാണെന്നും, എല്ലാ ദിവസവും ഏഴ് പ്രാവശ്യം ചൊല്ലുന്നവനെ നബിﷺ ഇഷ്ടപ്പെടുമെന്നും, ഈ ദിക്റ് ചൊല്ലുന്നവന്റെ അടുക്കൽ അത് ചൊല്ലിത്തീരുന്നത് വരെ നബിﷺയും നാല് ഖലീഫമാരും ഉണ്ടാകുകയും ചെയ്യുമെന്നാണ് പറയുന്നത്. ഒരേസമയത്ത് വിവിധ സ്ഥലങ്ങളിൽ ഉള്ളവർ ഇത് ചൊല്ലിയാൽ റസൂൽﷺ എങ്ങനെ എല്ലാവരുടെയും അടുത്ത് സന്നിഹിതരാകും? ഇങ്ങനെയൊന്നും ചോദിക്കരുത്! നബിﷺ ജീവിച്ചിരിക്കുന്ന കാലത്ത് പഠിപ്പിക്കാത്ത ഇത്തരം ദിക്റുകളും സ്വലാത്തുകളുമെല്ലാം പിൽക്കാലത്ത് കെട്ടിയുണ്ടാക്കുകയും അത് നബിയുടെ പേരിൽ ചാർത്തുകയും ചെയ്ത് സമൂഹത്തിന്റെ ഈമാൻ നഷ്ടപ്പെടുത്തി, അവരെ വഴികേടിലാക്കുകയാണ് ഇവർ ചെയ്യുന്നത്. ഈ സ്വലാത്തിന് ഇവരുടെയടുത്ത് ഇനിയും പോരിശകളുണ്ട്.

"ആരെങ്കിലും ഇത് പത്ത് തവണ പാരായണം ചെയ്യുകയും അല്ലാഹുവിന്റെ റസൂലേ ഇത് അങ്ങേക്ക് എന്നിൽനിന്നുള്ള ഹദ്‌യയാണെന്ന് പറയുകയും ചെയ്താൽ, അവൻ നബിﷺയെയും ഔലിയാഇനെയും ആദ്യം മുതലുള്ള ഈ സമയംവരെയുള്ള സ്വാലിഹുകളെയും സിയാറത്ത് ചെയ്തവനെ പോലെയാകുന്നു."

"ആർക്കെങ്കിലും വല്ല ബുദ്ധിമുട്ടോ ക്ലേശമോ ഇറങ്ങുകയും (എന്നിട്ട്) അവൻ ഇത് അറുപത്തി അഞ്ച് തവണ പാരായണം ചെയ്യുകയും ചെയ്താൽ ആ സമയത്ത് അല്ലാഹു അവന് ഒരു വിടവ് നൽകുകയും, അല്ലാഹു അവനെ ശ്രേഷ്ഠനാക്കുകയും, (അവന്) വിശാലത നൽകുകയും ചെയ്യുന്നതാകുന്നു. അല്ലാഹു ഉദ്ദേശിക്കുന്നവരെ അവൻ പ്രത്യേകമാക്കുന്നു. അല്ലാഹുവാകുന്നു മഹത്തായ ഔദാര്യമുള്ളവൻ."

അതുപോലെ 'ദുആഉസ്സയ്ഫിയ,' 'ദുആഅ് യാമൻ അള്ഹറൽ ജമീൽ' തുടങ്ങിയ നിർമിത ദിക്റുകളും കാണാം. ഇതെല്ലാം റസൂലിﷺനോ സ്വഹാബിമാർക്കോ പരിചയമില്ലാത്തതാണ്. ഇതിനെ പ്പറ്റിയുള്ള അവകാശവാദം ഇങ്ങനെയാണ്:



“എല്ലാവരുടെയും നേതാവായവരിൽനിന്ന് നമ്മുടെ നേതാവ് (സ്വൂഫി ശൈഖ്) എന്നോട് പറഞ്ഞത് പ്രകാരം ഇതിൽനിന്ന് ഒരു തവണ ഇത് (ചൊല്ലുന്നത്) റമദാനിലെ നോമ്പിനും ലൈലതുൽ ക്വദ്‌റിലെ രാത്രി നിസ്‌കാരത്തിനും ഒരു കൊല്ലത്തെ ആരാധനകൾക്കും തുല്യമാണ്.”

“ദുആഉസ്സയ്ഫിലെ മഹത്തായ ദുആയാണ് യാമൻ അള്ഹറ... അത് ജിബ്‌രീലിൽനിന്ന് നബിﷺക്ക് ഹ്ദയയായി ലഭിച്ചതാകുന്നു. ജിബ്‌രീൽ നബിﷺനെ അറിയിച്ചു: ഏഴ് ആകാശങ്ങളിലെ മലക്കുകൾ അതിനെ വിശേഷിപ്പിക്കാനായി ഒരുമിച്ചു കൂടുകയാണെങ്കിൽ ക്വിയാമത്ത്നാൾ വരെ അതിനെ വിശേഷിപ്പിക്കാൻ അവർക്ക് കഴിയില്ല” (അത്രയും പോരിശയാക്കപ്പെട്ടതാണെന്ന് അർഥം).

അടക്കപ്പെട്ടതെല്ലാം തുറക്കുന്ന ഒരു സ്വലാത്ത് ഉണ്ട്. ‘സ്വലാത്തുൽ ഫാതിഹ് ലിമാ ഉഅ്‌ലിക്വ’ എന്നാണ് അതിന്റെ പേര്. എന്താണ് അതിന്റെ പ്രത്യേകത? ഒരു ലക്ഷം സമുദായങ്ങൾ ഉണ്ടെന്ന് വിചാരിക്കുക. ഓരോ സമുദായത്തിനും ഒരോ ലക്ഷം വീതം ഗോത്രങ്ങളും. അപ്പോൾ എത്രയായി? ഓരോ ഗോത്രത്തിലും ഒരു ലക്ഷം പുരുഷന്മാർ. ഓരോരുത്തരെയും ഓരോ കൊല്ലം ജീവിപ്പിച്ചു എന്ന് സങ്കൽപിക്കുക. എന്നിട്ട് ഓരോരുത്തരും എല്ലാ ദിവസവും ഈ സ്വലാത്ത് അല്ലാത്ത ഒരു സ്വലാത്ത് ആയിരം തവണ ചൊല്ലിയാലും ഈ സ്വലാത്ത് ഒരു തവണ ചൊല്ലുന്ന പ്രതിഫലം ലഭിക്കില്ല. ഹോ, എന്തൊരു പോരിശ! അല്ലാഹുവിന്റെ റസൂൽﷺ സ്വഹാബത്തിന് പകർന്ന് നൽകിയ ദീനിൽ ഇങ്ങനെയൊരു സ്വലാത്ത് ഇല്ല.

ഇനിയും എത്രയോ നിർമിതങ്ങളായ ദിക്‌റുകളും സ്വലാത്തുകളും അവയുടെ പോരിശകളും പറയുന്ന ഭാഗങ്ങൾ പിഴച്ച കക്ഷികളുടെ കിതാബുകളിൽ നിന്ന് ഉദ്ധരിക്കാൻ കഴിയും. തൽക്കാലം ഇത്രയും കൊണ്ട് അവസാനിപ്പിക്കാം.

ഇതൊക്കെ അവകാശപ്പെടുന്ന ഈ പിഴച്ച കക്ഷികൾ (തീജാനികൾ) അല്ലാഹുവിന്റെ റസൂൽﷺ തന്നിൽ ഏൽപിക്കപ്പെട്ടിരിക്കുന്ന രിസാലത്തിൽ വഞ്ചന കാണിച്ചുവെന്ന് സമ്മതിക്കേണ്ടി വരും. കാരണം, ഇതൊന്നും നബിﷺ സ്വഹാബികൾക്ക് പഠിപ്പിച്ചിട്ടില്ലല്ലോ. അന്ന് പഠിപ്പിക്കാതെ മരണപ്പെട്ടതിന് ശേഷം ചില ശൈഖുമാരുടെ മുന്നിൽ വന്ന് പഠിപ്പിച്ചതാണെങ്കിൽ സ്വഹാബിമാരോട് നബിﷺ വഞ്ചനയല്ലേ ചെയ്തത്? ഈ പുണ്യം നബിﷺക്കും സ്വഹാബത്തിനും ചെയ്യാൻ കഴിയാതെ പോകുകയും ചെയ്തില്ലേ? എന്നാൽ എന്താണ് വസ്തുത? അല്ലാഹുവിന്റെ റസൂൽﷺ തന്നിൽ ഏൽപിക്കപ്പെട്ടിട്ടുള്ള എല്ലാ കാര്യങ്ങളും മരണത്തിന് മുമ്പ് തന്നെ നമ്മെ പഠിപ്പിച്ചിട്ടുണ്ടെന്നും, മരണ ശേഷം അവിടുന്ന് ആരെയും ഒന്നും പഠിപ്പിച്ചിട്ടില്ലെന്നും,




മുകളിൽ കണ്ട കള്ള ദിക്‌റുകും സ്വലാത്തുകളുമെല്ലാം ചില തൽപര കക്ഷികൾ ഉണ്ടാക്കിയെടുത്തതാണെന്നതുമാണ് വസ്തുത.

മക്കയിലെ മുശ്‌രിക്കുകൾ നബിﷺ മനുഷ്യനായതിൽ അതൃപ്തരായിരുന്നു. അതിനാൽത്തന്നെ അവർ നബിﷺയോട് നടത്തിയ പല വാഗ്വാദങ്ങളും ക്വുർആൻ വിവരിച്ചതും അതിന് അവർക്കുള്ള മറുപടി നൽകിയതും നാം മനസ്സിലാക്കുകയുണ്ടായല്ലോ. അഥവാ, അല്ലാഹു നബിﷺയിലൂടെ പഠിപ്പിക്കുന്ന ഇസ്‌ലാമികമായ കാര്യങ്ങൾ കണ്ണും കാതും ഹൃദയവും ഉള്ളവർക്ക് സ്വീകരിക്കാൻ സാധിക്കുന്ന വിധത്തിലായിരുന്നു. എന്നാൽ ഈ ശൈഖുമാരിലൂടെ നബിﷺ പഠിപ്പിച്ചതെന്ന് അവർ അവകാശപ്പെടുന്ന ഇത്തരം കാര്യങ്ങൾ എങ്ങനെ മനുഷ്യർക്ക് ഉൾക്കൊള്ളാൻ സാധിക്കും? നബിﷺ നേരത്തെ ഇപ്രകാരം ഞാൻ വരുമെന്ന് നമ്മെ അറിയിച്ചിരുന്നെങ്കിൽ വിശ്വാസികൾക്ക് അത് വിശ്വസിക്കുന്നത് പ്രയാസമല്ല. നബിﷺയുടെ ഈ വരവ് ശൈഖുമാർ മാത്രമാണല്ലോ അറിയുന്നത്? അല്ലാത്തവരൊന്നും നബിﷺയെ കാണുന്നില്ല. അതിൽ നിന്ന് തന്നെ ഇതെല്ലാം കള്ളത്തരങ്ങളാണെന്ന് മനസ്സിലാക്കാം.

ദുൽക്കർഷാൻ അലനല്ലൂർ
dulkaralr@gmail.com

ലേഖനം



# ആരാണ് ഏറ്റവും നല്ലവൻ?

മനുഷ്യൻ ഒട്ടേറെ സവിശേഷ ഗുണങ്ങൾ ഉൾക്കൊള്ളുന്നവനാണ്. മനുഷ്യരിൽ കറുത്തവരും വെളുത്തവരുമുണ്ട്. ദൈവവിശ്വാസികളും നിരീശ്വരവാദികളുമുണ്ട്. അറിവുള്ളവരും അറിവില്ലാത്തവരുമുണ്ട്. ധനികരും ദരിദ്രരുമുണ്ട്. നല്ലവരും ദുഷ്ടരുമുണ്ട്. ഭരണാധികാരികളും ഭരണീയരുമുണ്ട്. ആരായാലും അവരൊക്കെ ജനിച്ചവരാണ്; ഒരുനാൾ മരിക്കുന്നവരുമാണ്.

മനുഷ്യ സൃഷ്ടിപ്പിനെക്കുറിച്ച് അല്ലാഹു വിവരിക്കുന്നത് നോക്കൂ: "തീർച്ചയായും മനുഷ്യനെ കളിമണ്ണിന്റെ സത്തിൽ നിന്ന് നാം സൃഷ്ടിച്ചിരിക്കുന്നു. പിന്നീട് ഒരു ബീജമായിക്കൊണ്ട് അവനെ നാം ഭദ്രമായ ഒരു സ്ഥാനത്ത് വെച്ചു. പിന്നെ ആ ബീജത്തെ നാം ഒരു ഭ്രൂണമായി രൂപപ്പെടുത്തി. അനന്തരം ആ ഭ്രൂണത്തെ നാം ഒരു മാംസപിണ്ഡമായി രൂപപ്പെടുത്തി. തുടർന്ന് നം ആ മാംസപിണ്ഡത്തെ അസ്ഥികൂടമായി രൂപപ്പെടുത്തി. എന്നിട്ട് നാം അസ്ഥികൂടത്തെ മാംസം

കൊണ്ട് പൊതിഞ്ഞു. പിന്നീട് മറ്റൊരു സൃഷ്ടിയായി നാം അവനെ വളർത്തിയെടുത്തു. അപ്പോൾ ഏറ്റവും നല്ല സൃഷ്ടികർത്താവായ അല്ലാഹു അനുഗ്രഹപൂർണനായിരിക്കുന്നു" (ക്വുർആൻ 23:12-14).

മറ്റൊരു വചനത്തിൽ അല്ലാഹു പറയുന്നു: "മനുഷ്യരേ, ഉയിർത്തെഴുന്നേൽപിനെ പറ്റി നിങ്ങൾ സംശയത്തിലാണെങ്കിൽ (ആലോചിച്ച് നോക്കുക:) തീർച്ചയായും നാമാണ് നിങ്ങളെ മണ്ണിൽനിന്നും, പിന്നീട് ബീജത്തിൽനിന്നും, പിന്നീട് ഭ്രൂണത്തിൽ നിന്നും, അനന്തരം രൂപംനൽകപ്പെട്ടതും രൂപം നൽകപ്പെടാത്തതുമായ മാംസപിണ്ഡത്തിൽനിന്നും സൃഷ്ടിച്ചത്. നാം നിങ്ങൾക്ക് കാര്യങ്ങൾ വിശദമാക്കിത്തരാൻ വേണ്ടി (പറയുകയാകുന്നു). നാം ഉദ്ദേശിക്കുന്നതിനെ നിശ്ചിതമായ ഒരു അവധിവരെ നാം ഗർഭാശയങ്ങളിൽ താമസിപ്പിക്കുന്നു. പിന്നീട് നിങ്ങളെ നാം ശിശുക്കളായി പുറത്ത് കൊണ്ടുവരുന്നു. അനന്തരം നിങ്ങൾ നിങ്ങളുടെ പൂർണശക്തി പ്രാപിക്കുന്നതുവരെ (നാം നിങ്ങളെ വളർത്തുന്നു). (നേരത്തെ) ജീവിതം അവസാനിപ്പിക്കപ്പെടുന്നവരും നിങ്ങളുടെ കൂട്ടത്തിലുണ്ട്. അറിവുണ്ടായിരുന്നതിന് ശേഷം യാതൊന്നും അറിയാതാകും വിധം ഏറ്റവും അവശമായ പ്രായത്തിലേക്ക് മടക്കപ്പെടുന്നവരും നിങ്ങളുടെ കൂട്ടത്തിലുണ്ട് ഭൂമി വരണ്ടു നിർജീവമായി കിടക്കുന്നതായി നിനക്ക് കാണാം. എന്നിട്ട് അതിൻമേൽ നാം വെള്ളം ചൊരിഞ്ഞാൽ അത് ഇളകുകയും വികസിക്കുകയും കൗതുകമുള്ള എല്ലാതരം ചെടികളെയും അത് മുളപ്പിക്കുകയും ചെയ്യുന്നു" (ക്വുർആൻ 22:5).

മനുഷ്യസൃഷ്ടിയുടെ ആരംഭംമുതൽ മരണംവരെയുള്ള അവസ്ഥാവിശേഷങ്ങളെപ്പറ്റി ചിന്തിച്ചു നോക്കുവാൻ അല്ലാഹു ഉദ്ബോധിപ്പിക്കുന്നു. മനുഷ്യനെ ആദ്യം ഭൂമിയിൽ സൃഷ്ടിച്ച അല്ലാഹുവിന് അവരെ വീണ്ടും ജീവിപ്പിക്കുവാൻ നിശ്ചയമായും കഴിവുണ്ടെന്ന്; നിർജീവമായി, വരണ്ടുകിടക്കുന്ന ഭൂമി മഴയേൽക്കുമ്പോൾ സസ്യലതാതികളാൽ സജീവമാകുന്നതിന്റെ ഉദാഹരണത്തിലൂടെ മനുഷ്യരെ ബോധ്യപ്പെടുത്തുന്നു.

മനുഷ്യന്റെ ഉത്ഭവം മുതൽ മരണംവരെയുള്ള കാലഘട്ടത്തിനിടയിൽ അവന്റെ ശരീരത്തിൽ നടന്നു കൊണ്ടിരിക്കുന്ന മാറ്റങ്ങൾ എണ്ണമറ്റതാണ്. അവയിൽ പ്രധാനമായ ഏഴു അവസ്ഥകളെക്കുറിച്ചാണ് അല്ലാഹു ഇവിടെ പ്രസ്താവിക്കുന്നത്.

1) അവന്റെ തുടക്കം മണ്ണിൽനിന്നുമാണ്. മനുഷ്യന്റെ ആദ്യപിതാവായ ആദം നബി(ﷺ)യെ അല്ലാഹു സൃഷ്ടിച്ചത് കളിമണ്ണിൽനിന്നാണ്. മനുഷ്യബീജത്തിന്റെ ഉത്ഭവവും മണ്ണിൽനിന്നാണല്ലോ. മണ്ണിൽനിന്നും ജലത്തിൽനിന്നുമായി ഉൽപാദിപ്പിക്കപ്പെടുന്ന ഭക്ഷണ പദാർഥങ്ങളിൽനിന്നാണല്ലോ രക്തവും ശുക്ലവും ഉണ്ടാകുന്നത്.

2) ബീജത്തിൽനിന്നും തുടങ്ങുന്നു. ശുക്ലത്തിലുള്ള കോടിക്കണക്കിന് ബീജങ്ങളിൽനിന്ന് കരുത്തുറ്റ ഏതാനും ബീജങ്ങൾ മാത്രം മാതാവിന്റെ ഗർഭാശയത്തിൽ പ്രവേശിക്കുന്നു. അവയിൽനിന്ന് ഒന്ന് അണ്ഡത്തിൽ പ്രവേശിക്കുന്നു. താമസിയാതെ അതിൽനിന്നും തികച്ചും വ്യത്യസ്തമായ ഒരു രൂപത്തിലേക്ക് അത് നീങ്ങുന്നു.

3) അനന്തരം അത് ഗർഭാശയഭിത്തികളിൽ അള്ളിപ്പിടിക്കുന്ന ഒരു 'രക്തക്കട്ട'യായി മാറുന്നു.

4) അൽപദിവസത്തിനകം അത് 'മാംസപിണ്ഡ'മായി മാറുന്നു. ഗർഭത്തിലിരിക്കുന്ന ശിശുവിന്റെ നാലാമത്തെ ഈ ഘട്ടത്തെ അല്ലാഹു രണ്ട് അവസ്ഥയിലായി വിവരിക്കുന്നു; ശരിയായ രൂപം നൽകപ്പെട്ടതും അല്ലാത്തതും.

'മുഖല്ലക്വ' എന്ന പദം രണ്ടുമൂന്നു തരത്തിൽ വ്യാഖ്യാനിക്കപ്പെടുന്നു. അതായത്: രൂപവും അവയവങ്ങളും ഇന്ദ്രിയശക്തികളുമെല്ലാം പൂർത്തിയായി നൽകപ്പെട്ടത്, ജീവനോടുകൂടി പ്രസവിക്കപ്പെടത്തക്കവണ്ണം പൂർണനില നൽകപ്പെട്ടത്, മനുഷ്യരൂപം പൂർത്തിയായി നൽകപ്പെട്ടത് എന്നിങ്ങനെ.

> **ബീജം പ്രവേശിച്ചുകഴിയുന്നതോടെ കടുകുമണിയെക്കാൾ ചെറുതായ അണ്ഡം വളരുവാൻ തുടങ്ങുന്നു. ഏതാനും ദിവസങ്ങൾ കഴിയുമ്പോൾ അതിനൊരു മൾബറി പഴത്തിന്റെ ആകൃതിയും ഏകദേശം അത്രത്തോളം വലിപ്പവും ഉണ്ടാകുന്നു. നാലാഴ്ചകൊണ്ട് അതൊരു പ്രാവിന്റെ മുട്ടയോളമാകുന്നു. രണ്ടാം മാസാവസാനത്തോടു കൂടി ഒരു കോഴിമുട്ടയോളം വലിപ്പമുണ്ടാവുകയും ഒരു മനുഷ്യശരീരത്തിന്റെ ആകൃതി ഉണ്ടായിത്തുടങ്ങുകയും ചെയ്യും. ഗർഭാശയത്തിന്റെ ഉൾഭാഗത്തോട് അതിനെ ബന്ധിച്ചിരിക്കുന്ന ഏതാനും രക്തനാഡികൾ ഉണ്ട്. മാതാവ് ഭക്ഷിച്ചു ദഹിക്കുന്ന ഭക്ഷണങ്ങൾ അവളുടെ രക്തനാഡികൾ വഴി ഗർഭശിശുവിലേക്ക് കടന്നു ചെല്ലുന്നു.**

രൂപം നൽകപ്പെടാത്തത് (ഗൈറു മുഖല്ലക) എന്ന വാക്കിന്റെ ഉദ്ദേശ്യവും ഇതനുസരിച്ചു വ്യാഖ്യാനിക്കപ്പെടാം. ഏതഭിപ്രായം സ്വീകരിച്ചാലും, മേൽപറഞ്ഞ നാലു ഘട്ടങ്ങളിൽവെച്ച് കൂടുതൽ സമയം പിടിക്കുന്നത് ഈ നാലാമത്തെ ഘട്ടത്തിലാകുന്നു. ഗർഭസ്ഥശിശുവിന്റെ പൂർണതയും അപൂർണതയും നിർണയിക്കപ്പെടുന്നതും, ആകൃതിയും പ്രകൃതിയും നൽകപ്പെടുന്നതും ഈ ഘട്ടത്തിലാണ്.

കുറച്ചു മാസങ്ങളോളം ശിശു ഗർഭാശയലോകത്തുവെച്ചു വളർത്തപ്പെടുന്നു. അനുനിമിഷം അതിനുവേണ്ടുന്ന എല്ലാ കാര്യങ്ങളും അല്ലാഹു നൽകിക്കൊണ്ടിരിക്കുന്നു. ഇക്കാലഘട്ടത്തിലെ അത്ഭുതകരമായ ആ ജീവിതത്തെപ്പറ്റി ആലോചിക്കുകയാണെങ്കിൽ അല്ലാഹുവിന്റെ ശക്തിമാഹാത്മ്യവും അവന്റെ സൃഷ്ടിവൈഭവവും മനുഷ്യന് മനസ്സിലാക്കുവാൻ യാതൊരു പ്രയാസവുമില്ല. അതുകൊണ്ടാണ് ഇത്രയും സംഗതികൾ ചൂണ്ടിക്കാണിച്ചതിനെത്തുടർന്ന് 'നിങ്ങൾക്ക് വ്യക്തമാക്കിത്തരുവാൻ വേണ്ടി' എന്ന് അല്ലാഹു പറയുന്നത്.



ബീജം പ്രവേശിച്ചുകഴിയുന്നതോടെ കടുകുമണിയെക്കാൾ ചെറുതായ അണ്ഡം വളരുവാൻ തുടങ്ങുന്നു. ഏതാനും ദിവസങ്ങൾ കഴിയുമ്പോൾ അതിനൊരു മൾബറി പഴത്തിന്റെ ആകൃതിയും ഏകദേശം അത്രത്തോളം വലിപ്പവും ഉണ്ടാകുന്നു. നാലാഴ്ചകൊണ്ട് അതൊരു പ്രാവിന്റെ മുട്ടയോളമാകുന്നു. രണ്ടാം മാസാവസാനത്തോടു കൂടി ഒരു കോഴിമുട്ടയോളം വലിപ്പമുണ്ടാവുകയും ഒരു മനുഷ്യശരീരത്തിന്റെ ആകൃതി ഉണ്ടായിത്തുടങ്ങുകയും ചെയ്യും. ഗർഭാശയത്തിന്റെ ഉൾഭാഗത്തോട് അതിനെ ബന്ധിച്ചിരിക്കുന്ന ഏതാനും രക്തനാഡികൾ ഉണ്ട്. മാതാവ് ഭക്ഷിച്ചു ദഹിക്കുന്ന ഭക്ഷണങ്ങൾ അവളുടെ രക്തനാഡികൾ വഴി ഗർഭശിശുവിലേക്ക് കടന്നു ചെല്ലുന്നു.

ഒരു മൾബറിപ്പഴം പോലെ കാണപ്പെടുന്ന ചെറുപിണ്ഡം വളർന്നു 206 അസ്ഥികളും 500ൽപരം മാംസപേശികളും കണ്ണ്, ചെവി, ഹൃദയം, തലച്ചോറ് മുതലായ അവയവങ്ങളും ഉള്ള ഒരു മനുഷ്യശരീരമായിത്തീരുന്നു എന്നുള്ളത് അത്യത്ഭുതകരമായ ഒരു സംഗതി തന്നെ!

5) അല്ലാഹു ഉദ്ദേശിച്ച കാലം തികയുമ്പോൾ, ഈ ബാഹ്യലോകത്തേക്ക് അവൻ (മനുഷ്യൻ) ശിശുവായി പുറത്തുവരുന്നു. പുറത്തുവരുമ്പോൾ കരയുവാൻ മാത്രം കഴിയുന്ന കുഞ്ഞ് താമസിയാതെ മുലപ്പാൽ കുടിക്കുവാൻ തുടങ്ങുന്നു. പിന്നെ വളർച്ചയുടെ ഓരോഘട്ടത്തിലും പലതും പഠിച്ചെടുക്കുന്നു. ഗർഭായശയത്തിൽ അത്ഭുകരമാം വിധം അവനെ വളർത്തിയ സ്രഷ്ടാവ് അവന് വളരുവാൻ ആവശ്യമായതെല്ലാം ഭൂമിയിലും അവനു വേണ്ടി മുൻകൂട്ടി തയ്യാറാക്കിവെച്ചിട്ടുണ്ട്.

6) അങ്ങനെ അവന് പ്രായപൂർത്തിയെത്തുന്നു. യുവത്വവും പ്രാപിക്കുന്നു. ബുദ്ധിയും തന്റേടവും ഉള്ളവനായിത്തീരുന്നു.

7) സ്ഥിതി മാറ്റം. ഇതാണ് അവസാനത്തേത്. അവന്റെ ഇഹലോകജീവിതം അവസാനിക്കുന്നു. ഇതെപ്പോഴാണ്, എങ്ങനെയാണു, എവിടെ വെച്ചാണ് എന്നൊന്നും ആർക്കും അറിഞ്ഞുകൂടാ. സ്രഷ്ടാവിനു മാത്രമെ അത് അറിയുകയുള്ളൂ. ചിലർക്ക് ആയുഷ്ക്കാലം കുറവായിരിക്കും. അവർ നേരത്തെ മരിച്ചുപോകുന്നു. മറ്റു ചിലർക്ക് ദീർഘായുസ്സ് നൽകപ്പെടുന്നു. പ്രായാധിക്യം നിമിത്തം അറിവും കഴിവുമെല്ലാം നഷ്ടപ്പെട്ട് കേവലം ശിശുസമാനമായിത്തീരുന്നു. അവധിയെത്തുമ്പോൾ മരണമടയുന്നു.

മനുഷ്യസൃഷ്ടിയുടെ തുടക്കത്തെപ്പറ്റി 'മണ്ണിൽ നിന്ന്' എന്ന് പറഞ്ഞത് നാം കണ്ടു. ഇവിടെ 'കളിമണ്ണിന്റെ സത്തിൽനിന്ന്' എന്നു പറഞ്ഞിരിക്കുന്നു. മനുഷ്യന്റെ ആദ്യപിതാവായ ആദം നബി(عليه السلام)യെ മണ്ണിൽ നിന്നുതന്നെ സൃഷ്ടിച്ചതിനെ

യാണ് ഇവിടെ ചൂണ്ടിക്കാട്ടുന്നത്. കുഴഞ്ഞമാവു പോലെയുള്ള കളിമണ്ണിൽ നിന്നുള്ള ഏതോ ഒരു തരം സത്തിൽനിന്ന് ആദം(عليه السلام) സൃഷ്ടിക്കപ്പെട്ടു. ഇതാണ് മനുഷ്യവർഗത്തിന്റെ ഉത്ഭവം. പിന്നീട് ബീജം വഴിയുള്ള മനുഷ്യോൽപാദനം നടക്കുകയും ജനനപരമ്പര തുടരുകയും ചെയ്തു. പിതാക്കളിൽ നിന്നുള്ള ബീജം മാതാക്കളുടെ ഗർഭാശയത്തിൽ സ്ഥലംപിടിക്കുന്നതിനെയാണ് 'ഭദ്രമായ താവളത്തിൽവെച്ചു' എന്നു പറഞ്ഞത്.

ഗർഭാശയത്തിൽവെച്ചുള്ള ഘട്ടംഘട്ടമായ വളർച്ചക്കു ശേഷം പൂർണമനുഷ്യനായി കുഞ്ഞ് പുറത്തു കൊണ്ടുവരപ്പെടുകയും ചെയ്യുന്നു. ഈ സൃഷ്ടിപ്പിനെക്കുറിച്ച് അല്ലാഹു പറഞ്ഞത് ഏറ്റവും നല്ല ഘടനയിൽ നാം മനുഷ്യനെ സൃഷ്ടിച്ചു എന്നാണ്.

"തീർച്ചയായും മനുഷ്യനെ നാം ഏറ്റവും നല്ല ഘടനയോടുകൂടി സൃഷ്ടിച്ചിരിക്കുന്നു" (ക്വുർആൻ 95:4).

ഏറ്റവും നല്ല ഘടനയോടുകൂടി സൃഷ്ടിക്കപ്പെട്ട മനുഷ്യൻ ശാരീരികമായും ബുദ്ധിപരമായും ആത്മീയമായും എല്ലാം തന്നെ അവൻ ഇതരജീവികളെക്കാൾ ഉൽകൃഷ്ടനായി നിലകൊള്ളുന്നു. അവനെക്കാൾ എത്രയോ വമ്പിച്ച വസ്തുക്കളെപ്പോലും കീഴൊതുക്കുവാനും അടക്കിഭരിക്കുവാനും വേണ്ടുന്ന ബുദ്ധിയും പക്വതയും പാകതയും അവന് അല്ലാഹു നൽകിയിട്ടുണ്ട്.

ഇങ്ങനെയുള്ള മനുഷ്യരുടെ കൂട്ടത്തിൽ നല്ലയാളുകളും ചീത്തയാളുകളുമുണ്ട്. ഇസ്‌ലാം പഠിപ്പിക്കുന്നതു പ്രകാരം മനുഷ്യരുടെ കൂട്ടത്തിലെ നല്ലവർ ആരൊക്കെയാണ് എന്നതാണ് ഈ ലേഖനം ചർച്ച ചെയ്യുന്നത്.

## 1. ജനങ്ങൾക്ക് കൂടുതൽ ഉപകാരം ചെയ്യുന്നവൻ

ജാബിർ ഇബ്നു അബ്ദില്ലാഹ്(رضي الله عنه) നിവേദനം, നബി(ﷺ) പറഞ്ഞു: "ജനങ്ങളിൽ ഉത്തമൻ ജനങ്ങൾക്ക് ഉപകാരം ചെയ്യുന്നവനാണ്..." (ത്വബ്‌റാനി).

വിശ്വാസികൾ പരസ്പരം സഹോദരങ്ങളാണ്. അല്ലാഹു പറയുന്നു: "സത്യവിശ്വാസികൾ (പരസ്പരം) സഹോദരങ്ങൾ തന്നെയാകുന്നു. അതിനാൽ നിങ്ങളുടെ രണ്ടു സഹോദരങ്ങൾക്കിടയിൽ നിങ്ങൾ രഞ്ജിപ്പുണ്ടാക്കുക. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും ചെയ്യുക. നങ്ങൾക്ക് കാരുണ്യം ലഭിച്ചേക്കാം" (ക്വുർആൻ 49:10).

വിശ്വാസികൾ പരസ്പരം സഹായികളാവേണ്ടതിന്റെ അനിവാര്യത അറിയിക്കുന്ന ഒരു ഹദീഥ് ഇപ്രകാരം കാണാം;

അനസ്(رضي الله عنه) പ്രസ്താവിക്കുന്നു; നബി(ﷺ) പറഞ്ഞു: 'നിന്റെ സഹോദരനെ അവൻ അക്രമിയായാലും അക്രമിക്കപ്പെട്ടവനായാലും നീ സഹായിക്കുക.'

> **ബീജം പ്രവേശിച്ചുകഴിയുന്നതോടെ കടുകുമണിയെക്കാൾ ചെറുതായ അണ്ഡം വളരുവാൻ തുടങ്ങുന്നു. ഏതാനും ദിവസങ്ങൾ കഴിയുമ്പോൾ അതിനൊരു മൾബറി പഴത്തിന്റെ ആകൃതിയും ഏകദേശം അത്രത്തോളം വലിപ്പവും ഉണ്ടാകുന്നു. നാലാഴ്ചകൊണ്ട് അതൊരു പ്രാവിന്റെ മുട്ടയോളമാകുന്നു. രണ്ടാം മാസാവസാനത്തോടു കൂടി ഒരു കോഴിമുട്ടയോളം വലിപ്പമുണ്ടാവുകയും ഒരു മനുഷ്യശരീരത്തിന്റെ ആകൃതി ഉണ്ടായിത്തുടങ്ങുകയും ചെയ്യും.**

ഞാൻ ചോദിച്ചു: 'റസൂലേ, അക്രമിക്കപ്പെട്ടവനായിരിക്കെ എനിക്കവനെ സഹായിക്കാം. എന്നാൽ അവൻ അക്രമിയായിരിക്കെ ഞാൻ എങ്ങനെ അവനെ സഹായിക്കും?' തിരുമേനി പറഞ്ഞു: 'നീ അവനെ അക്രമത്തിൽനിന്നു തടയണം. അതാണ് നീ അവനു ചെയ്യുന്ന സഹായം'(ബുഖാരി).

മറ്റൊരു ഹദീഥിൽ ഇങ്ങനെ കാണാം; നബി(ﷺ) പറഞ്ഞു: "നിങ്ങൾ പരസ്പരം അസൂയപ്പെടരുത്, അന്യോന്യം (മത്സരിച്ച് ചരക്കുകൾക്കു) വില കയറ്റരുത്. അന്യോന്യം ഈർഷ്യത വെക്കരുത്, അന്യോന്യം (സഹായിക്കാതെ) പിന്മാറിപ്പോകരുത്. ചിലർ ചിലരുടെ കച്ചവടത്തിനുമീതെ (അതു നിലവിലിരിക്കെ) കച്ചവടം നടത്തരുത്. അല്ലാഹുവിന്റെ അടിയാന്മാരേ, നിങ്ങൾ സഹോദരന്മാരായിരിക്കുവിൻ! മുസ്‌ലിം, മുസ്‌ലിമിന്റെ സഹോദരനാണ്. അവൻ അവനെ അക്രമിക്കുകയില്ല, അവനെ കൈവെടിയുകയില്ല, അവനെ അവഗണിക്കുകയില്ല. (നെഞ്ചിലേക്കു ചൂണ്ടികാട്ടിക്കൊണ്ട്) തക്വ്‌വ (ഭയഭക്തി) ഇവിടെയാണ്, തക്വ്‌വ ഇവിടെയാണ, തക്വ്‌വ ഇവിടെയാണ്. ഒരു മനുഷ്യൻ അവന്റെ മുസ്‌ലിം സഹോദരനെ അവഗണിക്കുന്നതുതന്നെ മതി, അവന് ആപത്തിന്. (കൂടുതലൊന്നും വേണ്ട). മുസ്‌ലിമിന്റെ സർവസ്വവും മുസ്‌ലിമിനു 'ഹറാം' (നിഷിദ്ധം) ആകുന്നു. അതെ, അവന്റെ രക്തവും അവന്റെ ധനവും അവന്റെ മാനവും." (മുസ്‌ലിം)

നബി ﷺ പറഞ്ഞു: "നിങ്ങളിൽ ഒരാൾ തന്റെ ദേഹത്തിന് എന്ത് ഇഷ്ടപ്പെടുന്നുവോ അതു തന്റെ സഹോദരനും ഇഷ്ടപ്പെടുന്നതുവരെ അവൻ സത്യവിശ്വാസിയാവുകയില്ല" (ബുഖാരി, മുസ്‌ലിം).

ഓരോ വിശ്വാസിയും തന്നെക്കൊണ്ട് കഴിയുന്ന സഹായങ്ങൾ വിശ്വാസികളും അല്ലാത്തവരുമായവർക്ക് വേണ്ടി ചെയ്തുകൊടുക്കേണ്ടതുണ്ട്.

ഇതിനുള്ള ഏറ്റവും ഒടുവിലത്തെ ഉദാഹരണമാണ്; വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ നടത്തിയ കോവിഡ് ബോധവൽക്കരണ ശ്രമങ്ങളും ആരോഗ്യരംഗത്തെ പദ്ധതികളും. അതോടൊപ്പം എടുത്തുപറയേണ്ടതാണ് യുവജനവിഭാഗമായ വിസ്ഡം യൂത്ത് വിംഗ് സ്നേഹസ്പർശം എന്ന പേരിൽ നടത്തിവരുന്ന സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ. കോവിഡ് 19 പടർന്നുപിടിച്ചുകൊണ്ടിരിക്കുന്ന പശ്ചാത്തലത്തിൽ ശാഖതോറും ആശാവർക്കേഴ്സിന്റെ സുസജ്ജരായ ഒരു ടീമിനെത്തന്നെ വാർത്തെടുക്കാൻ വിസ്ഡം യൂത്തിന് സാധിച്ചിട്ടുണ്ട്.

കോവിഡ് 19 പരത്തുന്ന രോഗവ്യാപനത്തിന്റെ പ്രയാസങ്ങളെക്കുറിച്ചും നഷ്ടങ്ങളെക്കുറിച്ചും അതുണ്ടാക്കുന്ന ഭയാനതയെക്കുറിച്ചും വിലയിരുത്തുകയും ആയതിനെ സംബന്ധിച്ച് സമൂഹത്തിന് ധൈര്യം പകരുകയും ജാഗ്രതാനിർദേശം നൽകുകയും ചെറുത്തുനിൽപിനുവേണ്ട ബോധവൽക്കരണം നടത്തുകയും ചെയ്യുന്ന ടീമുകൾ വിസ്ഡം യൂത്ത് വിംഗ് സജ്ജീകരിച്ചിട്ടുണ്ട്.

ഗവൺമെന്റിനു കീഴിൽ രാജ്യത്തെ പൗരന്മാർക്ക് രോഗപ്രതിരോധ പരിഹാരമാർഗമായി നിർദേശിച്ചിട്ടുള്ള വാക്സിൻ ലഭ്യമാകുന്നതിനുവേണ്ടി ഓൺലൈൻ രജിസ്ട്രേഷന് പ്രത്യേകം ഒരു ടീമിനെ സജ്ജമാക്കി. ഇന്റർനെറ്റ് വളരെ വലിയ തോതിൽ പ്രായഭേദമന്യെ ഉപയോഗിച്ചു ശീലിച്ച ഈ കാലഘട്ടത്തിലും സർക്കാറിന്റെയോ സർക്കാർ ഇതര സ്ഥാപനങ്ങളുടെയോ അപേക്ഷാഫോമുകളും മറ്റും ആവശ്യമായ സമയത്ത് സ്വന്തമായി നെറ്റ് വഴി സമർപ്പിക്കാൻ കഴിയാത്തവർ അതാതുപ്രദേശത്തെ അക്ഷയകേന്ദ്രങ്ങളെ സമീപിക്കലാണ് പതിവ്. സമൂഹത്തിൽ വലിയൊരു വിഭാഗം ഇതിൽപെടുന്നു.


ഇവിടെയാണ് വിസ്ഡം യൂത്ത് ഒരുക്കിയ വാക്സിൻ രജിസ്ട്രേഷൻ വിംഗിന്റെ പ്രസക്തിയും പ്രാധാന്യവും ബോധ്യപ്പെടുന്നത്.

കോവിഡ് കാരണം പൊതുവെ ജനങ്ങൾ പുറത്തിറങ്ങാതെയിരിപ്പാണ്. ട്രിപ്പിൾ ലോക്ഡൗൺ ഏർപ്പെടുത്തിയ സ്ഥലങ്ങളിൽ നിയമം കൂടുതൽ കർക്കശമാണ്. എന്നാൽ ഭക്ഷ്യവസ്തുക്കളും മരുന്നുപോലെയുള്ള അത്യാവശ്യ വസ്തുക്കളും ലഭിക്കൽ അനിവാര്യമാണല്ലോ. ഈ പ്രശ്നം പരിഹരിക്കുന്നതിനായി, വ്യക്തികളും കുടുംബങ്ങളും യാതൊരുവിധ പ്രയാസവും അനുഭവിക്കാതിരിക്കുന്നതിനുവേണ്ടി ആവശ്യക്കാർക്ക് വീട്ടുപടിക്കൽ തങ്ങൾക്കാവശ്യമായ ഭക്ഷണപദാർഥങ്ങളും മരുന്നുകളും എത്തിക്കുന്നതിനുവേണ്ടി പഞ്ചായത്തിന്റെ അനുമതിപ്രകാരം സജ്ജരാക്കിയ ടീം വിസ്ഡം യൂത്ത് വിംഗിന്റെ കീഴിലുണ്ട്.

കോവിഡ് ബാധിച്ചു മരിച്ച വ്യക്തികളുടെ മയ്യിത്ത് സംസ്കരണവുമായി ബന്ധപ്പെട്ട് ഗവൺമെന്റിന്റെ മാർഗനിർദേശങ്ങൾ പഠിച്ച, മതപരമായി സംസ്കരിക്കുന്നതിനുള്ള പ്രത്യേകം നിർദേശങ്ങളും ട്രെയ്നിംഗും ലഭിച്ച പ്രത്യേക ടീമുകളെയും മയ്യിത്ത് സംസ്രണത്തിനുവേണ്ടി വിസ്ഡം യൂത്ത് സജ്ജമാക്കിയിട്ടുണ്ട്.

ഇതൊക്കെ പരസ്പരസഹായം എന്ന നിലക്ക് വളരെ താൽപര്യത്തോടെയും ആത്മാർഥമായും അല്ലാഹുവിന്റെ പ്രതിഫലം ആഗ്രഹിച്ചും ചെയ്തുകൊണ്ടിരിക്കുന്ന സൽപ്രവർത്തനങ്ങളാണ്.





### 2. വിശുദ്ധക്വുർആൻ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവൻ

മനുഷ്യരെ സന്മാർഗത്തിലേക്ക് നയിക്കാൻ അല്ലാഹു മനുഷ്യരിൽനിന്നുതന്നെ തിരഞ്ഞെടുത്തയച്ചവരാണ് പ്രവാചകന്മാർ. എല്ലാ സമുദായങ്ങളിലേക്കും അല്ലാഹു പ്രവാചകന്മാരെ നിയോഗിച്ചിട്ടുണ്ട്. അല്ലാഹുവിന്റെ സൃഷ്ടികളായ മനുഷ്യർക്ക് അവന്റെ അനുഗ്രഹവും കാരുണ്യവും അവൻ നൽകുന്നു. മനുഷ്യരെ അവൻ പരീക്ഷണങ്ങൾക്ക് വിധേയമാക്കുന്നു. അല്ലാഹു നൽകിയ അനുഗ്രങ്ങൾക്ക് അവനോട് നന്ദികാണിക്കുകയും അവന്റെ പരീക്ഷണങ്ങളിൽ ക്ഷമിച്ച് അവനോട് പ്രാർഥിക്കുകയും സഹായം തേടുകയും ചെയ്യേണ്ടതിനു പകരം-അവനെ മാത്രം ആരാധിക്കേണ്ടതിനു പകരം -ജീവിതത്തിലെ പ്രതിസന്ധി ഘട്ടങ്ങളിൽ നബിമാരെയും മൺമറഞ്ഞ മഹത്തുക്കളെയുമൊക്കെ വിളിക്കുകയും പ്രാർഥിക്കുകയും ആരാധനയുടെ മുഴുവൻ ഇനങ്ങളും അല്ലാഹു അല്ലാത്തവർക്കു മുമ്പിൽ സമർപ്പിക്കുകയും അധാർമിക പ്രവർത്തനങ്ങളിൽ മുഴുകി ജീവിക്കുകയും ചെയ്ത് സൻമാർഗത്തിൽനിന്ന് വ്യതിചലിച്ച സമുദായങ്ങളെ അല്ലാഹുവിന്റെ മാർഗത്തിലേക്ക് ക്ഷണിക്കുവാനാണ് അവരിലേക്ക് പ്രവാചകന്മാർ നിയോഗിക്കപ്പെട്ടത്.

അല്ലാഹു പറയുന്നു: "തീർച്ചയായും ഓരോ സമുദായത്തിലും നാം ദൂതനെ നിയോഗിച്ചിട്ടുണ്ട് നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും ദുർമൂർത്തികളെ വെടിയുകയും ചെയ്യണം എന്ന് (പ്രബോധനം ചെയ്യുന്നതിന് വേണ്ടി)..." (ക്വുർആൻ 16:36).

"തീർച്ചയായും നിന്നെ നാം അയച്ചിരിക്കുന്നത് സത്യവുംകൊണ്ടാണ്. ഒരു സന്തോഷവാർത്ത അറിയിക്കുന്നവനും താക്കീതുകാരനുമായിട്ട്. ഒരു താക്കീതുകാരൻ കഴിഞ്ഞുപോകാത്ത ഒരു സമുദായവുമില്ല."

ഓരോ സമുദായത്തിലേക്കും കടന്നുവന്ന പ്രവാചകന്മാർ തങ്ങളുടെ സമുദായത്തെ സന്മാർഗത്തിലേക്ക് ക്ഷണിച്ചു. നിഷേധികളെ സത്യം ബോധ്യപ്പെടുത്തുന്നതിനും പ്രവാചകന്മാരുടെ സത്യസന്ധത ബോധ്യപ്പെടുത്തുന്നതിനും അല്ലാഹു ചില അത്ഭുതദൃഷ്ടാന്തങ്ങൾ (ആയത്തുകൾ, മുഅ്ജിസത്തുകൾ) അവന്റെ അമ്പിയാക്കളിലൂടെ പ്രകടമാക്കി. അത്തരം മുഅ്ജിസത്തുകളിൽപെട്ടതാണ് വേദഗ്രന്ഥങ്ങൾ.


നാല് വേദഗ്രന്ഥങ്ങളുടെ പേര് മാത്രമാണ് ക്വുർആനിൽ പരാമർശിച്ചിട്ടുള്ളത്. ദാവൂദ് നബിﷺക്ക് ലഭിച്ച സബൂർ, മൂസാനബിﷺക്ക് ലഭിച്ച തൗറാത്ത്, ഈസാ നബിﷺക്ക് ലഭിച്ച ഇഞ്ചീൽ, മുഹമ്മദ് നബിﷺക്ക് ലഭിച്ച ക്വുർആൻ എന്നിവയാണവ. ഇവയെക്കൂടാതെ ചില പ്രവാചകന്മാർക്ക് പരിശുദ്ധമാക്കപ്പെട്ട ഏടുകൾ നൽകിയതായും ക്വുർആൻ പറയുന്നുണ്ട്.

അല്ലാഹു പറയുന്നു: "അതല്ല, മൂസായുടെ പത്രികകളിൽ ഉള്ളതിനെ പറ്റി അവന് വിവരം അറിയിക്കപ്പെട്ടിട്ടില്ലേ?" (ക്വുർആൻ 53:36).

"തീർച്ചയായും ഇത് ആദ്യത്തെ ഏടുകളിൽ തന്നെയുണ്ട്. അതായത് ഇബ്‌റാഹീമിന്റെയും മൂസായുടെയും ഏടുകളിൽ" (ക്വുർആൻ 87:19).

അന്തിമ പ്രവാചകനായ മുഹമ്മദ് നബിﷺക്ക് അവതീർണമായ വിശുദ്ധ ക്വുർആൻ അന്ത്യനാൾവരെയുള്ള ജനങ്ങൾക്കുള്ള മാർഗദർശക ഗ്രന്ഥമാണ്. നരകശിക്ഷയിൽനിന്ന് രക്ഷപ്പെടാനും സ്വർഗ പ്രാപ്തിക്കും അല്ലാഹു നൽകിയ വിശുദ്ധ ഗ്രന്ഥം പിൻപറ്റുകയല്ലാതെ വേറെ മാർഗമില്ല. ഈ ഗ്രന്ഥം പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവരാണ് മനുഷ്യരിൽ ഏറ്റവും ഉത്തമർ എന്ന് നബിﷺ അരുളിയിട്ടുണ്ട്.

ഉഥ്മാൻ ഇബ്നു അഫ്ഫാൻ(رضي الله عنه) നിവേദനം, നബിﷺ പറഞ്ഞു: "നിങ്ങളിൽ ഏറ്റവും ഉത്തമർ ക്വുർആൻ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവനാണ്" (ബുഖാരി). **(അവസാനിച്ചില്ല)**



ശമീർ മദീനി
shameermadeeni@gmail.com

വിവർത്തനം

# ആരാധനകൾക്കൊരു ആമുഖം

**ഇബ്നുൽ ഖയ്യിം അൽജൗസി രചിച്ച**
**'അൽ വാബിലുസ്സ്വയ്യിബ്' എന്ന ഗ്രന്ഥത്തിന്റെ വിവർത്തനം**

10

ഇവിടെ അല്ലാഹുവിന്റെ മാർഗത്തിൽ ശരീരത്തിനു മുറിവേറ്റ വ്യക്തിയെ സംബന്ധിച്ച് നബിﷺ അറിയിക്കുന്നത് ഉയിർത്തെഴുന്നേൽപിന്റെ നാളിൽ അതിന് കസ്തൂരിയുടെ പരിമളം ഉണ്ടായിരിക്കുമെന്നാണ്. നോമ്പുകാരന്റെ വായയുടെ വാസനയെ സംബന്ധിച്ച് പറഞ്ഞത് പോലെയുള്ള ഒരു പരാമർശമാണിത്. ഇഹലോകത്തെ അനുഭവത്തിലൂടെ മുറിവിന്റെ രക്തവും വായയുടെ വാസനയും എന്താണെന്ന് അറിവുള്ളതാണല്ലോ. എന്നാൽ അവയെ അല്ലാഹു പരലോകത്ത് കസ്തൂരിയുടെ സുഗന്ധമാക്കി മാറ്റുന്നതാണ്.

എന്നാൽ അബൂഅംറ് ഇബ്നുസ്വലാഹ്(റഹി) തെളിവാക്കുന്നത് ഇബ്നുഹിബ്ബാനിൽ വന്ന ഹദീഥിന്റെ പരാമർശമാണ്: 'ഭക്ഷണം ഒഴിവാക്കുന്നത് കാരണമായുണ്ടാകുന്ന വാസന' എന്നാണല്ലോ അത്. അതാകട്ടെ ദുൻയാ

വിൽ സംഭവിക്കുന്നതാണ്. ഭാഷാപരമായ ചില ന്യായങ്ങളും ന്യായീകരണങ്ങളും നിരത്തിക്കൊണ്ട് നോമ്പുകാരൻ ഭക്ഷണം ഒഴിവാക്കുന്നത് മൂലമുള്ള വാസന അല്ലാഹുവിന്റെ അടുക്കൽ പരിമളമുള്ള താണെന്നും അദ്ദേഹം സമർഥിക്കുന്നു. ശേഷം ആ വശ്യമില്ലാതെ കുറെ വിശദീകരണങ്ങളും അദ്ദേഹം നിരത്തുന്നുണ്ട്.

ഇവിടെ പ്രസ്തുത പരിമളത്തെ അല്ലാഹുവിലേക്ക് ചേർത്തിപ്പറഞ്ഞത് അല്ലാഹുവിന്റെ വിശേഷണങ്ങളെയും പ്രവൃത്തികളെയും അവനിലേക്ക് ചേർത്തിപ്പറഞ്ഞത് പോലെത്തന്നെയാണ്. അതായത് ഈ പരിമളം സൃഷ്ടികളുടെ പരിമളത്തെപോലെയല്ല, അല്ലാഹുവിന്റെ തൃപ്തിയും കോപവും സന്തോഷവും വെറുപ്പും ഇഷ്ടവും ദേഷ്യവും ഒന്നും സൃഷ്ടികളുടേതിനു സമാനമല്ല എന്നതുപോലെയാണ് അതും. അല്ലാഹുവിന്റെ അസ്തിത്വം സൃഷ്ടികളുടെ അസ്തിത്വത്തിനോട് സമാനമായതല്ല; അവന്റെ വിശേഷണങ്ങളും അവന്റെ പ്രവർത്തങ്ങളും അപ്രകാരം തന്നെ സൃഷ്ടികളുടേതുപോലെയല്ല. അത്യുന്നതനും പരിശുദ്ധനുമായ അല്ലാഹു വിശിഷ്ടമായ വചനങ്ങളെ വിശിഷ്ടമായി കാണുന്നു. അവന്റെയടുക്കലേക്ക് അവ കയറിപ്പോകുന്നു. സൽകർമങ്ങളെ അവൻ ഉയർത്തുകയും ചെയ്യുന്നു. ഈ വിശിഷ്ടമായിക്കാണലും നമ്മുടേതുപോലെയല്ല.

ഈ തർക്കത്തിൽ അന്തിമമായി നമുക്ക് പറയാനുള്ളത് ഇതാണ്: നബിﷺ അറിയിച്ചത് പോലെ ആ പരിമളം പരലോകത്തുവെച്ചാണ് ഉണ്ടാകുന്നത്. കാരണം അതാണ് നന്മതിന്മകളുടെ കർമ പ്രതിഫലം പ്രകടമാമാകുന്ന സമയം. അപ്പോൾ ആ വാസന കസ്തൂരിയുടെ സുഗന്ധത്തെക്കാൾ പരിമളമുള്ളതായി അവിടെവെച്ച് പ്രകടമാവും. അല്ലാഹുവിന്റെ മാർഗത്തിൽ ശരീരത്തിൽ മുറിവേറ്റ വ്യക്തിയുടെ രക്തത്തിന്റെ മണം കസ്തൂരിയുടെ സുഗന്ധത്തെക്കാൾ പരിമളമുള്ളതായി പ്രത്യക്ഷപ്പെടുന്നതുപോലെ. അവിടെവെച്ചാണ് രഹസ്യങ്ങൾ വെളിവാക്കപ്പെടുന്നതും ചില മുഖങ്ങളിൽ അത് പ്രകടമായി പ്രത്യക്ഷപ്പെടുന്നതും. സത്യനിഷേധികളുടെ ദുർഗന്ധവും മുഖത്തിന്റെ കറുപ്പുമൊക്കെ പ്രകടമാകുന്നതുമൊക്കെ അന്നായിരിക്കും.

'ഭക്ഷണം ഒഴിവാക്കിയതുമൂലം,' 'വൈകുന്നേരമാവുമ്പോൾ' എന്നൊക്കെ ചില റിപ്പോർട്ടുകളിൽ വന്ന പരാമർശങ്ങൾ, അപ്പോഴാണ് ആ ആരാധനയുടെ അടയാളങ്ങൾ കൂടുതൽ പ്രകടമാവുന്നത് എന്നതിനാലാകും. അപ്പോൾ അതനുസരിച്ച് അതിന്റെ സുഗന്ധവും അല്ലാഹുവിന്റെ അടുക്കലും അവന്റെ മലക്കുകളുടെ അടുക്കലും കസ്തൂരിയെക്കാൾ അധികരിച്ച ഏറ്റവും പരിമളമുള്ളതായിരിക്കും; മനുഷ്യരുടെയടുക്കൽ ആ നേരത്തെ വാസന വെറുപ്പുള്ളതാണെങ്കിലും. മനുഷ്യരുടെയടുക്കൽ വെറുക്കപ്പെടുന്ന എത്രയെത്ര സംഗതികളാണ് അല്ലാഹുവിന്റെയടുക്കൽ ഏറെ പ്രിയങ്കരമായിട്ടുള്ളത്! നേരെ തിരിച്ചും. മനുഷ്യർക്ക് അതിനോട് വെറുപ്പ് തോന്നുന്നത് അവരുടെ പ്രകൃതത്തിനോട് അത് യോജിക്കാത്തതുകൊണ്ടാണ്. എന്നാൽ അല്ലാഹു അതിനെ വിശിഷ്ടമായി കാണുന്നതും അതിനെ ഇഷ്ടപ്പെടുന്നതും അത് അവന്റെ കൽപനയോടും തൃപ്തിയോടും ഇഷ്ടത്തോടും യോജിക്കുന്നു എന്നുള്ളതുകൊണ്ടാണ്. അപ്പോൾ അവന്റെയടുക്കൽ അതിന് നമ്മുടെയെടുക്കൽ കസ്തൂരിയുടെ സുഗന്ധത്തിനുള്ളതിനെക്കാൾ പരിമളവും വിശിഷ്ടതയും ഉണ്ടായിരിക്കും. ഉയിർത്തെഴുന്നേൽപിന്റെ നാളിൽ അത് മനുഷ്യർക്ക് സുഗന്ധമായിത്തന്നെ അനുഭവപ്പെടുകയും അത് പരസ്യമായി പ്രത്യക്ഷപ്പെടുകയും ചെയ്യും. ഇപ്രകാരമാണ് ഏത് നന്മതിന്മകളുടെയും കർമഫലങ്ങൾ. അവ ഏറ്റവും ബോധ്യപ്പെടുന്നതും പരസ്യമായി പ്രത്യക്ഷപ്പെടുന്നതും പരലോകത്തായിരിക്കും.

ചില കർമങ്ങൾ കൂടുതൽ ശക്തിപ്രാപിക്കുന്നതും അവയുടെ നന്മ അധികരിക്കുന്നതും ഇഹലോകത്ത് അതുണ്ടാക്കുന്ന ചില അനന്തരഫലങ്ങളെകൂടി

> **വിശുദ്ധരും പുണ്യംചെയ്യുന്നവരുമായ ആളുകളിൽനിന്ന് അവർ സുഗന്ധം പുരട്ടിയിട്ടില്ലെങ്കിൽകൂടി ചിലപ്പോൾ നല്ല പരിമളം വീശാറുണ്ട്. അയാളുടെ ആത്മാവിന്റെ സുഗന്ധം ശരീരത്തിലൂടെയും വസ്ത്രത്തിലൂടെയും പുറത്തേക്കുവരും. എന്നാൽ തോന്നിവാസിയുടെ സ്ഥിതി നേരെ തിരിച്ചുമാണ്. രോഗം ബാധിച്ച് മൂക്കൊലിക്കുന്നവന് ഈ രണ്ട് വാസനകളും അനുഭവപ്പെടുകയില്ല. പ്രത്യുത അയാളുടെ മൂക്കൊലിപ്പ് ഇതിനെ നിഷേധിക്കാനായിരിക്കും പ്രേരിപ്പിക്കുക. ഈ ചർച്ചയിൽ അവസാനമായി നമുക്ക് പറയുവാനുള്ളത് ഇത്രയുമാണ്. അല്ലാഹു തആലയാണ് ശരിയെ സംബന്ധിച്ച് ഏറ്റവും നന്നായി അറിയുന്നവൻ.**

ആശ്രയിച്ചിട്ടായിരിക്കും. അത് കണ്ണു കൊണ്ട് കാണാവുന്നതും ഉൾക്കാഴ്ച കൊണ്ട് ഗ്രഹിക്കാവുന്നതുമാണല്ലോ!

ഇബ്നു അബ്ബാസ്ؓ പറയുന്നു: 'നിശ്ചയം, നന്മ മുഖത്ത് തെളിച്ചമുണ്ടാക്കും. ഹൃദയത്തിൽ പ്രകാശവും ശരീരത്തിന് ശക്തിയും ഉപജീവനത്തിൽ വിശാലതയും സൃഷ്ടികളുടെ മനസ്സിൽ സ്നേഹവും പകരും. എന്നാൽ തിന്മകൾ തീർച്ചയായും മുഖത്തിന് കറുപ്പും ഹൃദയത്തിൽ ഇരുട്ടും ശരീരത്തിന് തളർച്ചയും ഉപജീവനത്തിൽ കുറവും സൃഷ്ടികളുടെ മനസ്സുകളിൽ വെറുപ്പും ഉണ്ടാക്കും.' (ഇതിനു സമാനമായി ഹസനുൽ ബസ്വരിയിൽനിന്ന് ഇബ്നു അബീശൈബ ഉദ്ധരിക്കുന്നുണ്ട്; അബൂനുഐം 'ഹിൽയ'യിലും. എന്നാൽ ഇബ്നു അബ്ബാസിؓൽനിന്ന് ഇങ്ങനെ ഒരു റിപ്പോർട്ട് കാണാൻ കഴിഞ്ഞിട്ടില്ല).

ഉസ്മാനുബ്നു അഫ്ഫാൻؓ പറയുന്നു: 'ഏതൊരു മനുഷ്യൻ കർമം ചെയ്യുമ്പോഴും അതിന്റേതായ ഒരു പുടവ അല്ലാഹു അയാളെ ധരിപ്പിക്കുന്നതായിരിക്കും. നന്മയാണെങ്കിൽ നന്മയുടെതും തിന്മയാണെങ്കിൽ തിന്മയുടെതും.' (ഇമാം അഹ്മദ് 'സുഹ്ദിൽ' ഉദ്ധരിച്ചത്. ഇബ്നുൽ മുബാറകും അബൂദാവൂദും 'സുഹ്ദി'ൽ ഉദ്ധരിച്ചു. ഇബ്നു അബീശൈബ, ബൈഹകി 'ശുഅബുൽ ഈമാനി'ലും).

ഇത് സുപരിചിതമായ സംഗതിയാണ്. ഉൾക്കാഴ്ചയുള്ള പണ്ഡിതന്മാർക്കും അല്ലാത്തവർക്കുമൊക്കെ അറിയാവുന്നതുമാണ്. വിശുദ്ധരും പുണ്യംചെയ്യുന്നവരുമായ ആളുകളിൽനിന്ന് അവർ സുഗന്ധം പുരട്ടിയിട്ടില്ലെങ്കിൽകൂടി ചിലപ്പോൾ നല്ല പരിമളം വീശാറുണ്ട്. അയാളുടെ ആത്മാവിന്റെ സുഗന്ധം ശരീരത്തിലൂടെയും വസ്ത്രത്തിലൂടെയും പുറത്തേക്കുവരും. എന്നാൽ തോന്നിവാസിയുടെ സ്ഥിതി നേരെ തിരിച്ചുമാണ്. രോഗം ബാധിച്ച് മൂക്കൊലിക്കുന്നവന് ഈ രണ്ട് വാസനകളും അനുഭവപ്പെടുകയില്ല. പ്രത്യുത അയാളുടെ മൂക്കൊലിപ്പ് ഇതിനെ നിഷേധിക്കാനായിരിക്കും പ്രേരിപ്പിക്കുക. ഈ ചർച്ചയിൽ അവസാനമായി നമുക്ക് പറയുവാനുള്ളത് ഇത്രയുമാണ്. അല്ലാഹു തആലയാണ് ശരിയെ സംബന്ധിച്ച് ഏറ്റവും നന്നായി അറിയുന്നവൻ.

നബിﷺപറഞ്ഞു: 'അവൻ നിങ്ങളോട് ദാനധർമത്തെ(സ്വദക്വ)കുറിച്ച് കൽപിച്ചിരിക്കുന്നു. നിശ്ചയം, അതിന്റെ ഉപമ ശത്രുവിന്റെ ബന്ധനത്തിലായ ഒരാളുടെത് പോലെയാണ്. ശത്രുക്കൾ അയാളുടെ കൈ പിരടിയിലേക്ക് ചേർത്തുകെട്ടി കഴുത്ത് വെട്ടുവാനായി കൊണ്ടുവന്നിരിക്കുകയാണ്. അപ്പോൾ അയാൾ പറഞ്ഞു: 'ഞാൻ എന്റെ എല്ലാം നിങ്ങൾക്ക് മോചനദ്രവ്യമായി നൽകാം. അങ്ങനെ അയാൾ അവരിൽനിന്നും മോചിതനായി.'

ഈ വാക്കുകളുടെയും വസ്തുത അറിയിക്കുന്ന തെളിവുകളും ന്യായങ്ങളുമായിട്ടുള്ള പല സംഭവങ്ങളും അനുഭവങ്ങളുമുണ്ട്. തീർച്ചയായും വിവിധതരം പരീക്ഷണങ്ങളെ തടുക്കുന്നതിൽ ദാനധർമങ്ങൾക്ക് അത്ഭുതാവഹമായ സ്വാധീനമുണ്ട്. ആ ദാനം ചെയ്തത് ആക്രമിയോ തെമ്മാടിയോ, അല്ല; സത്യനിഷേധി ആയിരുന്നാൽ പോലും. നിശ്ചയം അല്ലാഹു ആ ദാനം നിമിത്തമായി അയാളിൽനിന്ന് വിവിധ പ്രയാസങ്ങളെ തടുക്കുന്നതാണ്. ഈ കാര്യവും പണ്ഡിത, പാമര വ്യത്യാസമന്യെ മനുഷ്യർക്കിടയിൽ സുപരിചിതമാണ്. ഭൂവാസികളെല്ലാം തന്നെ ഇത് അഗീകരിക്കും. കാരണം അത് അവർ അനുഭവിച്ചറിഞ്ഞിട്ടുള്ളതാണ്.

ഇമാം തിർമിദി അനസ്ബ്നു മാലികിؓൽനിന്ന് ഉദ്ധരിക്കുന്നു: നബിﷺ പറഞ്ഞു: 'നിശ്ചയം! ദാന ധർമങ്ങൾ റബ്ബിന്റെ കോപത്തെ ഇല്ലാതാക്കുകയും മോശമായ മരണത്തെ തടുക്കുകയും ചെയ്യും' (തിർമിദി, ഇബ്നുഹിബ്ബാൻ, ഭഗവി മുതലായവർ ഇപ്രകാരം



റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തിർമിദി പറയുന്നു: 'ഈ രൂപത്തിലൂടെ ഹസനും ഗരീബും ആയിട്ടാണ് വന്നിട്ടുള്ളത്. ഇതിന്റെ പരമ്പരയിൽ അബുദുല്ലാഹിബ്നു ഈസാ അൽഗസ്സാസ് എന്ന വ്യക്തിയുണ്ട്. അദ്ദേഹം ദുർബലനാണ്. അദ്ദേഹത്തിലൂടെ മാത്രമായിട്ടാണ് ഈ റിപ്പോർട്ട് വന്നിട്ടുള്ളത്. ഇബ്നു അദിയ്യ് 'അൽ കാമിൽ' എന്ന ഗ്രന്ഥത്തിൽ ഇദ്ദേഹത്തിന്റെ വിവരണം പറയുന്നിടത്ത് ഈ ഹദീഥ് കൊടുക്കുകയും ചെയ്തിട്ടുണ്ട്. എന്നിരുന്നാലും ഈ ഹദീഥിന്റെ ആശയത്തെ പിന്തുണക്കുന്ന മറ്റു റിപ്പോർട്ടുകളും സ്ഥിരപ്പെട്ടു വന്നിട്ടുണ്ട്. ഉദാഹരണത്തിന് 'അത്തർഗീബ് വത്തർഹീബ്' 1/679 നോക്കുക).

ദാനധർമങ്ങൾ ലോകരക്ഷിതാവായ അല്ലാഹുവിന്റെ കോപത്തെ ഇല്ലാതാക്കും എന്നതുപോലെത്തന്നെ തെറ്റുകുറ്റങ്ങളെയും അത് ഇല്ലാതാക്കിക്കളയും; വെള്ളം തീയിനെ കെടുത്തിക്കളയുന്നത് പോലെ.

മുആദുബ്നു ജബൽ ﷺ പറയുന്നു: 'ഞാൻ നബിﷺയുടെ കൂടെ ഒരു യാത്രയിലായിരുന്നു. അങ്ങനെ ഒരുദിവസം രാവിലെ ഞങ്ങൾ യാത്ര തുടർന്നുകൊണ്ടിരിക്കുമ്പോൾ ഞാൻ നബിﷺയുടെ വളരെ അടുത്തുണ്ടായിരുന്നു. അപ്പോൾ അവിടുന്ന് പറഞ്ഞു: 'നന്മയുടെ കവാടങ്ങളെക്കുറിച്ച് ഞാൻ നിനക്ക് അറിയിച്ചുതരട്ടയോ? നോമ്പ് ഒരു പരിചയാണ്. ദാനധർമങ്ങൾ തെറ്റുകളെ കെടുത്തിക്കളയും; വെള്ളം തീയിനെ കെടുത്തിക്കളയുന്നത് പോലെ. അതുപോലെ രാത്രിയുടെ മധ്യത്തിലുള്ള നമസ്കാരവും.' എന്നിട്ട് അവിടുന്ന് ഈ ആയത്ത് ഓതി: 'ഭയത്തോടും പ്രത്യാശയോടും കൂടി തങ്ങളുടെ രക്ഷിതാവിനോട് പ്രാർഥിക്കുവാനായി, കിടന്നുറങ്ങുന്ന സ്ഥലങ്ങൾ വിട്ട് അവരുടെ പാർശ്വങ്ങൾ അകലുന്നതാണ്. അവർക്ക് നാം നൽകിയതിൽ നിന്ന് അവർ ചെലവഴിക്കുകയും ചെയ്യും' (32:16) (തിർമിദി, ഇബ്നുമാജ, അഹ്മദ്).

ചില അഥറുകളിൽ ഇങ്ങനെ വന്നിട്ടുണ്ട്: 'നിങ്ങൾ ദാനധർമങ്ങൾ മുൻകൂട്ടി ചെയ്യുക. നിശ്ചയം, പ്രയാസങ്ങൾ ദാനധർമങ്ങളെ മുൻകടക്കുകയില്ല.'

ശത്രുക്കൾ ബന്ധനസ്ഥനാക്കി കഴുത്തുവെട്ടുവാൻ കൊണ്ടുവരപ്പെട്ട ഒരു വ്യക്തി തന്റെ ധനം മോചനദ്രവ്യമായി നൽകി രക്ഷപ്പെട്ട ഒരു ഉപമ നബിﷺ വിവരിച്ചതിൽനിന്നും മറ്റൊരു വിശദീകരണത്തിനും ആവശ്യമില്ലാത്തവിധം കാര്യം വളരെ വ്യക്തമാണ്.

'നിശ്ചയം, ദാനധർമങ്ങൾ അല്ലാഹുവിന്റെ ശിക്ഷയിൽനിന്ന് മോചിപ്പിക്കുവാൻ പര്യാപ്തമാണ്. അയാളുടെ തെറ്റുകുറ്റങ്ങൾ അയാളെ നശിപ്പിക്കാൻ പോന്നതാണെങ്കിലും. അയാളുടെ ദാനധർമങ്ങൾ ശിക്ഷയിൽനിന്നുള്ള പ്രായശ്ചിത്തമായി വരികയും

> **തീർച്ചയായും വിവിധതരം പരീക്ഷണങ്ങളെ തടുക്കുന്നതിൽ ദാനധർമങ്ങൾക്ക് അത്ഭുതാവഹമായ സ്വാധീനമുണ്ട്. ആ ദാനം ചെയ്തത് ആക്രമിയോ തെമ്മാടിയോ, അല്ല; സത്യനിഷേധി ആയിരുന്നാൽ പോലും. നിശ്ചയം അല്ലാഹു ആ ദാനം നിമിത്തമായി അയാളിൽനിന്ന് വിവിധ പ്രയാസങ്ങളെ തടുക്കുന്നതാണ്. ഈ കാര്യവും പണ്ഡിത, പാമര വ്യത്യാസമന്യെ മനുഷ്യർക്കിടയിൽ സുപരിചിതമാണ്. ഭൂവാസികളെല്ലാം തന്നെ ഇത് അഗീകരിക്കും. കാരണം അത് അവർ അനുഭവിച്ചറിഞ്ഞിട്ടുള്ളതാണ്.**

അതിൽനിന്ന് അയാളെ മോചിപ്പിക്കുകയും ചെയ്യുന്നതാണ്.'

അതിനാലാണ് സ്വഹീഹായ ഹദീഥിൽ വന്നതുപോലെ നബിﷺ പെരുന്നാൾ ദിവസം സ്ത്രീകളോട് പ്രഭാഷണം നടത്തിക്കൊണ്ടിരിക്കെ ഇപ്രകാരം പറഞ്ഞത്: 'സ്ത്രീ സമൂഹമേ, നിങ്ങൾ നിങ്ങളുടെ ആഭരണങ്ങളിൽനിന്നാണെങ്കിലും ദാനം ചെയ്യുക. കാരണം നരകക്കാരിൽ കൂടുതലും ഞാൻ നിങ്ങളെയാണ് കണ്ടത്' (ബുഖാരി, മുസ്‌ലിം). ('നിങ്ങളുടെ ആഭരണങ്ങളിൽ നിന്നെങ്കിലും' എന്ന ഭാഗം മറ്റു റിപ്പോർട്ടുകളിൽ വന്നതാണ്). അതായത് നബിﷺ സ്ത്രീകൾക്ക് നരകശിക്ഷയിൽനിന്ന് സ്വയം രക്ഷപ്പെടുവാനുള്ള മാർഗം പറഞ്ഞുകൊടുക്കുകയും പ്രേരിപ്പിക്കുകയുമാണ് ഇതിലൂടെ ചെയ്തത്.

അദിയ്യിബ്നു ഹാതിമിﷺൽനിന്ന് ഇമാം ബുഖാരിയും ഇമാം മുസ്‌ലിമും ഇപ്രകാരം ഉദ്ധരിക്കുന്നു: "അല്ലാഹുവിന്റെ ദൂതൻﷺ പറഞ്ഞു: 'നിങ്ങളിൽ ഓരോരുത്തരോടും ഒരു ദ്വിഭാഷിയില്ലാതെ തന്നെ തന്റെ രക്ഷിതാവ് നേരിട്ട് സംസാരിക്കുന്നതാണ്. അപ്പോൾ അയാൾ തന്റെ വലതുഭാഗത്തേക്ക് നോക്കും. അവിടെ താൻ മുൻകൂട്ടി ചെയ്തുവെച്ചതല്ലാതെ അയാൾക്ക് കാണാനാവില്ല.

ഇടതുഭാഗത്തേക്ക് നോക്കുമ്പോഴും തന്റെ കർമങ്ങളല്ലാതെ അയാൾക്ക് കാണാൻ കഴിയില്ല. തന്റെ മുന്നിലേക്ക് നോക്കുമ്പോൾ നരകത്തെയായിരിക്കും നേർമുന്നിൽ കാണുക! അതിനാൽ ഒരു കാരക്കയുടെ ചീന്തുകൊണ്ടെങ്കിലും നിങ്ങൾ നരകത്തെ തടുത്തുകൊള്ളുക" (ബുഖാരി, മുസ്‌ലിം).

അബൂദർറ്ؓ പറയുന്നു: 'ഞാൻ ഒരിക്കൽ നബിﷺയോട് ചോദിച്ചു: 'ഒരാളെ നരകത്തിൽനിന്ന് രക്ഷപ്പെടുത്തുന്നത് എന്താണ്?' നബിﷺ പറഞ്ഞു: 'അല്ലാഹുവിലുള്ള വിശ്വാസം.' ഞാൻ ചോദിച്ചു: 'അല്ലാഹുവിന്റെ പ്രവാചകരേ, ഈമാനിന്റെ കൂടെയുള്ള വല്ല കർമങ്ങളും?' അവിടുന്ന് പറഞ്ഞു: 'അല്ലാഹു നിനക്ക് നൽകിയതിൽനിന്ന് ചെറുതാണെങ്കിലും നീ ചെലവഴിക്കുന്നത്.' ഞാൻ ചോദിച്ചു: 'പ്രവാചകരേ, ചെലവഴിക്കാനൊന്നുമില്ലാത്ത ദരിദ്രനാണ് അയാളെങ്കിലോ?' നബിﷺ പറഞ്ഞു: 'നന്മ കൽപിക്കുകയും തിന്മ വിരോധിക്കുകയും ചെയ്യണം.' ഞാൻ ചോദിച്ചു: 'നന്മ കൽപിക്കുവാനും തിന്മ വിരോധിക്കുവാനും സംസാരിക്കുവാനും അയാൾക്ക് സാധിക്കുന്നില്ലെങ്കിലോ?' അവിടുന്ന് പറഞ്ഞു: 'ജോലി ചെയ്യാൻ കഴിയാതെ പ്രയാസപ്പെടുന്നവനെ സഹായിക്കട്ടെ.' ഞാൻ ചോദിച്ചു: 'പ്രവാചകരേ, ഒന്നും ശരിയാവണ്ണം ചെയ്യാൻ കഴിയാത്തയാളാണെങ്കിലോ?' നബിﷺ പറഞ്ഞു: 'മർദിതനെ സഹായിക്കട്ടെ.' ഞാൻ ചോദിച്ചു: 'പ്രവാചകരേ, ഒരു മർദിതനെ സഹായിക്കാൻ ശേഷിയില്ലാത്തയാളാണെങ്കിലോ?' അവിടുന്ന് പറഞ്ഞു: 'നിന്റെ സ്നേഹിതനിൽ ഏതൊരു നന്മയാണ് ശേഷിക്കുന്നതായി നീ കാണുന്നത്? ജനങ്ങളിൽനിന്ന് തന്റെ ഉപദ്രവത്തെ അയാൾ തടഞ്ഞുവെക്കട്ടെ.' ഞാൻ ചോദിച്ചു: 'ഇത് അയാൾ ചെയ്താൽ സ്വർഗത്തിൽ പ്രവേശിക്കുമോ?' നബിﷺ പറഞ്ഞു: 'ഏതൊരു സത്യവിശ്വാസിയും ഇതിൽ ഏതെങ്കിലും കാര്യങ്ങൾ ചെയ്താൽ അത് അയാളുടെ കൈപിടിച്ച് സ്വർഗത്തിലേക്ക് കടത്തുന്നതായിരിക്കും' (ബൈഹക്വി 'ശുഅബുൽ ഈമാൻ' എന്ന ഗ്രന്ഥത്തിൽ ഉദ്ധരിച്ചതാണിത്, ത്വബ്റാനി, ഇബ്നുഹിബ്ബാൻ, ഹാകിം മുതലായവർ റിപ്പോർട്ട് ചെയ്തത്).



ഉമറുബ്നുൽഖത്വാബ്ؓ പറഞ്ഞു: 'എന്നോട് പറയപ്പെട്ടു; നിശ്ചയം, കർമങ്ങൾ പരസ്പരം അഭിമാനം പറയുമെന്ന്. അപ്പോൾ സ്വദക്വ പറയുമത്രെ; ഞാനാണ് നിങ്ങളിൽ ഏറ്റവും ശ്രേഷ്ഠതയുള്ളത് എന്ന്' (ബൈഹക്വി ശുഅബുൽ ഈമാനിലും, ഇബ്നു ഖുസൈമ, ഹാകിം മുതലായവരും ഉദ്ധരിച്ചത്).

അബൂഹുറയ്റؓ പറയുന്നു: "പിശുക്കന്റെയും ദാനം ചെയ്യുന്നവന്റെയും ഉപമ വിശദീകരിച്ചുകൊണ്ട് നബിﷺ പറഞ്ഞു: 'ഇരുമ്പിനാലുള്ള രണ്ട് ജുബ്ബകൾ അഥവാ പടയങ്കി ധരിച്ച രണ്ട് ആളുകൾ; അവരുടെ കൈകൾ നെഞ്ചിലേക്കും തൊണ്ടയിലേക്കും ഞെരുങ്ങിയിരിക്കുന്നു. എന്നാൽ ദാനം ചെയ്യുന്ന വ്യക്തി ഓരോ തവണ ദാനം ചെയ്യുമ്പോഴും അത് അയാൾക്ക് അയഞ്ഞ് അയഞ്ഞ് വിശാലമായിക്കൊണ്ടിരിക്കുന്നു. അങ്ങനെയത് അയാൾക്ക് പൂർണമായ കവചവും സുരക്ഷയുമായി മാറി. എന്നാൽ പിശുക്കനാകട്ടെ, തന്റെ കൈകൾ കഴുത്തിലേക്ക് ചേർത്ത് ബന്ധിക്കപ്പെട്ടതിനാൽ പടച്ചട്ട ശരിയായ രൂപത്തിൽ ധരിക്കാനാവാതെ അസ്വസ്ഥനാകുന്നു. അത് അയാൾക്ക് കവചമോ സുരക്ഷയോ ആകുന്നില്ല, മറിച്ച് ഭാരമാവുകയും ചെയ്യുന്നു.' അബൂഹുറയ്റؓ പറഞ്ഞു: നബിﷺ അത് എങ്ങനെയെന്ന് ചെയ്ത് കാണിക്കുന്നത് ഞാൻ കണ്ടു" (ബുഖാരി, മുസ്‌ലിം).

സലാം സുറുമ എടത്തനാട്ടുകര
salamsuruma@gmail.com

ഓർമക്കുറിപ്പ്

# അങ്ങനെയും ഒരു കാലം

സമീപത്ത് കളിക്കുന്ന കുട്ടികൾ മുഴുവൻ ഒന്നിച്ച് ആവശ്യപ്പെട്ടിട്ടും ആനക്ക് കേട്ടഭാവമില്ല. മുറംപോലത്തെ ചെവിയും ആട്ടി അത് ഒന്നുമറിയാത്തതു പോലെ നിൽക്കുന്നു. ഞങ്ങൾ സമീപത്തെല്ലാം പന്ത് വീണ്ടും തിരഞ്ഞു.

കുട്ടിക്കാലത്തെ ഒരു വേനലവധിക്കാലത്ത് ബന്ധുവിന്റെ വീട്ടിൽ വിരുന്നുപോയപ്പോൾ ഉണ്ടായതാണീ അനുഭവവം. 'ഫുട്ബോൾ' ഇന്നത്തെപ്പോലെ അന്ന് അത്ര സുലഭമല്ല. കൂട്ടുകാർ പിരിവിട്ട് എടുക്കുന്ന തുകകൊണ്ട് വാങ്ങുന്ന റബ്ബർപന്തോ തുണിയും മറ്റും കൊണ്ട് കെട്ടിയുണ്ടാക്കുന്ന പന്തോ ആണ് കളിക്കാൻ ഉപയോഗിക്കുക. വീടിനു സമീപത്തെ ഒരു സ്വകാര്യവ്യക്തിയുടെ ഒഴിഞ്ഞ പറമ്പാണ് ഗ്രൗണ്ട്. ഗോൾ പോസ്റ്റിനു പകരം രണ്ട് കല്ലുകൾ സാങ്കൽപിക പോസ്റ്റായിരിക്കും. കളിയുടെ വീറിനും വാശിക്കും ഒരു കുറവും ഉണ്ടാകില്ല. പലപ്പോഴും കളി കയ്യാങ്കളിയിലും മറ്റും എത്തുമെങ്കിലും കളി അവസാനിക്കുന്നതോടുകൂടി എല്ലാവരും അത് മറക്കും. സമീപത്തെ പുഴയിൽ പോയി ഒന്നിച്ച് ആർമാദിച്ച് കുളിക്കുന്നതോടെ വാശിയും ദേഷ്യവുമൊക്കെ അലിഞ്ഞ് ഇല്ലാതാകും.

ഞങ്ങൾ കളിക്കുന്ന പറമ്പിന് സമീപത്തുള്ള ഒരു വലിയ മരത്തിൽ ഒരു ആനയെ തളച്ചിടാറുണ്ടായിരുന്നു. കളിക്കിടയിൽ പന്തെങ്ങാനും അതിന്റെ അടുത്തേക്ക് വീണാലും ധൈര്യമായി പോയി എടുക്കാം. ആരെയും ഉപദ്രവിക്കുന്ന ശീലം അതിന് ഇല്ലായിരുന്നു. ഒരിക്കൽ അരോ നീട്ടിയടിച്ച റബ്ബർപന്ത് ആനയുടെ സമീപത്താണ് വീണത്. പന്തെടുക്കാൻ ചെന്ന ആൾ കുറെ തിരഞ്ഞിട്ടും കിട്ടിയില്ല. സമീപത്തെ കുറ്റിക്കാട്ടിൽ എല്ലാവരും കൂടി തിരഞ്ഞുവെങ്കിലും ഫലം നാസ്തി!

പന്തെങ്ങാനും ആന എടുത്തിട്ടുണ്ടാകുമോ എന്ന് ഒരാൾ സംശയം പ്രകടിപ്പിച്ചു. ഒറ്റക്കും കൂട്ടമായും ആനയോട് പന്ത് ചോദിച്ചു. ആനക്ക് യാതൊരു കൂസലുമില്ല. പുതുതായി വാങ്ങിയ റബ്ബർ പന്തായതിനാൽ കിട്ടിയേതീരൂ എന്ന വാശിയോടെ എല്ലാവരും തിരച്ചിൽ തുടർന്നു. അര മണിക്കൂറോളം പരതിയിട്ടും പന്ത് കിട്ടിയില്ല. എല്ലാവരും നിരാശരായി ഇരിക്കുമ്പോൾ, ആന വായിൽനിന്നും പന്ത് പതുക്കെ പുറത്തേക്കെടുത്ത് ഞങ്ങൾക്ക് നേരെ എറിഞ്ഞ് തന്നു. ആ നിമിഷത്തിൽ ഉണ്ടായ സന്തോഷം ഇന്നും ഓർമയിലുണ്ട്. ഇപ്പോൾ ആ സ്ഥലത്ത് പുതിയ കുറെ വീടുകൾ വന്നു. എങ്കിലും ആ പ്രദേശത്തു കൂടി പോകുമ്പോൾ പഴയകാല ഓർമകൾ മനസ്സിൽ പെയ്തിറങ്ങും.

പണ്ടത്തെ കളികൾ കാലാവസ്ഥക്ക് അനുയോജ്യമായവയായിരുന്നു. വേനൽക്കാലം പന്തുകളിയുടെയും പമ്പരം കറക്കലിന്റെയും കബഡിയുടെയും ആണെങ്കിൽ കോട്ടി (ഗോലി) കളിയും കുട്ടിയും കോലും കളിയും മഴക്കാലത്തെ വിനോദങ്ങളായിരുന്നു. ഒളിച്ചുകളിയെന്ന സാറ്റ്കളിയും തൂണുമാറികളിയുമൊക്കെ എക്കാലത്തും കുട്ടികൾക്ക് ഹരമായിരുന്നു. മഴ പുറത്ത് ആർത്ത് പെയ്യുമ്പോൾ വീടിന്റെ അകത്തിരുന്ന് കള്ളനും പോലീസും, പാമ്പും കോണിയും, ഈർക്കിൽകൊണ്ടോ കോൽ ഐസിന്റെ കമ്പ്കൊണ്ടോ ഉള്ള നൂറാങ്കോൽ തുടങ്ങിയ കളികളിൽ ഏതിലെങ്കിലും മുഴുകിയിരുന്നത് ഇന്നലെ കഴിഞ്ഞതു പോലെ ഓർമയിൽ തങ്ങിനിൽക്കുന്നുണ്ട്. കോവിഡ് 19ന്റെ വീട്ടിലിരിപ്പു കാലത്ത് മൊബൈൽ ഫോണിലും കമ്പ്യൂട്ടറിലും ടാബിലും കളിയുടെ വെർച്വൽ രൂപം തീർക്കുന്ന പുതുതലമുറക്ക് ഇവയിൽ പലതും കേട്ടുകേൾവി മാത്രമായിരിക്കുമെന്നത് ഉറപ്പ്.

സ്കൂൾ വിട്ടുവന്ന ശേഷം കളിക്കാൻ പോയാൽ മഗ്‌രിബ് നമസ്കാരത്തിന് വീട്ടിൽ തിരിച്ചെത്തും. നമസ്കാരശേഷം ക്വുർആൻ പാരായണവും മദ്റസയിലെ ഹോംവർക്കുമെല്ലാം കഴിഞ്ഞശേഷമേ സ്കൂളിലെ പാഠങ്ങൾ പഠിക്കാനൊരുങ്ങൂ. വീട്ടിലെ മുതിർന്നവരും ഈ സമയം അൽപമെങ്കിലും ക്വുർആൻ ഓതുമായിരുന്നു. ഈ രീതിക്കും വലിയ മാറ്റംവന്നിരിക്കുന്നു. മഗ്‌രിബിനുശേഷം ക്വുർആൻ പാരായണം ചെയ്യുന്ന ശീലം ഇല്ലെന്നുതന്നെ പറയാം. തിരിച്ചുപിടിക്കണം ഈ ശീലങ്ങളെ.

വിനോദ് ചെത്തല്ലൂർ
mail@nerpatham.com

കവിത



# ഉണങ്ങിക്കിളിർത്തത്

പാരിലാകവേ ഭീതി പടർത്തുന്ന
മാരകാണുവെന്നുള്ളിൽ നിറയുന്നു
ചാരെ ഭീതിതമായ് മൃത്യുവിൻ ഗന്ധം
ചേരുമീയാതുരാലയക്കാഴ്ചകൾ!
പേടി,യുള്ളം കരണ്ടു തിന്നീടവെ
മൂടി നേത്രങ്ങൾ, ചിന്തയിലാണ്ടുപോയ്!
ഓർത്തുപോകുന്നു മധ്യവയസ്സിതിൽ
ആർത്തുപാടിയോരുല്ലാസ നാളുകൾ.
ചേർത്തുവച്ചുള്ള സ്വത്തും കുടുംബവും
കാത്തുസൂക്ഷിച്ച പേരും പദവിയും
ഇന്നിതാ ദൈന്യം രോഗക്കിടക്കയിൽ
ഒന്നു ശ്വാസമെടുക്കാൻ പിടയ്ക്കുന്നു.
വന്നു ജീവനെ മുങ്ങാതെ കാക്കുന്നു
എന്നും നിന്ദ്യരായ്ക്കണ്ട മാലാഖമാർ!
എന്തഹങ്കാരി, മർത്ത്യനവനിന്നു
സ്വന്തമാക്കിയീ ഭൂതലമൊന്നാകെ,
മുന്തിനിന്നവൻ കാൽക്കീഴിലാക്കിയോ-
രന്തമില്ലാത്ത ജീവജാലങ്ങളെ,
ഇത്ര സൂക്ഷ്മമാമണുവിനെപ്പേടിച്ചു
എത്ര ഭീരുവായ് കേഴുന്നു മാനവൻ!
സത്യസാക്ഷ്യമായ് കൺതുറപ്പിക്കുവാൻ
കൃത്യമായ് നാഥനെത്തി നിശ്ചയം!
വേണ്ട, ഇനിയൊരൊറ്റയാഡംബരം
വേണ്ട വാഹനം, മാളിക, തോട്ടങ്ങൾ
വേണ്ട മൃഷ്ടാന്നം, പട്ടുവസ്ത്രങ്ങൾ
വേണ്ടതമൂല്യമാമെന്റെ ജീവിതം!
ഒത്തു കിട്ടിയാൽ ജീവനിനിയൊരു
പുത്തനാം സ്നേഹ സൗവർണമേകണം
മർത്ത്യനെന്നൊരാ പേരിനു ചേരുന്ന
നിത്യ നന്മയാൽ പൂവിട്ടു നിൽക്കണം!

WISDOM alive
COUNSELLING DESK



## ക്വാറന്റൈനിലാണോ?

## രോഗ ഭീതി മനസ്സിനെ അസ്വസ്ഥമാക്കുന്നുണ്ടോ?

# പരിഹാരമുണ്ട്

## Wisdom Alive ലേക്ക് വിളിക്കാം

## വിവിധ ജില്ലകളിൽ ബന്ധപ്പെടേണ്ട നമ്പറുകൾ

**കാസറഗോഡ്**
+919526749667
+918075011566

**കണ്ണൂർ**
+919645099797
+9194474 11307

**വയനാട്**
+919446990991
+919961215816

**കോഴിക്കോട് നോർത്ത്**
+919895626691
+919567858078

**കോഴിക്കോട് സൗത്ത്**
+918547853036
+919895356111

**പാലക്കാട്**
+919656118833
+919847939173

**മലപ്പുറം ഈസ്റ്റ്**
(നിലമ്പൂർ റീജ്യൺ)
+919447749005
+919995662305

**മലപ്പുറം വെസ്റ്റ്**
(തിരൂർ റീജ്യൺ)
+919037159419
+917012095123

**മലപ്പുറം നോർത്ത്**
(മലപ്പുറം റീജ്യൺ)
+919495889689
+919946199288

**തൃശൂർ**
+919446222282
+917510580834

**എറണാകുളം**
+918921655063
+918289880889

**ഇടുക്കി**
+919946545193
+919037640858

**ആലപ്പുഴ**
+919995310518
+918943464478

**കൊല്ലം**
+919895786601
+919947802460

**തിരുവനന്തപുരം**
+919526524467

WISDOM ALIVE COUNCELLING DESK

RNI NO: KERMAL 2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
2021 JUNE 12

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-


# അറിവ് തേടി
# അലയേണ്ടതില്ല...
# അറിയേണ്ടതെല്ലാം
# വിരൽ തുമ്പിലുണ്ട്...
# പീസ് റേഡിയോ.....




GET IT ON Google Play
Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
+91 9746 95 0006 (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App